# മതദർശനം

(പാലാ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും
പ്രസിദ്ധീകരിക്കുന്നത്.)

**2019 നവംബർ - 2020 ജനുവരി വാല്യം 51 ലക്കം 3**

# താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ ........................................................................ 3

എക്യുമെനിസം - ചില അടിസ്ഥാന ചിന്തകൾ

ഡോ. അലക്സ് പണ്ടാരക്കാപ്പിൽ ................................................. 5

ദൈവാരാധന (ലിറ്റർജി)യെക്കുറിച്ച്

മാർ ജോസഫ് കല്ലറങ്ങാട്ട് ............................................................ 27

പരിശുദ്ധ കുർബാന: മിശിഹായുടെ

പെസഹാരഹസ്യങ്ങളുടെ ആഘോഷം

ഡോ. ജോസഫ് കുറ്റിയാങ്കൽ ......................................................... 59

രൂപതാ രചനാ മത്സരം 2019-2020 റിസൾട്ട് ................................ 70

രൂപതാ കലാമത്സരം 2019-2020 റിസൾട്ട് .................................. 73

# എഡിറ്റോറിയൽ

കത്തോലിക്കാസഭ എക്കാലവും വലിയ പ്രാധാന്യം കൊടുക്കുന്ന ദൈവികമൂല്യമാണ് വിവിധ ക്രൈസ്തവ സഭകളെ കൂട്ടിയിണക്കുന്ന ഐക്യം എന്ന പുണ്യം. ഒരേ മിശിഹായെ ഏറ്റുപറയുകയും ഒരേ മാമ്മോദീസ സ്വീകരിക്കുകയും ചെയ്യുന്ന വിവിധ കൈസ്തവ സഭകൾക്കിടയിൽ വേർതിരിക്കുന്ന ഘടകങ്ങളെക്കാൾ കൂടുതൽ യോജിപ്പിക്കുന്ന കാര്യങ്ങളാണുള്ളത്. ഈ വസ്തുത ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ള കത്തോലിക്കാസഭ, വിഘടിച്ച് നിൽക്കുന്ന വിവിധ ക്രൈസ്തവസഭകൾ തമ്മിൽ നഷ്ടപ്പെട്ടുപോയ ഐക്യത്തെ കഴിയുന്നത്ര വീണ്ടെടുക്കാനും ദൃശ്യമാക്കാനും പങ്കുവഹിക്കുന്ന എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ എന്നും മുന്നോട്ട് വന്നിട്ടുണ്ട്. ഈ ലക്കം മതദർശനത്തിന്റെ ആദ്യലേഖനം കത്തോലിക്കാസഭയുടെ സഭൈക്യവീക്ഷണത്തെയും ആധുനിക എക്യുമെനിക്കൽ സംരംഭങ്ങളെയും പഠനവിഷയമാക്കുന്നു.

ദൈവാരാധനയിൽ സഭയുടെ വിശ്വാസം വെളിവാക്കപ്പെടുന്നു. സഭയുടെ വിശ്വാസം ആഘോഷിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യുന്ന ഏറ്റവും ഉന്നതമായ വേദിയും ദൈവാരാധനയാണ്. ഈ ദൈവാരാധനയുടെ ആഘോഷവുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ച് നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ. ജോസഫ് കല്ലറങ്ങാട്ട് പിതാവ് 2019 ജൂലൈ മാസം പ്രസിദ്ധീകരിച്ച രുപതാബുള്ളറ്റിനായ 'സാന്ത്വനപ്രകാശ'ത്തിലൂടെ ഒരു പ്രബോധനം നൽകുകയുണ്ടായി. വിശ്വാസപരിശീലകർ എല്ലാവരും ഈ പ്രബോധനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നല്ല അറിവും ബോധ്യവുമുള്ള

വരായിരിക്കേണ്ടതുണ്ട്. അതിനാൽ പിതാവിന്റെ പ്രബോധനം രണ്ടാമത്തെ ലേഖനമായി ഇവിടെ നൽകിയിരിക്കുകയാണ്. സഭയുടെ ദൈവാരാധനയുടെയും സഭാജീവിതത്തിന്റെയും കേന്ദ്രമായ പരിശുദ്ധ കുർബാന മിശിഹായുടെ പെസഹാരഹസ്യങ്ങളുടെ അനുസ്മരണവും ആചരണവും അനുഷ്ഠാനവും ആഘോഷവുമാണ്. ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവുമാണ് കുർബാനയാഘോഷത്തിന്റെ മർമ്മമായ മിശിഹാരഹസ്യങ്ങൾ. ഈശോയിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതി ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ഈ യാഥാർത്ഥ്യത്തെ വിശകലനം ചെയ്യുന്നതാണ് മൂന്നാമതായി ഈ ലക്കം മതദർശനത്തിൽ നൽകിയിരിക്കുന്ന ലേഖനം.

ഈ മൂന്ന് ലേഖനങ്ങളോടൊപ്പം 2019-2020 വർഷത്തെ രൂപതാ തല രചനാ-കലാ മത്സരങ്ങളിലെ വിജയികളുടെ പേരുവിവരവും നൽകിയിരിക്കുന്നു.

ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ
ഡയറക്ടർ
വിശ്വാസപരിശീലനകേന്ദ്രം

# എക്യുമെനിസം - ചില അടിസ്ഥാന ചിന്തകൾ

**ഡോ. അലക്സ് പണ്ടാരക്കാപ്പിൽ**

## ആമുഖം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരംഭകനായ വി. ജോൺ 23 ാം പാപ്പാ അകത്തോലിക്കാ സഭാംഗങ്ങളോട് ഇപ്രകാരം പറയാറുണ്ടായിരുന്നു: "നമ്മെ തമ്മിൽ വേർതിരിക്കുന്ന ഘടകങ്ങളെക്കാൾ എത്രയോ അധികമാണ് നമ്മെ യോജിപ്പിക്കുന്ന കാര്യങ്ങൾ". തന്റെ മഹാനായ മുൻഗാമിയുടെ ഈ വാക്കുകൾ വി. ജോൺ പോൾ രണ്ടാമൻ പാപ്പ Ut Unum Sint(അവർ ഒന്നാകുന്നതിനുവേണ്ടി) എന്ന ചാക്രികലേഖനത്തിൽ വലിയ പ്രാധാന്യത്തോടെ ഉദ്ധരിക്കുന്നുമുണ്ട്[1]. എല്ലാ ക്രൈസ്തവസഭകളെയും കൂട്ടിയിണക്കുന്ന "ഐക്യം" എന്ന ദൈവികമൂല്യത്തെ സഭ എത്രമാത്രം വിലമതിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നുവെന്നതിന്റെ തെളിവാണല്ലോയിത്. ക്രൈസ്തവസഭകൾ തമ്മിൽ നിലനിൽക്കുന്നത് ആശയപരമോ ദൈവശാസ്ത്രപരമോ ആയ ഐകരൂപ്യമല്ല മറിച്ച്, ഒരു ആത്മീയ ഐക്യമാണ്. ഈ സഭകളിൽ ദൈവജനം ഒരേ മിശിഹായെ ഏറ്റുപറയുന്നുവെന്നതും ഒരേ മാമ്മോദീസ സ്വീകരിക്കുന്നുവെന്നതുമാണ് അവയെ ബന്ധിപ്പിക്കുന്ന ഘടകങ്ങൾ. സഭകൾ തമ്മിലുള്ള ഈ ആത്മീയ ഒരുമയെ മറയ്ക്കുവാനോ അതിന്റെ ശോഭ കെടുത്തുവാനോ ഒരു പക്ഷേ മാനുഷിക ദൗർബല്യങ്ങൾക്കും തിന്മകൾക്കും കഴിഞ്ഞേക്കാം. എങ്കിലും അതിനെ പൂർണ്ണമായി

ഇല്ലാതാക്കുവാൻ ആർക്കും സാധ്യമല്ല. പലപ്പോഴും മറഞ്ഞിരിക്കുന്ന ഈ ഐക്യത്തെ ദൃശ്യമാക്കുകയും ഉജ്ജ്വലിപ്പിക്കുകയുമാണ് എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. ആധുനിക എക്യുമെനിക്കൽ സംരംഭങ്ങളുടെയും കത്തോലിക്കാസഭയുടെ സഭൈക്യവീക്ഷണത്തെയുമാണ് നാമിവിടെ പഠനവിഷയമാക്കുന്നത്. "എക്യുമെനിക്കൽ" എന്ന വാക്കിനെക്കുറിച്ചുതന്നെ ചുരുക്കത്തിൽ പ്രതിപാദിച്ചുകൊണ്ട് നമുക്കാരംഭിക്കാം.

## "എക്യുമെനിക്കൽ", "എക്യുമെനിസം"

"എക്യുമെനിസം" , "എക്യുമെനിക്കൽ" എന്ന വാക്കുകൾ *Oikoumene* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണുത്ഭവിച്ചിട്ടുള്ളത്. പഴയനിയമത്തിന്റെ ഗ്രീക്ക് തർജ്ജമയിൽ *Oikoumene* ലോകം, ഭൂമി, കര എന്നിവയെല്ലാം സൂചിപ്പിക്കാനാണുപയോഗിച്ചിട്ടുള്ളത്. പ്രസ്തുത വാക്കിന്റെ ഉത്ഭവമാകട്ടെ "*OIKOS*" എന്ന വാക്കിൽ നിന്നുമാണ്. വീട്, ഭവനം, വാസസ്ഥലം, കുലം എന്നിവയെല്ലാം *Oikos* കൊണ്ട് വിവക്ഷിച്ചിരുന്നു. പുതിയ നിയമകാലഘട്ടത്തിലെ ഗ്രീക്ക് ഭാഷയിൽ 'ദൈവത്തിന്റെ ഭവനം' എന്ന ആലങ്കാരിക അർത്ഥത്തിൽ സഭയെ സൂചിപ്പിക്കുവാനായി *OIKOS* എന്ന പദം ഉപയോഗത്തിലുണ്ടായിരുന്നു. കാലക്രമേണ 'എക്യുമെനിക്കൽ' എന്ന വിശേഷണം സാർവ്വത്രിക സഭയെ സൂചിപ്പിക്കുന്ന ഒന്നായിത്തീർന്നു. ഉദാ. AD 381 ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സൂനഹദോസ് AD 325 ൽ നടന്ന നിഖ്യാസൂനഹദോസിനെ എക്യുമെനിക്കൽ സൂനഹദോസ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവിടെ എക്യുമെനിക്കൽ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് സഭമുഴുവനെയും ബാധിക്കുന്നത് അഥവാ സാർവ്വത്രികമായി സാധുതയുള്ളത് എന്നാണല്ലോ. സഭയെ സാർവ്വത്രികമായി സംബന്ധിക്കുന്ന കാര്യങ്ങളാണല്ലോ ആദിമ സൂനഹദോസ്സുകളിൽ ചർച്ച ചെയ്യപ്പെട്ടിരുന്നത്. സഭയെ പൂർണ്ണമായി ബാധിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് 'എക്യുമെനിക്കൽ' എന്നതുകൊണ്ട് ആദിമ നൂറ്റാണ്ടുകളിൽ അർത്ഥമാക്കിയിരുന്നത്. വളരെ പിന്നീട്, 20 ാം നൂറ്റാണ്ടിന്റെ ആരംഭകാലത്തിൽ മാത്രമാണ് 'എക്യുമെനിക്കൽ' എന്ന വാക്ക് സഭൈക്യപ്രസ്ഥാനങ്ങളെ സൂചിപ്പിക്കുന്നതായിത്തീർന്നത്.

തങ്ങളുടെ നഷ്ടപ്പെട്ട ഐക്യത്തെ കഴിയുന്നത്ര വീണ്ടെടുക്കാനും ദൃശ്യമാക്കുവാനും വിവിധ ക്രൈസ്തവസഭകൾ ഒരുമിച്ചു നടത്തുന്ന പരിശ്രമമാണ് എക്യുമെനിസത്തിന്റെ അന്തസത്ത. ലോകത്തിനു മുമ്പിൽ കൂടുതൽ വിശ്വാസയോഗ്യമായ ഒരു സാക്ഷ്യമായി ത്തീരുവാനും ദൈവസ്നേഹത്തിന്റെ ശക്തമായ അടയാളമാകുവാനും 'എക്യുമെനിസം' സഭകൾക്ക് ശക്തി നൽകുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൃഷ്ടിയിൽ "സഭൈക്യപ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയുടെ വിവിധാവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവ ഐക്യം വളർത്താനും ക്രമീകരിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ്"(സഭൈക്യം No:4).

## ചില തെറ്റിദ്ധാരണകൾ

'എക്യുമെനിസ'ത്തെ സംബന്ധിച്ചുണ്ടാകാവുന്ന ചില തെറ്റായധാരണകൾ ആദ്യമെതന്നെ ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഒന്നാമതായി, ചിലർ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളെ വിവിധ ക്രൈസ്തവ സഭകൾ തമ്മിൽ ബാഹ്യമായ ഐകരൂപ്യം (uniformity) വരുത്തുവാനുള്ള പരിശ്രമമായി തെറ്റിദ്ധരിക്കാറുണ്ട്. സഭകൾ തമ്മിലുള്ള വൈവിധ്യങ്ങൾ മായിച്ചുകളയുക എക്യുമെനിസത്തിന്റെ ലക്ഷ്യമല്ല. വിവിധ സഭകൾ തമ്മിൽ ഘടനയിലോ, ആരാധനയിലോ പരിപൂർണ്ണ ഐകരൂപ്യം കൊണ്ടുവരിക സാധ്യവുമല്ല. വിശ്വാസ സംബന്ധിയായ പ്രബോധനങ്ങളിൽ വെള്ളം ചേർത്ത് ഐകരൂപ്യത്തിനായി ഉപരിപ്ലവമായ ഒത്തുതീർപ്പുകൾ ഉണ്ടാക്കുന്നത് സഭൈക്യ ചൈതന്യത്തിനു വിരുദ്ധമാണ്. സഭയുടെ ഐക്യം കുടികൊള്ളുന്നത് നാനാത്വത്തിന്റെ ഏകത്വത്തിലാണ്. വിവിധ അപ്പസ്തോലിക സഭകൾ തമ്മിൽ വിശ്വാസസംഹിതകളിലും കൂദാശകളിലും ഒരുമ നിലനിർത്തുന്നതോടൊപ്പം സഭകളുടെ തനതായ വ്യക്തിത്വവും സാംസ്കാരിക പാരമ്പര്യങ്ങളും സവിശേഷതകളും കാത്തുസൂക്ഷിക്കുവാനും സഭൈക്യപ്രവർത്തനങ്ങൾ ശ്രദ്ധവയ്ക്കുന്നു. തനതായ ആദ്ധ്യാത്മീക, ആരാധനക്രമ പാരമ്പര്യങ്ങൾ കാത്തു സൂക്ഷിച്ചുകൊണ്ട് വിവിധ സഭകൾക്ക് ഒരേ കുടക്കീഴിൽ ഒരുമിക്കാമെന്നതിന്റെ തെളിവാണല്ലോ 24 വ്യക്തിസഭകളുടെ കൂട്ടായ്മയായ കത്തോലിക്കാസഭതന്നെ.

രണ്ടാമതായി, എക്യുമെനിക്കൽ സംരംഭങ്ങളുടെ കേന്ദ്രബിന്ദു ഏതെങ്കിലുമൊരു പ്രത്യേക സഭാവിഭാഗമല്ല; മറിച്ച് ഈശോമിശിഹായാണ്. മിശിഹായിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഐക്യത്തിലേക്കുള്ള ഒരാഹ്വാനമാണ് സഭൈക്യപ്രവർത്തനം. കത്തോലിക്കസഭയോ, ഓർത്തഡോക്സ് സഭകളോ, പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളോ അതുകൊണ്ട് തന്നെ സഭൈക്യത്തിന്റെ കേന്ദ്രസ്ഥാനം വഹിക്കുന്നില്ല. മിശിഹായാകുന്ന ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നവരാണ് തങ്ങളെല്ലാം എന്ന അവബോധമാണ് സഭകളെ പരസ്പരം അടുപ്പിക്കുന്നതും സഹകരണത്തിന്റെ പുതിയ വഴികൾ തേടാൻ പ്രേരിപ്പിക്കുന്നതും.

മൂന്നാമതായി, സഭൈക്യപ്രവർത്തനം ആദിമസഭയുടെ ചൈതന്യത്തിലേക്കുള്ള യാത്രയാണെങ്കിലും ആദിമസഭയുടെ ബാഹ്യമായ ഘടനയിലേക്കുള്ള അന്ധമായ ഒരു തിരിച്ചുപോക്കല്ല. സഭയുടെ ആണിക്കല്ല് എക്കാലവും അപ്പസ്തോലന്മാരുടെ ക്രൈസ്തവസാക്ഷ്യമാണ്. എങ്കിലും 20 നൂറ്റാണ്ടുകളായി ചരിത്രത്തിലൂടെ മുന്നേറുന്ന സഭ വിവിധ സംസ്കാരങ്ങളോട് ബന്ധപ്പെട്ട് വിവിധ ഇടങ്ങളിൽ തനിക്കു ലഭിച്ച വിശ്വാസത്തിനു കുറവുതട്ടാതെ ഘടനാപരവും, കാനോനികവുമായ പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. സഭയുടെ പൈതൃകമായിത്തീർന്ന പ്രസ്തുത മാറ്റങ്ങളെയും വളർച്ചകളെയും അവഗണിച്ചുകൊണ്ട് സഭൈക്യപ്രസ്ഥാനങ്ങൾക്ക് വളരാനാവില്ല. വൈവിധ്യമാർന്ന അപ്പസ്തോലിക പാരമ്പര്യങ്ങളുടെ തണലിൽ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സഭകൾ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. അവയെല്ലാം ഇല്ലാതാക്കിക്കൊണ്ടുള്ള ഒരു പുതിയ സഭയല്ല സഭൈക്യപ്രസ്ഥാനം ലക്ഷ്യമിടുന്നത്. സഭൈക്യപ്രസ്ഥാനത്തിൽ ആദിമ ക്രൈസ്തവ ചൈതന്യത്തിനും സഭയുടെ "അധുനാധുനീകരണ"ത്തിനും തനതായ സ്ഥാനമുണ്ട്.

## എക്യുമെനിസത്തിന്റെ വിശുദ്ധഗ്രന്ഥാടിസ്ഥാനം

"അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നും ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥി

ക്കുന്നു"(യോഹ 17,21) എന്ന ഈശോയുടെ പ്രാർത്ഥനയാണ് എല്ലാ സഭൈക്യപ്രവർത്തനങ്ങളുടെയും അടിസ്ഥാനം. തന്നിൽ വിശ്വസിക്കുന്നവരെല്ലാം ഐക്യത്തിൽ ഒന്നായിരിക്കണമെന്ന ഈശോയുടെ ആഗ്രഹമാണ് തങ്ങളെ ഐക്യപ്പെടുത്തുന്ന ഘടകങ്ങൾ കണ്ടെത്തുവാനും ഈ ഐക്യത്തിന് മൂർത്തരൂപം നൽകുന്നതിനും സഭകളെ പ്രേരിപ്പിക്കുന്നത്.

സമാന്തരസുവിശേഷങ്ങൾ ഈശോയുടെ പീഡാനുഭവത്തിനുമുമ്പുള്ള പ്രാർത്ഥനയെന്നനിലയിൽ അവിടുത്തെ ഗത്സമേനിയിലെ പ്രാർത്ഥന വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട് (മത്താ. 26, 36-46; മർക്കോസ് 14, 32 - 42; ലൂക്ക 22, 39-46) എന്നാൽ യോഹന്നാൻ സുവിശേഷകൻ ഗത് സമേൻ പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. അതിനുപകരമെന്നവണ്ണം കർത്താവിന്റെ പീഡാനുഭവ വിവരണത്തിന് മുമ്പായി 17 ാം അദ്ധ്യായത്തിൽ ഈശോ പിതാവുമായി നടത്തുന്ന ദീർഘമായ സംഭാഷണമാണ് നൽകുന്നത്. ഈശോയുടെ പുരോഹിത പ്രാർത്ഥനയെന്ന് വിളിക്കപ്പെടുന്ന ഈ ഭാഗം കർത്താവിന്റെ ഏറ്റവും സുദീർഘവും മനോഹരവുമായ പ്രാർത്ഥനയാണ്. ഈശോയും പിതാവും തമ്മിലുള്ള ഗാഢമായ ഈ സംഭാഷണം അവർ തമ്മിൽ എത്രമാത്രം ഒന്നായിരിക്കുന്നുവെന്നതിന്റെ അടയാളമാണ്. ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗം കർത്താവ് തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുന്നതാണ് (17, 1 - 8); രണ്ടാമത്തേത്, പിതാവ് തനിക്ക് നൽകിയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും (17, 9 - 19) അവസാനഭാഗം ശിഷ്യന്മാർ മുഖാന്തരം തന്നിൽ വിശ്വസിക്കുന്നവർക്ക് വേണ്ടിയുമാണ് (17, 20 - 26).

യോഹന്നാൻ 17 ാം അദ്ധ്യായം ഈശോയുടെ "അബ്ബാ" അനുഭവത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്. പിതാവിന്റെ ഹിതത്തിന് സ്വയം പൂർണ്ണമായി നൽകുന്ന ഈശോയുടെ പുത്രനിർവ്വിശേഷമായ പരിപൂർണ്ണ സ്നേഹമാണ് ഇതിന്റെ കാതൽ. പിതാവും പുത്രനും ഒന്നാണെന്ന സത്യം രണ്ടു തവണ ഇവിടെ വ്യക്തമാക്കപ്പെടുന്നു (17, 11,22). ഈ ഐക്യം ഒരാൾ പൂർണ്ണമായി രണ്ടാമത്തെയാളിൽ, സത്താപരമായി ആയിരിക്കുന്ന സവിശേഷമായ ഐക്യമാണ്. പിതാവ് പുത്രനിലും പുത്രൻ പിതാവിലും കുടികൊള്ളുന്നു; അപ്ര

കാരം തന്നെ അവർ പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവ് അവരിലും. ഐക്യത്തിനായി പരിശ്രമിക്കേണ്ട സഭ ഈ ത്രിത്വൈക ബന്ധത്തിലേയ്ക്കാണ് നിരന്തരം ദൃഷ്ടി പായിക്കേണ്ടത്.

## പിതൃപുത്ര ദൈവിക ഐക്യം സഭൈക്യത്തിന്റെ ശക്തിസ്രോതസ്സ്

ഐക്യത്തിനായി പ്രാർത്ഥിക്കുന്ന സഭകൾ പിതാവും പുത്രനും തമ്മിലുള്ള ശ്രേഷ്ഠമായ ഐക്യത്തെയാണ് മാതൃകയാക്കേണ്ടത്. അതായത് സഭകൾ തമ്മിലുള്ള ഒരുമ, മിശിഹായിൽ വിശ്വസിക്കുന്ന വരുടെ ഒരുമ, പിതാവും പുത്രനും തമ്മിലുള്ള പാരസ്പര്യത്തിന്റെ മാതൃകയിലാവണം. ത്രിത്വൈക ദൈവിക ഐക്യത്തിന്റെ പ്രത്യേകത അത് ബാഹ്യമായ ഒരു ഐകരൂപ്യമല്ല, പിന്നെയോ, വ്യത്യസ്തതകൾ നിലനിർത്തിക്കൊണ്ടുള്ള അഭേദ്യവും നിത്യവുമായ ഒരുമയാണ്. മൂന്നു വ്യത്യസ്ത ദൈവിക ആളുകൾ പരസ്പരം ഒന്നായിരിക്കുന്ന ത്രിത്വൈക ഐക്യത്തിൽനിന്ന് ഊർജ്ജം ഉൾക്കൊള്ളുവാൻ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവജനം മിശിഹായുടെ ശരീരത്തിന്റെ വിവിധ അവയവങ്ങളാണ് എന്ന വി. പൗലോസിന്റെ സഭാ സങ്കല്പവും തനിമകൾ കാത്തുസൂക്ഷിച്ചുകൊണ്ടുള്ള പരിപൂർണ്ണ ഐക്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. "ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെതന്നെയാണ് ക്രിസ്തുവും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (1 കോറി 12, 12-14).

## എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ: ആരംഭവും വളർച്ചയും

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പ്രൊട്ടസ്റ്റന്റ് സഭകളിൽ സഭൈക്യസംരംഭങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മാത്രമാണ് കത്തോലിക്കാസഭയിൽ എക്യുമെനിക്കൽ ചിന്തകൾക്ക് കൂടുതൽ വേരോട്ടമുണ്ടായത്. ഈവ് കൊംഗാർ (1904 - 1995) ഹാൻസ് ഫോൺ ബാൽത്തസാർ (1905 - 1988) കാൾ ആദം (1879 - 1966) തുടങ്ങിയ ദൈവശാസ്ത്രജ്ഞരാണ് കത്തോലിക്കാ സഭൈക്യപ്രസ്ഥാനങ്ങളുടെ ആദ്യകാല പ്രോത്സാഹകർ. പ്രഗത്ഭരായ ജോൺ ഹെൻട്രി ന്യൂമാൻ (1801 - 1890)

ജോഹാൻ ആദം മേയ്ളർ (1796 – 1838) എന്നിവരുടെ സഭൈക്യചിന്തകളും സഭാദർശനങ്ങളുമാണ് മേൽപറഞ്ഞ ദൈവശാസ്ത്രജ്ഞർക്ക് പ്രചോദനമായത്.

1910 ൽ നടന്ന എഡിൻബർഗ് കോൺഫ്രൻസ് പ്രൊട്ടസ്റ്റന്റ് സഭൈക്യരംഗത്ത് ചരിത്രപ്രസിദ്ധമാണ്. പ്രൊട്ടസ്റ്റന്റ് മിഷൻ രാജ്യങ്ങളിൽ നിന്നായി 1200 പ്രതിനിധികൾ പങ്കെടുത്ത ഇ കോൺഫ്രൻസിനെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ ഔദ്യോഗിക തുടക്കമായി വിശേഷിപ്പിക്കാറുണ്ട്. ഇംഗ്ലണ്ടിൽ ആരംഭിച്ച ഓക്സഫഡ് പ്രസ്ഥാനവും എക്യുമെനിസത്തിന്റെ വളർച്ചയിൽ ഒരു നാഴികക്കല്ലായിരുന്നു. കത്തോലിക്കാസഭയും ആംഗ്ലിക്കൻ സഭയും തമ്മിലുള്ള സൗഹൃദസംഭാഷണങ്ങൾക്കും ദൈവശാസ്ത്ര സംവാദങ്ങൾക്കും ഇതു കരുത്തേകി. 1920 ൽ കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാർത്രിയാർക്കീസ് ഐക്യത്തിന് ആഹ്വാനം നൽകിക്കൊണ്ട് എല്ലാ സഭകൾക്കുമായി എഴുതിയ ചാക്രികലേഖനം വലിയൊരു സഭൈക്യമുന്നേറ്റമായിരുന്നു. 1940 കളിലും 1950 കളിലും ബൈബിൾ വിജ്ഞാനത്തിലെ നേട്ടങ്ങളും സഭാചരിത്രത്തിലെ പഠനങ്ങളും സഭൈക്യപ്രവർത്തനത്തിന് പരോക്ഷ പ്രോത്സാഹനം നൽകി.

പ്രൊട്ടസ്റ്റന്റ് രംഗത്തുണ്ടായ മറ്റൊരു പ്രധാനമുന്നേറ്റം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് (WCC) എന്ന പ്രസ്ഥാനത്തിന്റെ ആവിർഭാവമായിരുന്നു. 1948 ൽ ആംസ്റ്റർഡാമിൽ സ്ഥാപിതമായ സഭകളുടെ ഈ സൗഹൃദകൂട്ടായ്മ എക്യുമെനിക്കൽ രംഗത്ത് നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. കത്തോലിക്കാസഭ ഇതിൽ ഔദ്യോഗികമായി അംഗമല്ലെങ്കിലും ഇതിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുകയും സമ്മേളനങ്ങൾക്ക് പ്രതിനിധികളെ അയയ്ക്കുകയും ചെയ്യുന്നു. 350 സഭകൾ ഈ പ്രസ്ഥാനത്തിൽ അംഗമായിത്തീർന്ന് ക്രൈസ്തവ ഐക്യത്തിനായി പരിശ്രമിക്കുന്നുണ്ട്. സഭകളുടെ ഐക്യത്തിനായി ഇന്ന് നിലവിലുള്ളതിൽ ഏറ്റവും വലിയ പ്രസ്ഥാനമായ WCC, ഡയലോഗിനും ഒരുമിച്ചുള്ള ജീവകാരുണ്യപ്രവർത്തനത്തിനുമുള്ള ഏറ്റം സഹായകരമായ ഫോറമാണ്.

## കത്തോലിക്കാസഭയും എക്യുമെനിസവും

23-ാം ജോൺ പാപ്പാ 1960 ജൂൺ മാസം അഞ്ചാം തീയതി ക്രിസ്തീയ ഐക്യത്തിനായി ആരംഭിച്ച സെക്രട്ടറിയറ്റ് (Secretariat for Christian Unity) ആണ് സഭൈക്യത്തിനായി കത്തോലിക്കാസഭയിൽ ഉടലെടുത്ത ആദ്യത്തെ ഔദ്യോഗിക കാര്യാലയം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പല പ്രമാണരേഖകളുടെയും രൂപീകരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ കാർഡിനൽ അഗസ്റ്റിൻ ബെയ ആയിരുന്നു ഈ കാര്യാലയത്തിന്റെ പ്രഥമപ്രസിഡന്റ്. കൗൺസിലിന്റെ വിവിധ സെഷനുകളിലേക്ക് മറ്റു സഭകളിൽ നിന്നും നിരീക്ഷകരെ ക്ഷണിക്കുകയെന്നതായിരുന്നു ഈ സെക്രട്ടറിയറ്റിന്റെ ആദ്യ ദൗത്യം. എക്യുമെനിസത്തെ സംബന്ധിച്ച ഡിക്രി, അക്രൈസ്തവ മതങ്ങൾ, മതസ്വാതന്ത്ര്യം, ദൈവാവിഷ്കരണം എന്നീ പ്രമാണരേഖകളുടെയെല്ലാം രൂപീകരണത്തിലും അവതരണത്തിലും പ്രസ്തുത കാര്യാലയം നിർണ്ണായകമായി ഇടപെട്ടു. 23 ാം ജോൺ പാപ്പായെപ്പോലെ 6 ാം പോൾ പാപ്പായും കൗൺസിൽ സെഷനുകളിൽ എക്യൂമെനിസത്തിന്റെ പ്രാധാന്യത്തെ എടുത്തുപറയുകയുണ്ടായി. 1964 ലും 1967 ലും ജറുസലേമിലെയും കോൺസ്റ്റാന്റിനോപ്പിളിലെയും ഓർത്തഡോക്സ് പാത്രിയാർക്കീസുമാരെ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. പൗരസ്ത്യ-പാശ്ചാത്യസഭകൾ തമ്മിലുള്ള വലിയ വേർപിരിയലിനുശേഷം (1054) ഒരു മാർപാപ്പ ആദ്യമായാണ് ഏതെങ്കിലുമൊരു പൗരസ്ത്യ അകത്തോലിക്കാ സഭാ തലവനെ സന്ദർശിക്കുന്നത്. 1964 ൽ ജറുസലേമിൽവച്ച് അദ്ദേഹം കോൺറ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് അത്തനാഗോറസുമായി നടത്തിയ കൂടിക്കാഴ്ച ചരിത്രപ്രധാനമാണ്. 11 -ാം നൂറ്റാണ്ടിൽ വേർപിരിഞ്ഞ ഓർത്തഡോക്സ് - കത്തോലിക്കസഭകൾ തമ്മിൽ കൂടുതൽ അടുക്കുവാൻ ഇതിടയാക്കി. "നിങ്ങൾ കത്തോലിക്കരെ മാത്രം സ്നേഹിച്ചാൽ പോരാ, അകത്തോലിക്കരെയും അന്യമതസ്ഥരെയും സ്നേഹിക്കണ"മെന്ന് സഭാമക്കളെ ഉദ്ബോധിപ്പിച്ച 6 ാം പോൾ പാപ്പാ വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിക്കൽ ദർശനങ്ങളെ മുന്നോട്ടു നയിച്ച കർമ്മധീരനാണ്. കാന്റർബറി മെത്രാപ്പോലീത്ത മൈക്കിൽ റാംസെയെ ഔദ്യോഗികമായി റോമിൽ സ്വീകരിച്ച പോൾ മാർപാപ്പതന്നെയാണ് ആംഗ്ലിക്കൻ-കത്തോലിക്കാ സഭൈക്യപ്രസ്ഥാനങ്ങൾക്ക് കൂടുതൽ വഴിതുറന്നതും.

## വത്തിക്കാൻ കൗൺസിലും കത്തോലിക്കാ എക്യുമെനിക്കൽ തത്വങ്ങളും

രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്ക എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് പുതിയ ദിശാബോധം നൽകി. കൗൺസിലിന്റെ സഭൈക്യത്തിനുള്ള പ്രമാണരേഖ Unitatis redintegratio(UR) അഥവ "ഐക്യത്തിന്റെ പുനസ്ഥാപനം" വിഭാവനം ചെയ്യുന്ന എക്യുമെനിക്കൽ തത്വങ്ങൾ നമുക്ക് ഹൃസ്വമായി വിശകലനം ചെയ്യാം.

### 1. എക്യുമെനിസം ദൈവികപദ്ധതിയായ സഭയുടെ ഏകതത്വത്തിൽ നിന്നുത്ഭവിക്കുന്നു.

സഭൈക്യത്തെക്കുറിച്ചുള്ള ഡിക്രി ഇപ്രകാരം പ്രതിപാദിക്കുന്നു: "പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു എന്ന വസ്തുത വഴിയാണ് ദൈവത്തിന്റെ സ്നേഹം നമ്മിൽ വെളിപ്പെടുത്തിയിരിക്കുന്നത്. അത് അവിടുന്ന് മനുഷ്യനായി തന്റെ രക്ഷണീയകർമ്മം വഴി മനുഷ്യകുലത്തിനു മുഴുവൻ നവജീവൻ പ്രദാനം ചെയ്യാനും അതിനെ ഏകീഭവിപ്പിക്കാനും വേണ്ടിയായിരുന്നു" [4] (UR 2). ഈശോ സ്ഥാപിച്ചത് ഏകസഭയെയാണ്. ആ സഭയാണ് ഇന്ന് വിഭജിതമായിരിക്കുന്നത്. വിഭജനത്തിന്റെ കാരണങ്ങളെല്ലാം മാനുഷികമായ കുറവുകളാണ്. സഭയിൽ മിശിഹാ വിഭാവനം ചെയ്ത ഐക്യം അനുഭവവേദ്യമാകുന്നില്ല; ആ ഐക്യം പൂർണ്ണമായ അളവിൽ ഇന്ന് സഭയിൽ സന്നിഹിതമല്ല. ഒരിക്കലും നഷ്ടപ്പെടുത്താനാവാത്ത സമ്പത്തായി കർത്താവ് നൽകിയ ഐക്യത്തെ വീണ്ടെടുക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്.

### 2. പൂർണ്ണമായ ഐക്യവും (Full communion) ഭാഗിക ഐക്യവും (Partial unity)

സഭയുടെ ഐക്യത്തെ കൂട്ടായ്മ(communion)യായി മനസ്സിലാക്കുന്ന കൗൺസിൽ വീക്ഷണം സഭൈക്യപ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു. കത്തോലിക്കാ വിശ്വാസത്തിലെ 24 വ്യക്തിസഭകളെല്ലാം പരസ്പരം പൂർണ്ണകൂട്ടായ്മയിൽ ബന്ധിതമാണ്. കൂടാതെ മാമ്മോദീസ എന്ന കൂദാശയുടെ സാന്നിധ്യം മറ്റു സഭകളെയും നമ്മെയും ഭാഗികകൂട്ടായ്മയിലാക്കുന്നു. കൗൺസിൽ പറയുന്നു: "ക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസ സ്വീകരിക്കുന്നവർ

കത്തോലിക്കാസഭയുമായി പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരു തരം ഐക്യത്തിലാണ് വർത്തിക്കുന്നത്"(UR 3). മറ്റുസഭകൾ തമ്മിലുള്ള സഭയുടെ ഈ ബന്ധത്തിന് രണ്ടു തലങ്ങളുണ്ട്: കത്തോലിക്കാസഭയും പൗരസ്ത്യ അകത്തോലിക്കാസഭകളും തമ്മിലുള്ള ബന്ധമാണ് ഇതിൽ ഒന്നാമത്തെതലം. ഈ സഭകളിൽ കത്തോലിക്കാവിശ്വാസത്തിന് സമാനമായി നിലനിൽക്കുന്ന കൂദാശകളുടെ പൂർണ്ണത അവയെ കത്തോലിക്കാ സഭയുമായി കൂടുതൽ ബന്ധപ്പെടുത്തുന്ന പ്രധാനഘടകമാണ്. ഐക്യത്തിന്റെ രണ്ടാമത്തെ തലം പ്രൊട്ടസ്റ്റന്റ് നവീകരണത്തിനുശേഷം റോമാസഭയിൽ നിന്ന് അടർന്നുപോയ ഇതരസഭാസമൂഹങ്ങളുമായി സഭയ്ക്കുള്ള ബന്ധത്തിന്റെതാണ്. കൗൺസിൽ നിരീക്ഷിക്കുന്നതുപോലെ "ഭാഗികമായിട്ടാണെങ്കിലും ഈ സമൂഹങ്ങളിൽ കത്തോലി ക്കാ പാരമ്പര്യങ്ങളും നിയമാനുഷ്ഠാനങ്ങളും നിലനിന്നു പോരുന്നുണ്ട്''(UR - 13). ഇതിൽ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നതാണ് ആംഗ്ലിക്കൻ സഭയുമായി സഭയ്ക്കുള്ള ബന്ധം. ക്രൈസ്തവ സമൂഹങ്ങൾ തമ്മിലുള്ള വ്യതിരക്തതയെയും അവ തമ്മിലുള്ള ആത്മീയ ബന്ധത്തെയും അവഗണിക്കാതെയുള്ള ഒരു എക്യുമെനിക്കൽ പ്രസ്ഥാനമാണ് കൗൺസിൽ വിഭാവനം ചെയ്യുന്നത്.

### 3. മാമ്മോദീസ: ക്രൈസ്തവ ഐക്യത്തിന്റെ അടിസ്ഥാനശില

മാമ്മോദീസ സ്വീകരിച്ച എല്ലാവരും മിശിഹായിൽ ഒന്നായിത്തീരുന്നു. അവരെല്ലാം മിശിഹായുടെ ഏകശരീരത്തിലെ അവയവങ്ങളാണ്. ത്രിതൈ്വക ദൈവനാമത്തിൽ ജലത്താൽ മാമ്മോദീസ സ്വീകരിച്ച എല്ലാവരും മിശിഹായുടെ മൗതിക ശരീരത്തിന്റെ അംഗങ്ങളായിത്തീരുന്നു. അതിനാൽ ഏക മാമ്മോദീസയെന്ന അടിസ്ഥാനശിലയിൽ പണിയപ്പെട്ടിരിക്കുന്ന എക്യുമെനിക്കൽ സംരംഭം വെറുമൊരു സൗഹൃദക്കൂട്ടായ്മ എന്നതിനെക്കാൾ സഹോദരബന്ധത്തിന്റെ പ്രഘോഷണമാണ്. മാമ്മോദീസ സഭകൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനവും തുടക്കവുമെങ്കിൽ വി.കുർബാനയാണ് കൂട്ടായ്മയുടെയും ഐക്യത്തിന്റെയും ഏറ്റവും വലിയ ആഘോഷം. സഭയുടെ ദൈവദത്തമായ ഏകത്വം പൂർണ്ണാർത്ഥത്തിൽ വെളിവാക്കപ്പെടുന്നതും യാഥാർത്ഥ്യമാകുന്നതും വി. കുർബാനയർപ്പണത്തിലാണ്.

ഇക്കാര്യത്തിലുള്ള കൗൺസിൽ പ്രബോധനം ശ്രദ്ധേയമാണ്: “ഓരോ സഭയിലും അർപ്പിക്കപ്പെടുന്ന നമ്മുടെ കർത്താവിന്റെ ദിവ്യ കാരുണ്യംവഴി ദൈവത്തിന്റെ സഭ പണിയപ്പെടുകയും വളർന്ന് ആകാരവലിപ്പം നേടുകയും ചെയ്യുന്നു. ഈ സമൂഹാർപ്പണം വഴി അവരുടെ പരസ്പര ഐക്യം പ്രകടമായിത്തീരുന്നു”(UR 15).

## 4. സഭകളും സഭാ സമൂഹങ്ങളും തമ്മിലുള്ള വ്യത്യാസം

കൗൺസിൽ പ്രമാണരേഖ, അകത്തോലിക്കാസമൂഹങ്ങളെ രണ്ടു സംജ്ഞകളിലായി വേർതിരിക്കുന്നു. സാധുവായ ശ്ലൈഹിക പിന്തുടർച്ചയും കൂദാശകളുടെ പൂർണ്ണതയുമുള്ള സമൂഹങ്ങളെമാത്രമാണ് ‘ഇതര സഭകൾ’ എന്ന് കൗൺസിൽ പൂർണ്ണരൂപത്തിൽ വിളിക്കുന്നത്. പ്രസ്തുത മാനദണ്ഡമനുസരിച്ച് ഓർത്തഡോക്സ് സഭകളെ (Oriental Eastern Orthodox) സഭകൾ(Churches) എന്നു തന്നെ വിശേഷിപ്പിക്കുന്നു. എന്തെന്നാൽ “ഈ സഭകൾ നമ്മിൽ നിന്നു വേർപെട്ടെങ്കിലും അവരുടെ കൂദാശകൾ സാധുവാണ്. സർവ്വോപരി ശ്ലീഹന്മാരുടെ പിന്തുടർച്ച വഴി നമ്മോട് അവരെ വീണ്ടും ഗാഢമായി ബന്ധിക്കുന്ന പൗരോഹിത്യവും ദിവ്യകാരുണ്യവും അവർക്കുണ്ട്”(UR 15 P.3). മേൽപറഞ്ഞ സവിശേഷതകൾ ഇല്ലാത്ത പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളെ കൗൺസിൽ വിളിക്കുന്നത് “സഭാ സമൂഹങ്ങൾ” (Ecclesial Communities) എന്നാണ്. സാധുവായ പൗരോഹിത്യത്തിന്റെ പിൻബലത്തോടെ, ശ്ലൈഹികപാരമ്പര്യത്തിൽ നിന്ന് വ്യതിചലിക്കാതെ മിശിഹായുടെ സജീവ സാന്നിധ്യത്തിലുള്ള വിശ്വാസത്തോടെ വി.കുർബാന എവിടെയെല്ലാം അർപ്പിക്കപ്പെടുന്നുവോ അവിടെയെല്ലാം പൂർണ്ണ അർത്ഥത്തിൽ സഭാ സാന്നിധ്യമുണ്ട്.

## 5. അപ്പസ്തോലന്മാരുടെ സംഘാത്മകതയും പത്രോസിന്റെ പ്രഥമസ്ഥാനവും

പ്രത്രോസ് തലവനായ ശ്ലീഹന്മാരുടെ സംഘത്തിനാണ് മിശിഹാ തന്റെ ദൗത്യം കൈമാറിയത്. “സമയത്തിന്റെ അവസാനം വരെ ലോകം മുഴുവനിലും തന്റെ പരിശുദ്ധ സഭ നിലനിൽക്കുന്നതിനുവേണ്ടി പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ചുമതലകൾ ക്രിസ്തു പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സംഘത്തെ

ഭരമേല്പിച്ച് അവരിൽനിന്ന് പത്രോസിനെ തിരഞ്ഞെടുത്തു"(UR 2,3). പത്രോസിന്റെ പിൻഗാമികൾ ഐക്യത്തിന്റെ സൂക്ഷിപ്പുകാരാണ്. ഗ്രിഗറി മാർപാപ്പ ഈ ദൗത്യത്തെ വിവരിക്കുന്നത്(servus servorum Dei) "ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ" എന്നാണ്.

### 6. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം മറ്റുസഭകളിൽ

പരിശുദ്ധാത്മാവ് മറ്റു സഭകളിലൂടെയും സഭാസമൂഹങ്ങളിലൂടെയും മനുഷ്യരക്ഷയ്ക്കായി പ്രവർത്തിക്കുന്നുവെന്ന സത്യവും കൗൺസിൽ എടുത്തുപറയുന്നുണ്ട്: "വേർപെട്ട സഭകൾക്കും സമൂഹങ്ങൾക്കും ന്യൂനതകൾ ഉണ്ടെങ്കിലും ഈ സഭകൾക്ക് രക്ഷണീയരഹസ്യത്തിലുള്ള പ്രാധാന്യം ഒരു തരത്തിലും ഇല്ലാതാകുന്നില്ല. കാരണം ക്രിസ്തുവിന്റെ അരൂപി ഈ സഭകളെയെല്ലാം രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളായി ഉപയോഗിക്കുന്നതിൽ നിന്ന് വിരമിക്കുന്നില്ല"(UR 3,4).

## എക്യുമെനിക്കൽ ഡയലോഗും മറ്റു സഭൈക്യ പ്രവർത്തനങ്ങളും

സഭൈക്യപ്രവർത്തനങ്ങളിൽ പരമപ്രധാനമായത് എക്യുമെനിക്കൽ ഡയലോഗുകളാണ്. മിശിഹാവിജ്ഞാനീയം, വിശുദ്ധഗ്രന്ഥത്തിനും പാരമ്പര്യങ്ങൾക്കും സഭയിലുള്ള സ്ഥാനം പത്രോസിന്റെ പരമാധികാരം, കൂദാശകൾ, വിശുദ്ധ കുർബാനയിലുള്ള മിശിഹായുടെ സാന്നിധ്യത്തിലുള്ള വിശ്വാസം, സഭാവിജ്ഞാനീയം, ധാർമ്മിക പ്രബോധനങ്ങൾ എന്നിവയിലെല്ലാം സഭകൾ തമ്മിൽ വ്യത്യസ്തതകളുണ്ട്. മേൽപറഞ്ഞ കാര്യങ്ങളിലുള്ള സംവാദങ്ങൾ യോജിപ്പിന്റെ ചില മേഖലകൾ തുറക്കുവാനും കുറഞ്ഞപക്ഷം മറ്റുള്ളവരുടെ വീക്ഷണഗതികൾ മനസ്സിലാക്കുവാനെങ്കിലും സഹായകരമാണ്. സഭൈക്യസംവാദങ്ങൾ സംബന്ധിച്ച കൗൺസിൽ പ്രബോധനം ഇപ്രകാരമാണ്: "വിവിധ സഭാ വിഭാഗങ്ങളിൽ നിന്നും, സമൂഹങ്ങളിൽ നിന്നും തക്ക പ്രാവീണ്യം സിദ്ധിച്ചവർ തമ്മിലുള്ള ഡയലോഗ് വഴി ഓരോരുത്തനും ഇതരവിഭാഗങ്ങളുടെ പഠനങ്ങളും മതജീവിതവും സംബന്ധിച്ച് കൂടുതൽ ശരിയായ ജ്ഞാനം സമ്പാദിക്കുകയും അവയെ കൂടുതൽ നീതിയുക്തമായി വിലയിരുത്തുകയും ചെയ്യുന്നു" (UR 4 Para 2). ദൈവശാസ്ത്രസംവാദങ്ങളിൽ

കത്തോലിക്കാ പ്രബോധനങ്ങൾ കുറവുകൂടാതെ അവതരിപ്പിക്കപ്പെടേണ്ടതുണ്ട്. ഈ സംവാദങ്ങളിലെല്ലാം മൗലിക വിശ്വാസപ്രബോധനങ്ങൾ സംവാദത്തിന് വിധേയമാക്കുന്ന വിഷയങ്ങളോട് എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് 'ഡയലോഗ്' പ്രതിനിധികൾ അറിഞ്ഞിരിക്കേണ്ടതുണ്ട് (UR 9).

കത്തോലിക്ക - ഓർത്തഡോക്സ് സഭകൾ തമ്മിലും കത്തോലിക്കാ ആംഗ്ലിക്കൻ/പ്രൊട്ടസ്റ്റന്റ് സഭകൾ തമ്മിലും ഓർത്തഡോക്സ്/പ്രൊട്ടസ്റ്റന്റ് സഭകൾ തമ്മിലുമുള്ള ഡയലോഗ് എക്കാലവും എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് കരുത്തുപകർന്നു. എന്നാൽ ദൈവശാസ്ത്രവിഷയങ്ങളിൽ വ്യതിരക്തത പുലർത്തുന്ന പ്രസ്തുതസഭകൾക്ക് സ്വന്തം പ്രബോധനങ്ങളിൽ നിന്ന് മാറ്റം പ്രയാസകരമാണ്. അതിനാൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ ഡയലോഗിനോടൊപ്പം കൂടുതൽ യോജിക്കാവുന്ന മറ്റു മേഖലകളെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി. വിവിധ സഭകൾ ഒന്നുചേർന്നുള്ള സുവിശേഷപ്രഘോഷണപരിശ്രമങ്ങളായിരുന്നു അതിൽ പ്രധാനം.

എല്ലാസഭകളും മിശിഹായിൽ വിശ്വസിക്കുന്നവയാണ്; എല്ലാവരുടെയും ലക്ഷ്യം മിശിഹായെ പ്രഘോഷിക്കുകയും അവിടുത്തേക്ക് സാക്ഷ്യമാവുകയുമാണ്. അതിനാൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ ഐക്യത്തിന്റെ ഒരു മാർഗ്ഗമെന്ന നിലയിൽ വിവിധസഭകൾ ഒന്നുചേർന്നുള്ള സുവിശേഷവത്കരണത്തിന് പ്രസക്തിയുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാനം പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളിൽ ഉടലെടുത്ത International Missionary Council ന്റെ ലക്ഷ്യം സഭകൾ ഒന്നുചേർന്നുള്ള സുവിശേഷപ്രഘോഷണമായിരുന്നു. എങ്കിലും, കത്തോലിക്ക-ഓർത്തഡോക്സ് സഭകൾക്ക് വി. ഗ്രന്ഥത്തോടും വിശുദ്ധ പാരമ്പര്യത്തോടുമുള്ള സമീപനം പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളുടേതിൽ നിന്ന് വിഭിന്നമായിരുന്നതിനാൽ ഈ സഭകൾക്ക് ഇപ്രകാരമുള്ള പരിശ്രമങ്ങളോട് കാര്യമായി സഹകരിക്കുക അപ്രായോഗികമായിരുന്നു. ഐക്യത്തിന്റെ പുതിയ മേഖലകളെക്കുറിച്ചുള്ള ചിന്ത സാമൂഹ്യപ്രവർത്തനങ്ങളിൽ ഒരുമിച്ച് മുന്നേറുവാൻ സഭകൾക്ക് പ്രേരകമായി.

## സാമൂഹ്യകാര്യങ്ങളിലുള്ള സഹകരണം

സഭകൾ തമ്മിൽ സാമൂഹ്യ-ജീവകാരുണ്യപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം എക്യുമെനിസത്തിൽ സുപ്രധാന പങ്കുവഹിക്കുന്നു. ചൂഷണങ്ങൾക്കും, സാമൂഹ്യഅനീതിക്കെതിരായും സഭകൾ ഒരുമിച്ചുപ്രവർത്തിക്കുമ്പോൾ അത് ഐക്യത്തിന്റെ ചാലകശക്തിയാവുമെന്നു മാത്രമല്ല, ക്രൈസ്തവമാനവികതയുടെ വലിയ സാക്ഷ്യമാവുകയും ചെയ്യുന്നു. സഭകൾ ഒരുമിച്ചു ചേർന്നുള്ള ഇത്തരം പ്രവർത്തനങ്ങളെ സംബന്ധിച്ച് കൗൺസിൽ പറയുന്നു: "സാമൂഹ്യകാര്യങ്ങളിൽ എല്ലാജനങ്ങളും വിപുലമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈയവസരത്തിൽ സകലമനുഷ്യരും യോജിച്ചു പ്രവർത്തിക്കാൻ നിശ്ചയമായും വിളിക്കപ്പെടുന്നുണ്ട്. കൂടുതലായ ന്യായത്താൽ ഈയവസരത്തിൽ, ദൈവത്തിൽ വിശ്വസിക്കുന്നവർ, ക്രിസ്തുനാമം വഹിക്കുന്ന ക്രിസ്ത്യാനികൾ സഹകരിച്ചുപ്രവർത്തിക്കണം. എല്ലാ ക്രിസ്ത്യാനികളുടെയും ഈ സഹകരണം നേരത്തെ തന്നെ അവരിൽ സ്ഥിതിചെയ്യുന്ന ആ ഐക്യത്തെ പ്രകാശിപ്പിക്കുന്നു" (UR 12).

## ആത്മീയ എക്യുമെനിസം

ക്രൈസ്തവഐക്യത്തിനായുള്ള പ്രാർത്ഥനയും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകമാണ്. ഇപ്രകാരമുള്ള പ്രാർത്ഥനകളെ ആത്മീയ എക്യുമെനിസമെന്നാണ് വിളിക്കുക. ഇതിൽ സഭകൾ ഒന്നിച്ചു ചേർന്ന് നടത്തുന്നവ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. കൗൺസിൽ വീക്ഷണത്തിൽ ചില പ്രത്യേക അവസരങ്ങളിൽ "വേർപെട്ട സഹോദരങ്ങളോട് കത്തോലിക്കർ ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നത് അനുവദനീയം മാത്രമല്ല, അഭിലഷണീയവുമാണ്"(UR 8 p.3). ഇപ്രകാരമുള്ള പൊതുപ്രാർത്ഥനകൾകൊണ്ട് വിവക്ഷിക്കുന്നത് ഔദ്യോഗിക ആരാധനക്രമ പ്രാർത്ഥനങ്ങളിലുള്ള പൊതുഭാഗഭാഗിത്വമല്ലെന്നത് സ്പഷ്ടമാണല്ലോ.

ആത്മീയ എക്യുമെനിസത്തിൽ സഭൈക്യവാരാനുഷ്ഠാനത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. സഭൈക്യവാരം (unity octave) എല്ലാവർഷവും ജനുവരി 18 മുതൽ 25 വരെയുള്ള ആഴ്ചയിലാണ് ആചരിക്കുന്നത്. (പത്രോസിന്റെ വിശ്വാസപ്രഖ്യാപന

ത്തിന്റെ തിരുനാൾ മുതൽ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാൾ ദിനം വരെ) ഒരു ഫ്രാൻസിസ്കൻ സന്യാസസഭാസ്ഥാപകനായ ഫാ. പോൾ വാട്സൺ ആണ് ഇതിന്റെ ആരംഭകൻ. കത്തോലിക്കാസഭയിൽ മാത്രമുള്ള പ്രാർത്ഥനയായിട്ടാണ് ഇത് ആരംഭിച്ചതെങ്കിലും പിന്നീട് മറ്റു ക്രൈസ്തവ സഭകളെയും ഉൾപ്പെടുത്തിയുള്ള ഒരു സാർവ്വത്രിക പ്രാർത്ഥനവാരാനുഷ്ഠാനമായി അത് മാറി. 1966 സഭൈക്യത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലും (Pontifical Council for Christian Unity)മറ്റു സഭകളുടെ നേതൃത്വത്തിലുള്ള W.C.C യും സംയുക്തമായി അംഗീകരിച്ചതോടെയാണ് സഭൈക്യവാരത്തിന് കൂടുതൽ പ്രസക്തികൈവന്നത്.

ആത്മീയ എക്യുമെനിസത്തിന്റെ ആദ്യതലം സഭയുടെ യോജിപ്പിനു വേണ്ടിയുള്ള പ്രാർത്ഥനയാണ്. “നമ്മുടെ കഴിവുകൊണ്ടു മാത്രം ഐക്യം സംജാതമാക്കുവാൻ നമുക്ക് സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ ഒരു ദാനമെന്നനിലയിൽ നമുക്കതു സ്വീകരിക്കാൻ മാത്രമേ കഴിയൂ”. (ബെനഡിക്ട് XVI Ecumenical Meeting, World Youth Day 19. August 2005). ഒരുമിച്ചുള്ള പ്രാർത്ഥനാസമ്മേളനങ്ങൾ ചരിത്രത്തിൽ സംഭവിച്ച വിഭജനങ്ങളെ മറക്കാനും അതിന്റെ കാരണക്കാരോട് പൊറുക്കാനും സഹായകമാണ്.

## സഭാ നവീകരണം - ഐക്യത്തിനുള്ള നിലമൊരുക്കൽ

സഭകളുടെ യഥാർത്ഥ ഐക്യം സാധ്യമാകുന്നത് ഓരോ സഭകളുടെയും നവീകരണത്തിലൂടെ മാത്രമാണ്. കൗൺസിൽ ഡിക്രി സഭയുടെ ആത്മീയ നവീകരണം സഭൈക്യത്തിന്റെ പ്രഥമപടിയായി കരുതുന്നു. മിശിഹായിലേക്ക് പ്രയാണം ചെയ്യുന്ന സഭ നിരന്തരം നവീകരണത്തിന് വിധേയമാണ്. സഭയുടെ എല്ലാ ജീവിതവഴികളിലും നവീകരണം ലക്ഷ്യമാക്കിയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽതന്നെ വിളിച്ചു ചേർക്കപ്പെട്ടത്. സഭയുടെ പ്രേഷിതപ്രവർത്തനം, ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, വിശ്വാസപരിശീലനം, ദൈവവചനപ്രഘോഷണം എന്നിവയെല്ലാം നവീകരണത്തിന് വിധേയമാകണം. എന്നാൽ മാത്രമേ എക്യുമെനിസത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയുള്ളു. സഭൈക്യഡിക്രി No. 7 ഇത്തരുണത്തിൽ മാർഗ്ഗദർശനം നൽകുന്നുണ്ട്. കത്തോലിക്കാസഭ ദൈവികവെളിപാടുകളുടെ കാവൽക്കാരിയും

ദൈവിക കൃപാവരത്തിന്റെ നീർച്ചാലുമാണ്. എങ്കിലും സഭാമക്കൾക്ക് അവരുടെ മാനുഷിക ദൗർബല്യങ്ങൾ മൂലം സഭയിലൂടെ ലഭ്യമാകുന്ന ദൈവാനുഗ്രഹത്തെ പൂർണ്ണമായി പ്രയോജനപ്പെടുത്താനോ അതിനനുസരണം ജീവിക്കാനും സാധിച്ചെന്നുവരില്ല. അതുകൊണ്ട്തന്നെ ലോകത്തിന്റെ പ്രകാശമായ മിശിഹായെ അക്രൈസ്തവർക്ക് കാണിച്ചുകൊടുക്കാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അതിനാൽ സഭയുടെ പൊതുവായ നവീകരണം മാത്രമല്ല സഭാതനയരുടെ വ്യക്തിപരമായ ജീവിതവിശുദ്ധിയും ഐക്യത്തിന് അത്യന്താപേഷിതമാണ്. സഭാമക്കളുടെ ഹൃദയപരിവർത്തനമാണ് സഭാനവീകരണത്തിന്റെ അടിസ്ഥാനം. മിശിഹായുടെ ശൂന്യവത്കരണവും ഉത്ഥാനവും സ്വന്തം ശരീരത്തിൽ കൗദാശികമായി വഹിക്കുന്ന സഭയോട് ചേർന്ന് ദൈവജനം പരിപൂർണ്ണതയ്ക്കായി പ്രയത്നിക്കുമ്പോൾ മാത്രമേ എക്യുമെനിസം യാഥാർത്ഥ്യമാകൂ.

വത്തിക്കാൻ കൗൺസിലിന്റെ സഭൈക്യത്തെ സംബന്ധിക്കുന്ന പ്രമാണരേഖയുടെ തുടർച്ചയെന്നവണ്ണം 1967, 1970 വർഷങ്ങളിൽ ക്രൈസ്തവ ഐക്യത്തിനുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം ഡിറക്ടറികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1993 ൽ ക്രൈസ്തവ ഐക്യത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ പുറത്തിറക്കിയ രേഖയിൽ മേൽപറഞ്ഞ ഡിറക്ടറികളുടെ തുടർച്ചയും നവീകരണവുമാണ് നാം കാണുന്നത്. കത്തോലിക്കാ എക്യുമെനിക്കൽ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ് 1995 മെയ് 25-ാം തീയതി ജോൺ പോൾ രണ്ടാമൻപാപ്പ പുറത്തിറക്കിയ *Ut unum sint*-"അവർ ഒന്നാകുന്നതിനുവേണ്ടി" എന്ന ചാക്രികലേഖനം. ചരിത്ര പ്രധാനമായ ഈ ലേഖനത്തിന്റെ പ്രധാനാശയങ്ങൾ നമുക്ക് പരിശോധിക്കാം.

## Ut unum sint

ജോൺ പോൾ രണ്ടാമൻ പാപ്പായുടെ എക്യുമെനിക്കൽ പ്രതിബദ്ധതയുടെ വലിയ അടയാളമാണ് *Ut unum sint (UUS)*. ഈ ചാക്രികലേഖനത്തിൽ, എല്ലാ കത്തോലിക്കാ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെയും ആത്യന്തിക ലക്ഷ്യം മാമ്മോദീസ സ്വീകരിച്ചവരുടെ ദൃശ്യമായ ഐക്യമാണെന്ന കാര്യം മാർപാപ്പ ഊന്നിപ്പറയുന്നു.

സഭ അതിന്റെ രണ്ടു ശ്വാസകോശങ്ങൾ (പൗരസ്ത്യസഭകളും പാശ്ചാത്യസഭയും) ഉപയോഗിച്ച് ശ്വസിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് മനസ്സിലാക്കിത്തരുന്ന പാപ്പാ (UUS 54)എക്യുമെനിസത്തെ സഭാപ്രവർത്തനങ്ങളുടെ ഒരു അനുബന്ധമായിട്ടല്ല മറിച്ച് ഒരു സജീവാംശമായിട്ടാണ് ദർശിക്കുന്നത് (UUS 20).

ഈ ചാക്രികലേഖനത്തിന്റെ ഒന്നാം അദ്ധ്യായം കൗൺസിൽ പ്രമാണരേഖയുടെ ഒരു തുടർച്ചയും വ്യാഖ്യാനവുമാണ്. മാനവഐക്യം ദൈവികരക്ഷാകരപദ്ധതിയുടെ ഒരു ലക്ഷ്യം തന്നെയായി ഈ തിരുവെഴുത്ത് വിശേഷിപ്പിക്കുന്നു (UUS 6). ഐക്യം ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രഘടകമാണ്. മിശിഹായിൽ വിശ്വസിക്കുക എന്നാൽ ഐക്യം ആഗ്രഹിക്കുകയെന്നാണ്. സഭയോട് ഐക്യപ്പെട്ടിരിക്കുന്നവർ അനാദിമുതലുള്ള പിതാവിന്റെ പദ്ധതി അനുസരിച്ചുള്ള ദൈവകൃപയ്ക്കായുള്ള കൂട്ടായ്മയെ കാംക്ഷിക്കുകയെന്നാണ് (UUS 9). "അവർ ഒന്നായിരിക്കേണ്ടതിന് ..." എന്ന മിശിഹായുടെ പ്രാർത്ഥനയും മാനവഐക്യത്തിനായുള്ള ദൈവികപദ്ധതിയുടെ വെളിച്ചത്തിലാണ് നാം മനസ്സിലാക്കേണ്ടത്.

കൗൺസിൽ ഡിക്രിയോട് ചേർന്ന് ചാക്രിക ലേഖനവും വേർപെട്ട സഭകളിലും മറ്റ് സമൂഹങ്ങളിലുമുള്ള മിശിഹായുടെയും അവിടുത്തെ ആത്മാവിന്റെയും സാന്നിധ്യത്തെയും പ്രവർത്തനത്തെയും അംഗീകരിച്ച് ഏറ്റു പറയുന്നു. അതോടൊപ്പം കത്തോലിക്കാവിശ്വാസത്തിന്റെ അനന്യശ്രേഷ്ഠതയെയും പാപ്പ സ്പഷ്ടമാക്കുന്നു.

രണ്ടാം അദ്ധ്യായം വൈവിധ്യത്തിലൂടെ അനുഭവവേദ്യമാകുന്ന സഭൈക്യത്തിന്റെ പ്രത്യേകതയെയാണ് വ്യക്തമാക്കുന്നത്. ദൈവം ഐക്യം ആഗ്രഹിക്കുന്നു; അതിനായി പരിശ്രമിക്കുക മനുഷ്യകടമയാണ്. എന്നാൽ ഈ പരിശ്രമങ്ങളിൽ ഉപരിപ്ലവമായ ഒത്തുതീർപ്പുകൾക്ക് സ്ഥാനമില്ല. എന്തെന്നാൽ മിശിഹാ വിഭാവനം ചെയ്ത ഐക്യം വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ. വിശ്വാസസത്യങ്ങളിലുള്ള ഒത്തുതീർപ്പുകൾ (compromise) സത്യംതന്നെയായ ദൈവത്തിന് മുഖം തിരിക്കുന്ന പ്രവൃത്തിയാണ് (UUS 18).

## പത്രോസിന്റെ പ്രഥമസ്ഥാനം

ഈ ചാക്രികലേഖനത്തിന്റെ അവസാന അദ്ധ്യായം ഐക്യത്തിന്റെ ശുശ്രൂഷകൻ എന്ന നിലയിലുള്ള പത്രോസിന്റെ പിൻഗാമിയുടെ പ്രഥമ സ്ഥാനത്തെപ്പറ്റി പ്രതിപാദിക്കുന്നതാണ്. ആദിമസഭയിൽ റോമിന്റെ മെത്രാൻ എപ്രകാരം ഐക്യത്തിന്റെ അടയാളവും പ്രഥമശുശ്രൂഷകനുമായിരുന്നുവോ അപ്രകാരമൊരു പ്രഥമസ്ഥാന മാതൃകയിലേക്ക് തിരിച്ചുപോകുന്നത് സഭൈക്യത്തിലേക്കുള്ള വലിയ കാൽവെപ്പാകുമെന്ന പ്രത്യാശയും മാർപാപ്പ പങ്കുവയ്ക്കുന്നു (UUS 94). സഭൈക്യത്തിനുള്ള ഇന്നത്തെ വലിയ തടസ്സം പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപാപ്പയുടെ പ്രഥമസ്ഥാനത്തെ സംബന്ധിച്ച കത്തോലിക്കസഭയുടെ വിശ്വാസമാണെന്ന വസ്തുതയും സ്പഷ്ടമാണ് (U US 94). മാർപാപ്പയുടെ വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ഈ ശുശ്രൂഷാസ്ഥാനത്തെ സംബന്ധിച്ച് മറ്റുസഭകളുമായി ക്രിയാത്മകവും ക്ഷമാപൂർണ്ണവുമായ ഡയലോഗിൽ ഏർപ്പെടുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്.

പത്രോസിന്റെ പിൻഗാമിയിൽ നിക്ഷിപ്തമായിരിക്കുന്ന ഐക്യത്തിന്റെ ശുശ്രൂഷയെ സംബന്ധിച്ച് UUS വ്യക്തത നൽകുന്നു: ദൈവവചനത്തിന്റെ ശരിയായ വ്യാഖ്യാനത്തെ സംബന്ധിച്ച ജാഗരൂകത, കൂദാശകളുടെ ശരിയായ അർപ്പണം, പ്രേഷിത താല്പര്യം, സഭയിൽ അച്ചടക്കത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ, വ്യക്തിതാല്പര്യങ്ങളെക്കാൾ സഭയിൽ പൊതുതാല്പര്യത്തിനുള്ള മുൻഗണന എന്നിവയെല്ലാം മിശിഹായുടെ വികാരിക്കടുത്ത സുപ്രധാന ദൗത്യങ്ങളാണ്. കൂടാതെ വിശ്വാസസത്യങ്ങളുടെ ജാഗ്രതയുള്ള കാവലാളാവുക, ആവശ്യമെന്നു തോന്നുമ്പോൾ ഇടയന്മാരെല്ലാവർക്കുമായി ലോകത്തോട് സംസാരിക്കുക എന്നിവയും പത്രോസിന്റെ പിൻഗാമിയിൽ നിക്ഷിപ്തമായ ചുമതലകളാണ്.

## സഹോദരിസഭകൾ (Sister Churches)

സഭകൾ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് പറയുമ്പോൾ "സഹോദരിസഭകൾ" (Sister Churches) എന്ന ആശയത്തിനാണ് ജോൺപോൾ മാർപാപ്പ പ്രാധാന്യം നൽകുന്നത് (UUS 55). അപ്പസ്തോലന്മാരാൽ സ്ഥാപിതമായ സഭകൾ അവ ജന്മം കൊണ്ട

സ്ഥലകാലസാഹചര്യങ്ങൾക്ക് അനുസൃതമായാണ് വളർന്നത്. ഈ സഭകളെല്ലാം പത്രോസിനും അദ്ദേഹത്തിന്റെ പിൻഗാമികളുമായുള്ള കൂട്ടായ്മയിൽ പരസ്പരം ബന്ധിതരായിരുന്നു. ഏക വിശ്വാസ ത്തിലും സ്നേഹത്തിലും ഒന്നായിരുന്ന അവർ പരസ്പരം സഹോ ദരി സഭകളായിട്ടാണ് കണ്ടിരുന്നത്. സഹോദരതുല്യമായ ഈ ഐക്യമാണ് നാം ഇന്ന് എക്യുമെനിസത്തിലേക്ക് വീണ്ടെടുക്കുവാൻ യത്നിക്കുന്നത്. സഹോദരിസഭകൾ എന്ന പരമ്പരാഗത ആശയ ത്തിന്റെ ശ്രേഷ്ഠത അത് ഇഴപിരിയാത്ത ബന്ധത്തിനെന്നപോലെ സഭകളുടെ തനതായ വൈവിധ്യങ്ങൾക്കും തുല്യപ്രാധാന്യം കൊടു ത്തിരുന്നുവെന്നതാണ്. റോമൻ സഭയും പൗരസ്ത്യ സഭകളും പര സ്പരം സഹോദരിമാരായി കരുതുമ്പോൾ അവ തമ്മിൽ മത്സരത്തിന് സ്ഥാനമില്ല; ഒരു സഭയ്ക്ക് മറ്റൊരു സഭയുടെമേലും അധീശത്വത്തിന് അവകാശവുമില്ല. കാരണം, സഭകൾ തമ്മിൽ നിലനിൽക്കുന്നത് മാതൃപുത്രബന്ധമല്ല, മറിച്ച് സഹോദരബന്ധമാണ്.

## എക്യുമെനിസം - മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ

17-ാം നൂറ്റാണ്ടിന് മുമ്പ് ഒന്നായിരുന്ന മാർത്തോമ്മാക്രിസ്ത്യാ നികൾ ഇന്ന് പല സഭകളായും സമൂഹങ്ങളായും വിഭജിക്കപ്പെട്ടിരി ക്കുന്നു. സീറോ മലബാർസഭ, സീറോ മലങ്കരസഭ, മലങ്കര സിറി യൻ ഓർത്തഡോക്സ് (യാക്കോബായ)സഭ, മലങ്കര ഓർത്ത ഡോക്സ് സിറിയൻ സഭ, മാർത്തോമ്മ സിറിയൻ സഭ, തൊഴിയൂർ സഭ, ശൂറായ സഭ, സെന്റ് തോമസ് എവാൻജലിക്കൽ സഭ എന്നീ സഭകളെല്ലാം മാർത്തോമ്മായുടെ പാരമ്പര്യം പേറുന്നവരാണ്. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിഭജനത്തിന് കാരണമായ കൂനൻകുരിശുസത്യം (1653) നടന്ന് ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ യോജിപ്പിനുള്ള പരിശ്രമങ്ങളും ആരംഭിച്ചിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ആദ്യ തദ്ദേശീയമെത്രാനായ പറ മ്പിൽ ചാണ്ടി മെത്രാന്റെ നേതൃത്വത്തിൽ, വേർപെട്ടുപോയ അനേ കരെ കത്തോലിക്കാകൂട്ടായ്മയിലേക്ക് തിരികെയെത്തിക്കാൻ സാധി ച്ചിരുന്നു. മാർത്തോമ്മാ ആറാമന്റെ (ഡയണീഷ്യസ്) നേതൃത്വത്തിൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുവാൻ ആഗ്രഹിച്ചവരെ തിരികെയെത്തിക്കുക എന്നതായിരുന്നു കരിയാറ്റിയിൽ യൗസേപ്പു

മല്പാന്റെയും പാറേമമ്മാക്കൽ തോമ്മാകത്തനാരുടെയും ചരിത്ര പ്രസിദ്ധമായ റോമായാത്രയുടെ ലക്ഷ്യങ്ങളിലൊന്ന്. നിർഭാഗ്യവശാൽ അവരുടെ പരിശ്രമം ഫലവത്തായില്ലെന്നു മാത്രം. 19-ാം നൂറ്റാണ്ടുമുതൽ പല സഭൈക്യസംരംഭങ്ങളും മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ഉടലെടുക്കുകയുണ്ടായി. അവയിൽ പ്രധാനമായതിനെക്കുറിച്ചാണ് തുടർന്നു പ്രതിപാദിക്കുന്നത്.

## 1. ജാതൈക്യ സംഘം

1882 ൽ നിധീരിക്കൽ മാണിക്കത്തനാർ യാക്കോബായ സഭയിൽ നിന്നുള്ള പുലിക്കോട്ടിൽ മാർ ഡയണീഷ്യസുമായി ചേർന്നു രൂപം നൽകിയതാണ് ജാതൈക്യസംഘം. വിഭജിക്കപ്പെട്ട മാർത്തോമ്മാക്രിസ്ത്യൻ സമൂഹത്തെ ഒരുമിച്ചു കൂട്ടുകയായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. സംഘത്തിന്റെ ഫലമായി കത്തോലിക്കാ - യാക്കോബായ സമൂഹങ്ങൾ ഒരുമിച്ച് വിദ്യാലയങ്ങളും അനാഥശാലകളും വായനശാലകളും തുടങ്ങുകയുണ്ടായി. മാണിക്കത്തനാരുടെ പരിശ്രമങ്ങൾക്ക് അധികാരികളുടെ പക്കൽ നിന്നും എന്തുകൊണ്ടോ വേണ്ടത്ര പിന്തുണ കിട്ടുകയുണ്ടായില്ല. തന്മൂലം ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ യാക്കോബായ, കത്തോലിക്കാ പുനരൈക്യത്തിന് പര്യപ്തമായിരുന്നില്ല.

## 2. പുനരൈക്യപ്രസ്ഥാനം

20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ മലങ്കര ഓർത്തഡോക്സ്സഭയും കത്തോലിക്കാസഭയും തമ്മിലുള്ള പുനരൈക്യ പ്രവർത്തനങ്ങൾക്ക് കരുത്തേകിയ വർഷങ്ങളായിരുന്നു. മലങ്കര ഓർത്തഡോക്സ് സിറിയൻസഭയുടെ 1926 ലെ സൂനഹദോസ് ഗീർവർഗ്ഗീസ് മാർ ഇവാനിയോസിനെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു വഴിയൊരുക്കുവാനായി ചുമതലപ്പെടുത്തി. പക്ഷേ മലങ്കര ഓർത്തഡോക്സ് സഭാ നേതൃത്വത്തിന് ഈ പരിശ്രമം മുന്നോട്ടുകൊണ്ടുപോകുവാനായില്ല. എങ്കിലും മാർ ഇവാനിയോസ് കത്തോലിക്കാസഭയുമായുള്ള പുനരൈക്യശ്രമങ്ങൾ തുടർന്നുകൊണ്ടുപോന്നു. തത്ഫലമായി മാർ ഇവാനിയോസ്, ജേക്കബ് മാർ തെയോഫിലോസ്, ഫാ. ജോൺ OIC, ഡീക്കൺ അലക്സാണ്ടർ OIC, ശ്രീ ചാക്കോ കിളിലേത്ത് എന്നിവർ 1930

സെപ്റ്റംബർ 19 ന് കൊല്ലം മെത്രാനായിരുന്ന അലോഷ്യസ് മരിയ ബെൻസിഗറുടെ മുമ്പാകെ കത്തോലിക്കാവിശ്വാസം ഏറ്റു പറഞ്ഞ് പുനരൈക്യപ്പെട്ടു. മാർ ഇവാനിയോസ് സ്ഥാപിച്ച ബഥനി മിശിഹാനുകരണ സന്യാസസമൂഹത്തിൽ നിന്ന് ഭൂരിഭാഗം സന്യസ്തരും, വലിയൊരു ഗണം ദൈവജനങ്ങളും തുടർന്നു കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. അവർക്കുവേണ്ടി 1932 ൽ സീറോ മലങ്കരകത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായി. ഈ മഹാസംഭവം മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭൈക്യചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്.

## 3. നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്

കേരളസഭയുടെ എക്യുമെനിക്കൽ ചരിത്രത്തിലെ മറ്റൊരു സുപ്രധാന സംഭവമായിരുന്നു നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ രൂപീകരണം. കേരളത്തിലെ പ്രധാന ക്രൈസ്തവ സഭാസമൂഹങ്ങളെല്ലാം ഈ എക്യുമെനിക്കൽ ട്രസ്റ്റിൽ ഭാഗമാണ്. 1984 ൽ മാർത്തോമ്മാ പൈതൃകത്താൽ പ്രസിദ്ധമായ നിലയ്ക്കലിൽ ഒരു എക്യുമെനിക്കൽ ദേവാലയം പണിയുകയുണ്ടായി. ക്രൈസ്തവസഭകളുടെ ഐക്യത്തിന്റെയും സാമുദായിക സഹവർത്തിത്വത്തിന്റെയും മകുടോദാഹരണമാണ് നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയം.

## ഉപസംഹാരം

ക്രൈസ്തവസഭകൾ വിഭജിക്കപ്പെട്ടിരിക്കുന്നതിന്റെ പ്രധാന കാരണം കാലാകാലങ്ങളിൽ സഭയിൽ ഉടലെടുത്ത ശീശ്മകളും പാഷണ്ഡതകളുമാണ്. സത്യവിശ്വാസത്തിൽ നിന്ന് വ്യക്തികൾക്കോ സഭാസമൂഹങ്ങൾക്കോ സംഭവിച്ച വ്യതിചലനമാണ് പല പിളർപ്പുകൾക്കും പിന്നിൽ. എങ്കിലും വേർപെട്ടുപോയ എല്ലാ സഭകളും പൂർണ്ണമായി അബദ്ധവിശ്വാസത്തിലും പാഷണ്ഡതകളിലുമായിരുന്നുവെന്ന് അസന്നിഗ്ദ്ധമായി പറയുക സാധ്യമല്ല. രാഷ്ട്രീയവും,സാംസ്കാരികവും സാമൂഹികവുമായ പല കാരണങ്ങളും സഭയുടെ പിളർപ്പുകൾക്കു പിന്നിലുണ്ട്. സെമിറ്റിക് സംസ്കാരവും ഗ്രീക്ക് സംസ്കാരവും തമ്മിലുള്ള വ്യത്യസ്തതകളും തന്മൂലമുണ്ടായ തെറ്റിദ്ധാരണകളുമാണ് ആദിമസഭയിലെ പല ദൈവശാസ്ത്രതർക്കങ്ങളുടെയും കാരണം. 11-ാം നൂറ്റാണ്ടിലെ കത്തോലിക്കാ-ഓർത്ത

ഡോക്സ് വിഭജനത്തിന്റെ പ്രാധാന കാരണം യവന സംസ്കാരിക സാഹചര്യങ്ങളെ മനസ്സിലാക്കാനും ഉൾക്കൊള്ളുവാനും ലത്തീൻ ക്രൈസ്തവസംസ്കാരത്തിന് കഴിയാതിരുന്നതാണ്. വിഭജനമെന്ന വലിയ തിന്മയ്ക്ക് പലപ്പോഴും ഹേതുവാകുന്നത് മാനുഷിക കുറവുകളാകുന്ന അഹങ്കാരം, സ്വജനപക്ഷപാതം, കാനോനിക അധികാരത്തോടുള്ള ആദരവില്ലായ്മയുമൊക്കെയാണ്. വൈരാഗ്യബുദ്ധിയും കിടമത്സര്യവുമൊക്കെ ചില വിഭജനങ്ങൾക്ക് വേഗതകൂട്ടിയിട്ടുണ്ട്. വിഭജനങ്ങളുടെ കാരണങ്ങൾ കണ്ടെത്തി പഴയ അവസ്ഥയിലേക്കുള്ള ഒരു അന്ധമായ തിരിച്ചുപോക്കല്ല എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. ഏക സത്യവിശ്വാസത്തിലേക്ക് തുറവിയുള്ളതും ദൈവശാസ്ത്രപരവും സാംസ്കാരികവുമായ വ്യതിരിക്തതകളെ ഉൾക്കൊള്ളുന്നതുമായ സഹോദരിസഭകളുടെ (Sister Churches) സങ്കല്പമാണ് ഇന്ന് സഭൈക്യപ്രവർത്തനങ്ങൾക്ക് വഴികാട്ടേണ്ടത്. പത്രോസിന്റെ പിൻഗാമി തുല്യരിൽ മുമ്പനാണ്(Primus inter pares) എന്ന വിശുദ്ധ ഗ്രന്ഥാധിഷ്ഠിത വീക്ഷണവും കത്തോലിക്കാ എക്യുമെനിക്കൽ ചിന്തകൾക്ക് വെളിച്ചമാകണം.

## Bibliography


1. *Unitatis Redintegratio*, Degree on Ecumenism November 21, 1964, AAS 57, 1965, 90 - 107
2. *Directory for the Application of Principles and Norms on Ecumenism, Pontifical Council for Christian unity*, March 25 1993, AAS 85, 1993 1039 - 1119.
3. *Ut unum sint*, Encyclical, Pope John Paul II AAS, Nov - 11, 1995, 921 - 982
4. *Called to be United*, Ecumenical Directory of the Syro - Malabar Church, communion for Ecumenism, Mount St. Thomas, 2017
5. *Unity in Diversity: A Guide to Ecumenism* by Kuncheria Pathil, Dharmaram Publications 2012


***

# ദൈവാരാധന (ലിറ്റർജി)യെക്കുറിച്ച്

**മാർ ജോസഫ് കല്ലറങ്ങാട്ട്**

തിരുസഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി ദൈവാരാധനയാണ്. “സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേയ്ക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവയിൽനിന്നാണ്” (വത്തിക്കാൻ കൗൺസിൽ, ദൈവാരാധന No. 10.) ദൈവാരാധനയും ദൈവവചന ശുശ്രൂഷയും മുഖ്യദൗത്യമായി പരിഗണിച്ച് ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധപുലർത്തുന്ന കാര്യം ബഹു. വൈദികരും സമർപ്പിതരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 13 വർഷം മുമ്പ് (സാന്ത്വനപ്രകാശം ഏപ്രിൽ 2007- സർക്കുലർ 38) നൽകിയ നിർദ്ദേശങ്ങൾ ഒന്നുകൂടി ഓർമ്മിപ്പിക്കുന്നത് ഉചിതമെന്നു കരുതുകയാണ്. ഇവയുടെ പാലനംവഴി നമ്മുടെ രൂപതയിൽ വിശ്വാസസംരക്ഷണവും വിശ്വാസപരിശീലനവും കാര്യക്ഷമമാകുമെന്നു പ്രതീക്ഷിക്കുന്നു.

ലിറ്റർജി (ദൈവാരാധന)യുടെ വിഷയം സഭയുടെ വിശ്വാസമാണ്. സഭയുടെ വിശ്വാസത്തിൽനിന്ന് വേർപെട്ട് ഒരു ആരാധനക്രമമില്ല. കാരണം, സഭയുടെ വിശ്വാസത്തിന്റെയും ആരാധനക്രമത്തിന്റെയും ഉറവിടം പെസഹാരഹസ്യത്തിലുള്ള മിശിഹായുടെ ‘സ്വയംദാനം’ എന്ന ഏക സംഭവമാണ്. സഭയുടെ മൊത്തത്തിലുള്ള വിശ്വാസപ്രഖ്യാപനംതന്നെയാണ് ദൈവാരാധന, പ്രത്യേകിച്ച്, വി. കുർബാനയുടെ ആഘോഷം. വി. കുർബാനയെ ദൈവാരാധനയുടെ

രത്നച്ചുരുക്കമെന്നു വിശേഷിപ്പിക്കുന്നതും അതുകൊണ്ടാണ്. വി. ഗ്രന്ഥത്തിന് സമാനമായ രീതിയിലാണ് ദൈവികലിറ്റർജികൾ വളർന്നുവന്നത് എന്ന് പോപ്പ് എമിരിറ്റസ് ബനഡിക്ട് 16-ാമൻ പഠിപ്പിക്കുന്നുണ്ട്. സാർവ്വത്രികസഭയുടെ കാഴ്ചപ്പാട് എല്ലാക്കാലത്തും അതുതന്നെയാണ്. തന്മൂലം ആരാധനക്രമത്തിന്റെ സാക്ഷാത്തായ പരികർമ്മം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ദൈവശാസ്ത്രപരമായ അർത്ഥത്തിൽ ദൈവാരാധന, വരാനുള്ള ലോകത്തിന്റെ അച്ചാരവും മുന്നാസ്വാദനവുമാണ്. നിത്യജീവിതത്തിന്റെയും സ്വർഗ്ഗഭാഗ്യത്തിന്റെയും മുന്നാസ്വാദനമാണത്. ഈ മുന്നാസ്വാദനമില്ലാത്ത സമൂഹം വെറും ജഡമാണ്. ദൈവാരാധനയിൽ സ്വർഗ്ഗം തുറക്കപ്പെടുന്നില്ലെങ്കിൽ അത് വെറും ഒരു ചടങ്ങു മാത്രമാണ്. സ്വർഗ്ഗം തുറക്കപ്പെടാത്ത വി.കുർബാന നമ്മൾ അർപ്പിക്കുന്നുണ്ടോ എന്നു എല്ലാവരും പരിശോധിക്കേണ്ടതാണ്.

പൗരസ്ത്യർ ഏവരും ആരാധനക്രമത്തെ ദൈവിക ലിറ്റർജി, ദൈവാരാധന എന്നാണ് വിളിച്ചുപോരുന്നത്. നമ്മളുടെ അധ്വാനത്തിന്റെ ഫലമോ, നാം നിർമ്മിച്ചുണ്ടാക്കുന്നതോ അല്ല ദൈവാരാധന. ലിറ്റർജി ദൈവത്തിന്റേതാണ്. സ്വർഗ്ഗമാണ് അതിന്റെ വിഷയം. നമ്മൾ അത് സ്വീകരിക്കുകയത്രെ. ലിറ്റർജി ദൈവത്തിന്റേതാണ് എന്നുപറഞ്ഞാൽ രക്ഷാകരപദ്ധതിയെ [(M'dabbranusa (Syriac), Oikonomia (Greek)] മുഴുവനും അനുസ്മരിച്ചുകൊണ്ട് സൃഷ്ടികർമ്മം, ഈശോയുടെ മനുഷ്യാവതാരം, രഹസ്യജീവിതം, പരസ്യജീവിതം, പീഡാസഹനം, മരണം, ഉത്ഥാനം, രണ്ടാമത്തെ ആഗമനം എന്നിവയുടെയെല്ലാം ഓർമ്മയാഘോഷിക്കുക എന്നതാണ്. അതായത് ലിറ്റർജി മിശിഹായുടെ ജീവിതമാണ്. മിശിഹാസംഭവത്തിന്റെ ആഘോഷമാണ്. നമ്മുടെ രക്ഷയുടെ ഓർമ്മയാചരണമാണ്. സീറോ-മലബാർസഭയുടെ വി. കുർബാനയും, യാമപ്രർത്ഥനകളും അതിന്റെ ഏറ്റം നല്ല ഉദാഹരണങ്ങളാണ്. ദൈവജനത്തെ തങ്ങളിലേയ്ക്കു മാത്രം നോക്കാതെ ദൈവത്തിലേയ്ക്കു നോക്കാൻ നമ്മൾ പഠിപ്പിക്കണം. ദൈവജനത്തിന് ഈശോയെയും അവൻ നൽകുന്ന വിമോചനാനുഭവത്തെയും ദൈവാരാധനയിലൂടെ അനുഭവിക്കാൻ കഴിയുമ്പോഴാണ് അത് ദൈവജനത്തിന് ആകർഷമാകുന്നത്.

മഹാനായ വി. ബേസിലിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. “വെളിപ്പെടുത്തപ്പെട്ട വി. ഗ്രന്ഥംപോലെ തന്നെയാണ് മഹത്തരമായ വി. കുർബാന. വിശദീകരണമോ, വ്യാഖ്യാനമോ, നവീകരണമോ വഴി ഒരു പുരാതന ലിറ്റർജിയെ ആരും നശിപ്പിക്കരുത്. ” അതായത് ലിറ്റർജി ദൈവത്തിന്റെ പ്രവൃത്തിയാണ്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളാണ്. ദൈവം പ്രവർത്തിക്കുന്നില്ലെങ്കിൽ ലിറ്റർജിക്ക് ഒരർത്ഥവുമില്ല. കേവലം മനുഷ്യൻ എന്നനിലയിൽ നമുക്കു ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണ് ലിറ്റർജിയിൽ നിർവ്വഹിക്കുന്നത്. വി. കുർബാന മിശിഹായുടെ ജീവിതത്തെയും രക്ഷാകരബലിയെയും നമുക്ക് അനുഭവവേദ്യമാക്കുന്നു. ഓരോ വി. കുർബാനയിലൂടെയും ചരിത്രവും പ്രപഞ്ചവും നവീകരിക്കപ്പെടുന്നു. മനുഷ്യവംശം തിന്മയിൽനിന്ന് വിമോചിക്കപ്പെടുന്നു. മിശിഹാ തന്നെത്തന്നെ നമുക്ക് നൽകുകയും തന്റെ ശരീരമായ സഭയെ നിരന്തരം നിർമ്മിക്കുകയും ചെയ്യുന്നു. ഒരു വൈദികൻ ദൈവാരാധനയിൽ അവനെത്തന്നെയല്ല പ്രതിനിധീകരിക്കുന്നത്; സമൂഹത്തിന്റെ കേവലം ഒരു പ്രതിനിധിയുമല്ല. വൈദികൻ ദൈവത്തിന്റെ പ്രതിനിധിയാണ്; സഭയുടെ പ്രതിനിധിയാണ്. തന്മൂലം ലിറ്റർജി ആഘോഷം ഒരു കലാപരിപാടിയുടെ നിലവാരത്തിലേയ്ക്കോ ഒരു പൊതുമീറ്റിംഗിന്റെ സ്ഥിതിയിലേയ്ക്കോ താണുപോകരുതെന്നും പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ നമ്മെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സ്നേഹത്തിന്റെ കൂദാശ (Sacramentum Caritatis)എന്ന ശ്ലൈഹിക ഉപദേശത്തിൽ (ഫെബ്രുവരി 22, 2007) അദ്ദേഹം ഇപ്രകാരം നമ്മെ ഉദ്ബോധിപ്പിക്കുന്നു: “സൗന്ദര്യം ദൈവത്തിന്റെയും വെളിപാടിന്റെയും ഒരു സ്വഭാവ (attribute)മായതുകൊണ്ട് ആരാധനക്രമത്തിന്റെയും ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ് (essential element) സൗന്ദര്യം. അത് വെറുമൊരു അലങ്കാരമല്ല. ആരാധനക്രമത്തിന്റെ സൗന്ദര്യം പെസഹാ രഹസ്യത്തിന്റെ ഭാഗമാണ്, ദൈവമഹത്വത്തിന്റെ ഉന്നതമായ പ്രകാശനമാണ്, ഒരർത്ഥത്തിൽ ഭൂമിയിലുള്ള സ്വർഗ്ഗത്തിന്റെ കാഴ്ചയാണ്. ആരാധനക്രമത്തിൽ അന്തർലീനമായിരിക്കുന്ന പ്രഭ (innate splendour) വി. കുർബാനയാഘോഷത്തിൽ പ്രതിഫലിക്കണമെങ്കിൽ അതീവശ്രദ്ധ ആവശ്യമാണെന്ന് നമ്മൾ മനസ്സിലാക്കണം”(N.35)

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തിന്റെ സഭയും വി.കുർബാനയും (Ecclesia de Eucharistia)- എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം എഴുതി: "വി. കൂർബാനയുടെ അർപ്പണത്തെ സംബന്ധിച്ച ആരാധനക്രമനിയമങ്ങൾ ഏറ്റം വിശ്വസ്തതയോടെ പാലിക്കണമെന്ന് അടിയന്തിരമായി അഭ്യർത്ഥിക്കുക എന്റെ കടമയാണെന്ന് ഞാൻ കരുതുന്നു. ലിറ്റർജി, ഒരിക്കലും ആരുടെയും, പ്രധാന കാർമ്മികന്റെയാകട്ടെ, രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന സമൂഹത്തിന്റെതാകട്ടെ, സ്വകാര്യസ്വത്തല്ല. ആരാധനക്രമനിയമങ്ങളനുസരിച്ച് വിശ്വസ്തതാപൂർവ്വം വി. കുർബാന പരികർമ്മം ചെയ്യുന്ന വൈദികരും ഈ നിയമങ്ങൾ അനുവർത്തിക്കുന്ന സമൂഹങ്ങളും സഭയോടുള്ള സ്നേഹം ശാന്തമായി, എന്നാൽ വാചാലമായി പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്" (N. 52). "ലിറ്റർജിയുടെ സമഗ്രതയ്ക്ക് ഭംഗംവരുത്തുകയും വിശ്വാസികൾക്ക് ഏറെ ഹാനി വരുത്തുകയും ചെയ്യുന്ന അനധികൃതപരീക്ഷണങ്ങൾ പുരോഹിതർ വ്യക്തിപരമായി നടത്തുന്നതിനെതിരെ എല്ലായ്പ്പോഴും ജാഗരൂകരായിരിക്കുവാൻ ലിറ്റർജിയുടെ മുഖ്യ സൂക്ഷിപ്പുകാരനെന്ന നിലയിൽ മെത്രാന്മാർ കടപ്പെട്ടവരാണ്" എന്ന് ജോൺ പോൾ രണ്ടാമൻ പാപ്പാ സീറോമലബാർ മെത്രാന്മാരുടെ ആദ്‌ലിമിനാ സന്ദർശനവേളയിൽ (മെയ്. 2003) പറഞ്ഞ കാര്യവും ഓർമ്മിപ്പിക്കട്ടെ.

പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ സ്നേഹത്തിന്റെ കൂദാശ എന്ന ശ്ലൈഹിക ഉപദേശത്തിലൂടെ പഠിപ്പിച്ചു. "ദൈവജനം മുഴുവൻ വി. കുർബാനയിൽ പങ്കുകൊള്ളുന്നതുകൊണ്ട് കൃത്യമായി അത് ആഘോഷിക്കേണ്ട രീതി (a correct ars celebrandi) പാലിക്കേണ്ടത് തിരുപ്പട്ടം എന്ന കൂദാശ സ്വീകരിച്ച എല്ലാവരുടെയും പ്രത്യേക ഉത്തരവാദിത്വമാണ്. മെത്രാന്മാരും പുരോഹിതരും മ്ശംശാനമാരും അവരുടെ സ്ഥാനമനുസരിച്ച് ആരാധനക്രമആഘോഷമാണ് അവരുടെ പ്രധാന ചുമതലയെന്ന് (principal duty) തീർച്ചയായും മനസ്സിലാക്കണം"(No.39).

2007 സെപ്റ്റംബർ 9 നു വിയന്നായിലെ സിസ്റ്റേസിയൻ ആശ്രമം സന്ദർശിച്ചപ്പോൾ പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാമൻ പറഞ്ഞു. "ലോകത്തിനുവേണ്ടിയുള്ള നിങ്ങളുടെ ഏറ്റവും

പ്രധാനപ്പെട്ട ശുശ്രൂഷ നിങ്ങളുടെ പ്രാർത്ഥനയും കുർബാന അർപ്പണവുമാണ്. ഒരു വൈദികന് ദൈവത്തിനുള്ള ഈ ശുശ്രൂഷയേക്കാൾ മഹത്തരമായി മറ്റൊന്നും ചെയ്യാനില്ല. ഈ മനോഭാവത്തിന്റെ സൗന്ദര്യമാണ് ലിറ്റർജിയുടെ സൗന്ദര്യം. തന്മൂലം എവിടെ നമ്മൾ പാടാനും സ്തുതിക്കാനും ആഘോഷിക്കാനും ആരാധിക്കാനും ഒരുമിച്ചു കൂടുന്നുവോ അവിടെ സ്വർഗ്ഗത്തിന്റെ ഒരു ഭാഗം താഴേക്ക് ഇറങ്ങി വരുന്നു".

ദൈവാരാധനയാണ് ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും അടിസ്ഥാനവും (totius vitae christianae fontes et culmen) എന്ന് ഒരു പുരോഹിതൻ വിശ്വസിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന് ദൈവജനത്തെ നയിക്കാനാവില്ല. അവരുടെ പൗരോഹിത്യം ഗുണമേന്മയില്ലാത്തതാവും. ആന്തരികതക്ക് പ്രാധാന്യം കൊടുക്കാതെ ബാഹ്യമാത്രകാര്യങ്ങളിൽ ഊന്നൽ കൊടുത്താൽ ദൈവരാധനയുടെ ചൈതന്യം നഷ്ടപ്പെടും. അത് പൗരോഹിത്യത്തിന്റെ അപചയമാണ്. ദൈവാരാധന വെറും ആചാരങ്ങളോ(ritualism) അനുഷ്ഠാന വിധികളോ (rubricism) മാത്രമായി ലഘൂകരിച്ച് കാണരുത്. സഭയുടെ ദൈവശാസ്ത്രമാണ് ദൈവവാരാധനയിലൂടെ വെളിപ്പെടുന്നത്. ആയതിനാൽ ദൈവാരാധനയെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ ജ്ഞാനം എല്ലാ വൈദികർക്കും ഉണ്ടാകണം. ഇതിന് ലിറ്റർജിക്കൽ പുസ്തകങ്ങളുടെ ഒരു ധ്യാനാത്മക വായന (lectio divina) സഹായിക്കും. അതോടൊപ്പം ഈ ഗ്രന്ഥങ്ങളെക്കെയും ദൈവജനത്തിന് നന്നായി പരിചയപ്പെടുത്തുകയും വേണം.

നവസുവിശേഷവത്കരണത്തിന് ലിറ്റർജിയിലുള്ള പരിശീലനവും ലിറ്റർജി നവീകരണവും ഒരുപോലെ ആവശ്യമാണ്. സഭയുടെ ആത്മീയ ശക്തിയെ വിപുലീകരിക്കുന്നത് (maximize ചെയ്യുന്നത്) നല്ല ലിറ്റർജിയാണ്. മോശമായ ലിറ്റർജി അതിനെ ചെറുതാക്കുകയും (minimize)ചെയ്യും. ലിറ്റർജിക്കൽ തനിമ, ജീവിക്കുന്ന തനിമയാകണം. അതിന്റെ വളർച്ചയുടെ വഴിയിൽവച്ച് അതിന്റെ ജീവൻ നഷ്ടപ്പെടരുത്. ചരിത്രപരമായ ബന്ധം മുറിക്കപ്പെടാതെ ഇന്നത്തെ ലോകത്തിനു സ്വീകാര്യമാകുമ്പോഴാണ് അവിടെ സ്വത്വം നഷ്ടപ്പെടാതെ ജീവാത്മക വളർച്ച യാഥാർത്ഥ്യമാകുന്നത്. ലിറ്റർജിയിൽ വേണ്ടത് മുറിച്ചുമാറ്റലോ(rupture) വിപ്ലവമോ (revolution) അല്ല.

പ്രത്യുത തുടർച്ചയാണ്. ലിറ്റർജി വേദപുസ്തകത്തിലെ കഴുകനെപ്പോലെയാണ്. "കഴുകനെപ്പോലെ നീ നിന്റെ ജീവിതം നവീകരിക്കുന്നു" (Your youth is renewed like the eagle - സങ്കീ. 103:5). നമ്മുടെ ഇടവകകളാണ് ലിറ്റർജിക്കൽ പാരമ്പര്യം സംരക്ഷിക്കേണ്ടത്. പണ്ട് സന്യാസഭവനങ്ങളും ആശ്രമങ്ങളും ചെയ്തിരുന്ന ശുശ്രൂഷയായിരുന്നു അത്. ചരിത്രവും തുടർച്ചയും ഇവർ വഴിയാണ് നടക്കുന്നത്.

വൈദികർ, ആശ്രമസ്ഥർ തുടങ്ങിയവർ ആരാധനാക്രമമാകുന്ന കിണർ കുഴിക്കുന്നവരാകണം, മൂടുന്നവരാകരുത്. പഴയനിയമത്തിലെ ഇസഹാക്ക്, മൂടിക്കളഞ്ഞ കിണറുകൾ എല്ലാം കുഴിക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്തവനാണ്. യാക്കോബിന്റെ കിണർ വലിയ രഹസ്യമായി നില്ക്കുന്നു (യോഹന്നാൻ 4:21-24 - സമരിയാക്കാരി സ്ത്രീ). ലിറ്റർജിക്കൽ തത്ത്വങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ ലിറ്റർജി പരികർമ്മം ചെയ്യാവൂ. ആധ്യാത്മിക ഉണർവിന്റെ പേരിൽ കൂടുതൽ വൈകാരിക പ്രാധാന്യമുള്ള രീതിയിൽ ബലിഅർപ്പണത്തിലേക്ക് നീങ്ങുന്നത് ശരിയല്ല.

ഭൂമിയിലെ മറ്റൊരു ജോലിയും ഈ ദൈവരാധനയ്ക്ക്/ലിറ്റർജിക്കു തുല്യമല്ല. ആശ്രമങ്ങൾ ലിറ്റർജിക്കൽ ആതിഥ്യമാണ്(hospitality) ജനങ്ങൾക്ക് നല്കേണ്ടത്. ഏറ്റവും വലിയ നിധി ലിറ്റർജിയാണ്, കുർബാനയാണ്. ഇടവക ലിറ്റർജിയിൽ പങ്കെടുക്കുമ്പോൾ നമ്മുടെ ആദ്ധ്യാത്മിക ബാറ്ററികൾ റീച്ചാർജ്ജ് (recharge) ചെയ്യപ്പെടുകയാണ്. ഓരോ രൂപതയുടെയും കത്തീഡ്രലിൽ ലിറ്റർജി അതിന്റെ പൂർണ്ണതയിൽ അർപ്പിക്കപ്പെടണം. ഓരോ രൂപതയുടെയും കത്തീഡ്രലുകളിൽനിന്നും ആശ്രമങ്ങളിൽനിന്നുമാണ് അവിരാമമായ പ്രാർത്ഥന (laus perennis-prayer without ceasing) ഉയരുന്നത്; പ്രാർത്ഥനയുടെ ഇടിമുഴക്കം കേൾക്കുന്നത്. ലിറ്റർജിയിൽ കേന്ദ്രിതമായ ഒരു ജീവിതം പടുത്തുയർത്തണം. ക്രൈസ്തവ വിശ്വാസത്തിന്റെ സമഗ്രത ആശ്രമ/കത്തീഡ്രൽ ലിറ്റർജിയിൽ കാണണം.

ലോകത്തിൽ ജീവിക്കുന്ന ആർക്കും ധൈര്യവും ശക്തിയും നല്കേണ്ടതു ലിറ്റർജിയാണ്. നമ്മുടെ ലിറ്റർജിയുടെ സൗന്ദര്യം

നമ്മൾ നഷ്ടപ്പെടുത്തരുത്. ദൈവികരഹസ്യത്തിന്റെ വിസ്മയമാണ് ലിറ്റർജികൾ നൽകുന്നത്. ദൈവാലയ വിരിയ്ക്ക് ഉള്ളിലാണ് (ad interiora veleminis, within the veil) ഈ വിസ്മയം യാഥാർത്ഥ്യമാകുന്നത്. എല്ലാ ലിറ്റർജികളും ജറുസലേമിനെ ലക്ഷ്യ മാക്കിയാണ് അർപ്പിക്കപ്പെടുന്നത്. പ്രത്യേകിച്ച് സ്വർഗ്ഗീയ ജറുസ ലേമിനെ. നമ്മുടെ സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ തെറ്റാത്ത ഗ്രാമ റായിട്ട് ലിറ്റർജി നില്ക്കുന്നു.

നമ്മുടെ രൂപതയിൽ കൂദാശകളുടെ, പ്രത്യേകിച്ച്, വി. കുർബാ നയുടെ പരികർമ്മരീതിയെക്കുറിച്ച് കാലാകാലങ്ങളിൽ നിർദ്ദേശ ങ്ങൾ നൽയിട്ടുണ്ടല്ലോ. അവയെല്ലാം നിഷ്ഠയോടെ പാലിക്കുവാൻ എല്ലാ ബഹു. വൈദികരും ശ്രദ്ധിക്കണം. ദൈവാലയത്തെക്കുറിച്ചും ദൈവാരാധനയെക്കുറിച്ചും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഒരി ക്കൽക്കൂടി ഓർമ്മപ്പെടുത്തട്ടെ.

1. നമ്മുടെ രൂപതയിൽ ദൈവാലയങ്ങൾ പണിയുമ്പോൾ മദ്ബഹാ കിഴക്കുവശത്ത് വരത്തക്കവിധം പടിഞ്ഞാറോട്ട് ദർശനമായി പണിയണം. ദൈവാലയത്തിനു ഹൈക്കല (സ മൂഹവേദി), കെസ്ത്രോമ (ഗായകവേദി), മദ്ബഹ (ബലിവേ ദി) എന്നീ മൂന്നു ഭാഗങ്ങൾ ഉണ്ട്. കെസ്ത്രോമ, ഹൈക്കല യിൽനിന്ന് ഒരു പടിയും, മദ്ബഹാ കെസ്ത്രേമായിൽനിന്ന് മൂന്നുപടിയും ഉയർന്നിരിക്കണം. മദ്ബഹയിൽ പരി. ബലി പീഠം ഒരു പടി ഉയരത്തിലാണ് ക്രമീകരിക്കുന്നത് (മെസ്ഥ പ്സാ). മദ്ബഹയുടെ മേൽക്കൂര (തോറ) മറ്റു ഭാഗങ്ങളെ ക്കാൾ ഉയർത്തിയാണ് പണിയുന്നത്.

2. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും മദ്ബഹാ വിരി ഉണ്ടായി രിക്കണം. ലാകുമാറാ.../സകലത്തിന്റെയും നാഥാ.../സർവ്വാ ധിപനാം കർത്താവേ... എന്ന പ്രാർത്ഥന ചൊല്ലിത്തുടങ്ങുന്ന അവസരത്തിൽ വിരി തുറക്കുകയും കാർമ്മികൻ മദ്ബഹാ യിലേയ്ക്ക് തിരിഞ്ഞ് ആചാരം ചെയ്യുകയും വേണം. തദവ സരത്തിൽ ആരാധനാസമൂഹവും ആചാരം ചെയ്യണം. കുർബാന കഴിയുമ്പോൾ ഉടൻതന്നെ വിരി അടയ്ക്കുകയും വേണം.

3. പരി. ബലിപീഠം കിഴക്കുഭാഗത്ത് ഭിത്തിയോട് ചേർത്ത് സ്ഥാപിക്കണം.

4. പുതുതായി പണിയുന്ന ദൈവാലയത്തിന്റെ കിഴക്കേ ഭിത്തിയിൽ പ്രധാനഭാഗത്ത് മാർത്തോമ്മാസ്ലീവാ പ്രതിഷ്ഠിക്കണം.

5. പരിശുദ്ധ ബലിപീഠത്തിന്റെ വലതുഭാഗത്ത് വി. ഏവൻഗേലിയോൻ പുസ്തകവും (പ്രഘോഷണഗ്രന്ഥം:- സുവിശേഷം) ഇടതുഭാഗത്ത് മാർതോമ്മാ സ്ലീവായും പ്രതിഷ്ഠിക്കണം. സുവിശേഷത്തിന്റെ പ്രഘോഷണഗ്രന്ഥവും മാർത്തോമ്മാ സ്ലീവായും കുർബാന തക്സയുമല്ലാതെ മറ്റൊന്നും പരി. ബലിപീഠത്തിൽ വയ്ക്കുവാൻ പാടില്ല.

6. ദൈവാരാധനയിൽ സുവിശേഷവായനക്ക് പ്രഘോഷണഗ്രന്ഥം ഉപയോഗിക്കണം. സുവിശേഷത്തിന്റെ പ്രഘോഷണഗ്രന്ഥത്തെക്കൂടാതെ മറ്റ് സുവിശേഷപുസ്തകങ്ങൾ ബലിപീഠത്തിൽ വയ്ക്കരുത്. എല്ലാ കർമ്മങ്ങൾക്കും വേണ്ടിയുള്ള സുവിശേഷഭാഗം പ്രഘോഷണഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് നല്കിയിട്ടുണ്ട്.

7. മദ്ബഹായിൽ രണ്ടു വശങ്ങളിലായി രണ്ടു ബേസ്ഗസ്സാകൾ ഉണ്ടായിരിക്കണം. ഇടതുവശത്തെ ബേസ്ഗസ്സായിൽ അപ്പവും കൈ കഴുകാനുള്ള വെള്ളവും വലതുവശത്ത് വീഞ്ഞും വെള്ളവും സജ്ജീകരിക്കണം. (ഈ നിർദ്ദേശങ്ങളിൽ വലത്ത്, ഇടത്ത് എന്നുപറയുമ്പോൾ മദ്ബഹായിലേയ്ക്ക് നോക്കി നില്ക്കുന്ന ജനത്തിന്റെ വലത്, ഇടത് എന്ന് മനസ്സിലാക്കണം).

8. മദ്ബഹായിൽ പ്ലാസ്റ്റിക് പൂക്കൾ കഴിവതും ഒഴിവാക്കുകയും പ്രകൃതിദത്തമായ പൂക്കൾ ഉപയോഗിക്കാൻ പരിശ്രമിക്കുകയും ചെയ്യണം.

9. വചനശുശ്രൂഷയ്ക്കായി ഹൈക്കലായിൽ ബേമ്മയും (വചനവേദി), ബേമ്മയിൽ വചനപീഠവും (ഗാഗുൽത്താ) ഇരുവശങ്ങളിലായി വായനാപീഠങ്ങളും ഉണ്ടായിരിക്കണം. മുഖ്യകാർമ്മികനും സഹകാർമ്മികർക്കുമുള്ള ഇരിപ്പിടങ്ങൾ ബേമ്മയിലാണ് ക്രമീകരിക്കേണ്ടത്. ഈ ലോകത്തിലെ ഈശോയുടെ സാന്നിധ്യത്തിന്റെ പ്രതീകമായി ബേമ്മയിലെ വചന

പീഠത്തിൽ (ഗാഗുൽത്ത) മാർത്തോമാ സ്ലീവാ ഉണ്ടായിരിക്കേണ്ടതാണ്.

10. കെസ്ത്രോമയിൽനിന്ന് ഒരു പടി ഉയർത്തി മാമ്മോദീസാത്തൊട്ടി, മദ്ബഹായുടെ (മദ്ബഹായുടെ പുറത്ത്) തെക്കുവശത്ത് സ്ഥാപിക്കണം, അത് കല്ലുകൊണ്ട് ഉണ്ടാക്കിയതും സാമാന്യം വലിപ്പമുള്ളതുമായിരിക്കണം.

11. തിരുശേഷിപ്പുകളും വിശുദ്ധതൈലങ്ങളും ഉചിതമായ വണക്കവും ആദരവും നല്കുന്നതിനായി ബേസ്സഹദേ (രക്തസാക്ഷികളുടെ തിരുശേഷിപ്പി സൂക്ഷിക്കുന്ന പീഠം)യിൽ സൂക്ഷിക്കണം. ഇത് മദ്ബഹായുടെ വടക്കുവശത്താണ് പണിയേണ്ടത്.

12. ദൈവാലയത്തിന്റെ മുഖവാരത്തോട് ചേർന്ന് മോണ്ടളം ഉണ്ടായിരിക്കണം.

13. ദൈവാലയത്തിനുള്ളിൽ ഹൈക്കലയുടെ തെക്കുവശത്തും വടക്കുവശത്തുമുള്ള ഭിത്തികളിൽ ആരാധനവത്സരത്തിലെ വിവിധ കാലങ്ങളുടെ ചിത്രീകരണങ്ങൾ വയ്ക്കുന്നത് നല്ലതാണ്.

14. പള്ളിക്കകത്ത് മദ്ബഹാ കവാടത്തിന്റെ ഭിത്തിയിൽ കർത്താവീശോമിശിഹായുടെയും പരി. മറിയത്തിന്റെയും വി. ശ്ലീഹന്മാരുടെയും ഐക്കണുകൾ വയ്ക്കുന്നത് നല്ലതാണ്.

15. വായൂ സഞ്ചാരമുള്ള വിധത്തിൽ വി. സ്ഥലങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുക. ഫാൻ, വെളിച്ചം, ശബ്ദം എന്നിവ തിരുക്കർമ്മങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ ക്രമീകരിക്കണം.

16. അതിവിശുദ്ധ സ്ഥലമായ മദ്ബഹായിൽ കലാപരമായ നാടകീയമുഹൂർത്തങ്ങളോ ടാബ്ലോകളോ പാടില്ല.

17. സഭയുടെ ആരാധനാക്രമ പൈതൃകം വീണ്ടെടുക്കുന്നതിന്റെ ശ്രമഫലമായി പൊന്തിഫിക്കലുകൾ, വി. കുർബാനയുടെ പൊതുവായക്രമം, പ്രാരംഭകൂദാശകൾ, മറ്റ് കൂദാശകൾ, പ്രോപ്രിയ, പ്രഘോഷണഗ്രന്ഥം, മാർ തെയദോറിന്റെ കൂദാ

ശക്രമം, മാർ നെസ്തോറിയസിന്റെ കൂദാശക്രമം, പിറവിതിരുനാൾ - വലിയ ആഴ്ച (ഹാശ്ശാ ആഴ്ച) തിരുക്കർമ്മങ്ങൾ എന്നിവയുടെ ക്രമങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സീറോമലബാർ സഭാ സിനഡ് നിശ്ചയിച്ചിരിക്കുന്ന ടെക്സ്റ്റുകളാണ് എല്ലായിടത്തും ഉപയോഗിക്കേണ്ടത്. മറ്റു ടെക്സ്റ്റുകൾ ഉപയോഗിക്കാൻ പാടില്ല.

18. **ഞായറാഴ്ച ആചരണം** - കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കുന്നതിന് വി. കുർബാനയ്ക്ക് ഒരുമിച്ചുകൂടുക എന്നതാണ് ഏറ്റവും പ്രധാനം. കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെ രക്ഷാകര സംഭവങ്ങളെ അനുഭവിച്ചാഘോഷിക്കുന്ന വി. കുർബാന കേന്ദ്രീതമായി ഇടവകജനത്തെ രൂപപ്പെടുത്താൻ ശ്രദ്ധിക്കണം. ഒരു കുടുംബമായ ഇടവകപ്പള്ളിയിലെ വി. കുർബാനയിൽ നിന്നും ഞായറാഴ്ച ആചരണത്തിൽനിന്നും വ്യതിചലനം ഉണ്ടാകാൻ ഇടയാക്കുന്ന എല്ലാ ആത്മീയഭൗതിക സാഹചര്യങ്ങളെയും നിരുത്സാഹപ്പെടുത്തണം. ഞായറാഴ്ച കർത്താവിനുവേണ്ടി മാത്രമായി ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെ ദൈവത്തോടൊത്തും കൂട്ടായ്മയിലും ആയിരിക്കേണ്ട ദിവസമാണ്.

19. ഞായറാഴ്ച ഗൗരവമായ മറ്റു വേലകളിൽ ഏർപ്പെടുന്നത് ഒഴിവാക്കണം. ഞായറാഴ്ചകളിലും തിരുനാളുകളിലും വി. കുർബാന സമ്പൂർണ്ണക്രമത്തിൽ പ്രോപ്രിയ ഉപയോഗിച്ച് ആഘോഷമായ രീതിയിൽ അർപ്പിക്കണം. ഇക്കാര്യത്തിൽ ബഹു. വൈദികരുടെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും വരാൻ പാടില്ല.

20. വി. കുർബാനയ്ക്ക് മൂന്നു രൂപങ്ങളാണല്ലോ ഉള്ളത്. ഏറ്റവും ആഘോഷമായ കുർബാന (most Solemn Form) - റാസ; ആഘോഷപൂർവ്വമായ കുർബാന (Solemn Form), സാധാരണ കുർബാന (Simple Form). ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും - ഉദാ: ദുക്റാനത്തിരുനാളിനും, ഇടവക തിരുനാളിനും - റാസ അർപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണം.

21. നമ്മുടെ ആരാധനക്രമം സുറിയാനി ഭാഷയിലായിരുന്നല്ലോ. ഇപ്പോൾ നാം മലയാളത്തിൽ ഉപയോഗിക്കുന്ന തക്സായുടെ ഔദ്യോഗികരൂപം പരി. സിംഹാസനവും സീറോ-മലബാർ സിനഡും സുറിയാനിഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നമ്മുടെ പള്ളികളിൽ സുറിയാനി ഭാഷയിൽ ഒരു കുർബാന അർപ്പിക്കുന്നത് നല്ലതാണ്. അതിന് പരിചയമുള്ള വൈദികരെക്കൊണ്ട് ആ കാര്യം നടപ്പിലാക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം. സകലത്തിന്റെയും നാഥാ... എന്ന പ്രാർത്ഥനയും പരിപാവനനാം... എന്ന പ്രാർത്ഥനയും ചില ഇടവകകളിൽ സുറിയാനിയിൽ തന്നെ പാടുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്.

22. വളരെ വേഗത്തിൽ, ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് വി. കുർബാന തീർക്കണം എന്ന മനോഭാവം ആരും പുലർത്തരുത്. അത് ബലിയർപ്പണത്തിനു ചേർന്ന ചിന്തയല്ല. ആരാധനക്രമാനുഷ്ഠാനത്തിന്റെ സമ്പൂർണ്ണരൂപം ധ്യാനാത്മകമായി അനുഷ്ഠിക്കുന്ന കീഴ്വഴക്കമാണ് നമ്മുടെ രൂപത എന്നും പുലർത്തിപ്പോരുന്നത്. വി. കുർബാനയിലെ ഐശ്ചികങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നേരത്തെ തന്നിട്ടുള്ളതാണ് (സാന്ത്വനപ്രകാശം, Vol. 50 ജൂൺ 2000). കുർബാനയിൽ ഐശ്ചികങ്ങൾ അധികം ഉപയോഗിക്കാതെ സമ്പൂർണ്ണരൂപം ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. ഞായറാഴ്ചകളിൽ നിർബന്ധമായും സമ്പൂർണ്ണരൂപം ഉപയോഗിക്കേണ്ടതാണ് എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

23. നമ്മുടെ വി. കുർബാന ആഘോഷങ്ങളിൽ പ്രോപ്രിയായുടെ ഉപയോഗത്തെക്കുറിച്ചു തന്നിരുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കണം. (സാന്ത്വനപ്രകാശം Vol.56 ജൂലൈ 2006). പ്രോപ്രിയ നമ്മുടെ ആരാധനക്രമത്തിന്റെ സമ്പന്നമായ ഒരു ഭാഗമാണ്.

24. നമ്മുടെ ആരാധനക്രമത്തിൽ സർവ്വപ്രധാനമായ സ്ഥാനമാണ് തിരുവചനപ്രഘോഷണത്തിനുള്ളത്. വി. കുർബാനയിലെ പ്രസംഗം തിരുവചനാധിഷ്ഠിതവും ആരാധനാക്രമാധിഷ്ഠിതവുമായിരിക്കണം. വി. കുർബാനയിലെ നാലു വായനകളും

പ്രസംഗത്തിന്റെ വിഷയമാകണം. സഭാപിതാക്കന്മാരുടെയും വിശുദ്ധരുടെയും പ്രബോധനങ്ങളും ഇക്കാര്യത്തിൽ നന്നായി ഉപയോഗിക്കപ്പെടേണ്ടതാണ്. തിരുവചനപ്രഘോഷണം കർത്താവിനെ കണ്ടുമുട്ടാനുള്ള ക്ഷണമാണ്. 10-12 മിനിറ്റിൽ കൂടാതിരിക്കുന്നതാണ് ഉചിതം. ഇപ്പോൾ ഇവിടെയായിരിക്കുന്ന നമ്മോടുള്ള ദൈവത്തിന്റെ അഭിസംബോധനയാണ് വചന വായനകൾ. പ്രസംഗത്തിൽ ദൈവികവെളിപാട് നാം വ്യാഖ്യാനിക്കുകയാണെന്ന് മറക്കരുത്. ദൈവവചനം സജീവവും ജീവദായകവും ക്രിയാത്മകവും ആകുന്നത് പ്രധാനമായും ആരാധനക്രമത്തിലാണ്. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരുടെ അനുഭവം (ഹൃദയം ജ്വലിക്കണം) ശ്രോതാക്കൾക്ക് കിട്ടണം. പ്രസംഗസമയത്ത് പരോക്ഷമായിപ്പോലും വ്യക്തിപരമായതും സൂചനകൾ വച്ചുള്ളതുമായ പരാമർശങ്ങൾ പാടില്ല. മ്ശംശാന പട്ടമെങ്കിലും ഉള്ളവർക്കേ വി. കുർബാന മദ്ധ്യേ വചനപ്രഘോഷണം നടത്തുവാൻ അനുവാദമുള്ളു.

25. തക്സായിലുള്ള പ്രാർത്ഥനകളോടുകൂടി, എന്തെങ്കിലും സ്വന്തമായി കൂട്ടിച്ചേർക്കാനോ, കുറയ്ക്കാനോ പാടില്ല. സഭ നിശ്ചയിച്ചിരിക്കുന്ന പ്രാർത്ഥനകളാണവയെല്ലാം.

26. സഹകാർമ്മികരുള്ളപ്പോൾ കൈകഴുകൽ ശുശ്രൂഷ മുഖ്യകാർമ്മികന്റെ കർമ്മമാണ്. കൈ കഴുകാനുള്ള വെള്ളവും തുടയ്ക്കാനുള്ള തുണിയും ശുശ്രൂഷി ബേമയിലേക്കു കൊണ്ടുവന്ന് അവിടെ വച്ച് കൈകഴുകൽ കർമ്മം നടത്തണം. കൈകഴുകൽ കൈയ്യിലെ ഒരു വിരൽ മാത്രം കഴുകുന്ന ശൈലിയായി ഒതുങ്ങുന്നത് ശരിയല്ല.

27. വി. കുർബാനയുടെ ആരംഭത്തിലെ പ്രദക്ഷിണത്തിൽ വി. ഏവൻഗേലിയോൻ പുസ്തകവും മാർത്തോമാ സ്ലീവായും ധൂപക്കുറ്റിയും തിരികളുമായി മദ്ബഹായിൽ കയറി വണങ്ങിയതിനുശേഷം വിരിതുറന്നു ബേമ്മയിലേക്കുവരുന്നു.

28. ഞായറാഴ്ചകളിലും ആഘോഷാവസരങ്ങളിലും 4 വായനകളും ധൂപവും ഉണ്ടായിരിക്കണം. വേദപുസ്തകവായനകൾ

പ്രഘോഷണഗ്രന്ഥങ്ങളിൽ (Lectionary) നിന്നാവണം. ലേഖന വായനയുടെ സമയത്ത് വായനക്കാരന്റെ സമീപത്തു കത്തിച്ചതിരിയുമായി മറ്റൊരു ശുശ്രൂഷി നിൽക്കേണ്ടതാണ്. സുവിശേഷ വായനയ്ക്കുള്ള പ്രദക്ഷിണത്തിലും സുവിഷേഷവായനയുടെ സമയത്തും രണ്ടു തിരികളും സാധിക്കുമെങ്കിൽ മാർത്തോമ്മാ സ്ലീവായും ഉപയോഗിക്കേണ്ടതാണ്.

29. വി. കുർബാനയിലെ സുമ്മാറ (ഹല്ലേലൂയ്യാ) ഗീതത്തിന്റെ ആരംഭത്തിൽതന്നെ ആരാധനസമൂഹം എഴുന്നേൽക്കണ്ടതാണ്.

30. സുവിശേഷപ്രദക്ഷിണത്തിനു സുവിശേഷം നെറ്റിവരെ ഉയർത്തി മുഖം മറച്ച് പിടിക്കണം, സുവിശേഷവായനയ്ക്കുശേഷം സുവിശേഷം ബലിപീഠത്തിൽ തിരികെ പ്രതിഷ്ഠിക്കണം.

31. കാറോസൂസയുടെ സമയത്ത് സമൂഹം നിൽക്കുകയാണ് ചെയ്യേണ്ടത്.

32. അപ്പവും വീഞ്ഞും ബേസ്ഗസ്സാകളിൽ ദിവ്യരഹസ്യങ്ങൾ ഒരുക്കുന്നതിനുമുമ്പ് ബലിപീഠത്തിൽ വയ്ക്കുന്ന രീതി ഒഴിവാക്കണം. ബലിവസ്തുക്കൾ ഒരുക്കുന്നത് കാറോസൂസയുടെ സമയത്താണ്. വി. കുർബാനയിലെ ദിവ്യരഹസ്യഗീതത്തിന്റെ സമയത്താണ് അവ ബലിപീഠത്തിൽ ആഘോഷമായി പ്രതിഷ്ഠിക്കേണ്ടത്. ബേസ്ഗസ്സാകളിൽനിന്ന് ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്ക് കൊണ്ടുപോകുമ്പോൾ നെറ്റിവരെ ഉയർത്തിപ്പിടിക്കണം.

33. ബലിവസ്തുക്കൾ മൂടുക, ബലിവസ്തുക്കൾക്കുചുറ്റും ചുരുട്ടി വയ്ക്കുക, അനുരഞ്ജനശുശ്രൂഷയിൽ നിവർത്തി വയ്ക്കുക എന്നിങ്ങനെയുള്ള ശോശപ്പായുടെ ഉപയോഗം വി. കുർബാനയിൽ യഥാവിധം ചെയ്യേണ്ടതാണ്.

34. വിശ്വാസപ്രമാണത്തിൽ "പിതാവിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്നാണ് ചൊല്ലേണ്ടത്. നാം ഉപയോഗിക്കുന്ന നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ സാർവ്വത്രികസൂനഹദോസുകളിൽ രൂപപ്പെട്ട വിശ്വാസപ്രമാണത്തിൽ പിതാവിൽനിന്ന്

പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നു മാത്രമേ ഉള്ളു. എല്ലാ പൗരസ്ത്യസഭകളും ഈ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

35. "എന്റെ സഹോദരരേ,..." എന്ന സഹായാഭ്യർത്ഥന ജനങ്ങളുടെ നേരെ കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട് ചൊല്ലണം. ഈ ഭാഗം മുഴുവനും മൈക്കിലൂടെ ചൊല്ലി, ഒടുവിൽ മാത്രം ജനങ്ങളുടെ നേരെ തിരിയുകയല്ലവേണ്ടത്. **അതുപോലെ തന്നെ സമാധാനം നൽകുമ്പോഴും.** സഹകാർമ്മികർ ഉള്ളപ്പോഴും "എനിക്കുവേണ്ടി" എന്ന ഏകവചനരൂപം ഉപയോഗിക്കണം.

36. വി. കുർബാനയിൽ കാർമ്മികൻ ദൈവജനത്തെ ആശീർവ്വദിക്കുമ്പോഴൊക്കെ ജനം ശിരസ്സു നമിച്ച് കുരിശുവരച്ച് ആശീർവ്വാദം സ്വീകരിക്കണം. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന് ചൊല്ലുമ്പോൾ സ്വയം കുരിശടയാളം വരയ്ക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

37. അനാഫൊറായിലെ ഗ്ഹാന്തപ്രാർത്ഥനകൾ മാറ്റി ചൊല്ലാനോ നിശബ്ദമായി ചൊല്ലാനോ മറ്റുപ്രാർത്ഥനകളുടെയോ ഗീതങ്ങളുടെയോ സമയത്തു ചൊല്ലിത്തീർക്കാനോ ഉപേക്ഷിക്കാനോ പാടില്ല.

38. അനാഫൊറാ അഥവാ കൂദാശാ ഭാഗം പ്രധാനകാർമ്മികൻ തന്നെയാണ് ചൊല്ലേണ്ടത്. സഹകാർമ്മികർ ഉള്ളപ്പോൾ ഗ്ഹാന്തകൾ മാറിമാറി ചൊല്ലാൻ പാടില്ല.

39. കുർബാനയർപ്പണത്തോടനുബന്ധിച്ചു തക്സായിൽ പറഞ്ഞിരിക്കുന്ന കാർമ്മികന്റെ സ്വരവൈവിധ്യം ശ്രദ്ധിക്കുകയും പാലിക്കുകയും വേണം. വിശ്വാസികളുടെ സമൂഹത്തിന് ഫലപ്രദമായ രീതിയിൽ പ്രാർത്ഥനകൾ ഉൾക്കൊള്ളാൻ ഇത് കാരണമാകും. **കാനോനപ്രാർത്ഥനകൾ** എല്ലാം ഉയർന്ന സ്വരത്തിൽ ചൊല്ലേണ്ടതാണ്. ***ഗ്ഹാന്താപ്രാർത്ഥനകൾ*** കുനിഞ്ഞു നിന്ന് താഴ്ന്ന സ്വരത്തിൽ, എന്നാൽ വിശ്വാസികളുടെ സമൂഹത്തിന് കേൾക്കത്തക്കവിധത്തിൽ ചൊല്ലേണ്ടതാണ്. **കുശാപ്പാ പ്രാർത്ഥനകൾ** താഴ്ന്ന സ്വരത്തിൽ ജനങ്ങൾ പ്രാർത്ഥന ചൊല്ലുന്ന സമയത്ത് ചൊല്ലണം. **കുർബാനസ്ഥാ**

**പനവിവരണം** നാടകീയമായും ഉപകരണങ്ങളുടെ അമിത അകമ്പടിയോടെയും (വളരെ ഉച്ചത്തിലും) ചൊല്ലരുത്.

40. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും അനുസ്മരിക്കാനും പ്രത്യേക പ്രാർത്ഥനാനിയോഗം അറിയിക്കാനുമുള്ള അവസരം അനുസ്മരണാപ്രാർത്ഥനാസമയമാണ് (ഡിപ്റ്റിക്സ്).

41. കുർബാനസ്ഥാപന വിവരണശേഷം പീലാസയും കാസയും പ്രത്യേകം ഉയർത്തുന്നില്ല.

42. ധൂപാശീർവാദപ്രാർത്ഥനകൾ വിശ്വാസികൾ കേൾക്കത്തക്ക വിധത്തിൽ ചൊല്ലുന്നത് നല്ലതാണ്.

43. കൈകൾ വിരിച്ചു പിടിക്കുന്നത്: കൈകൾ ശിരസ്സിനു മുകളിൽ വരാതെയും കൈമുട്ടുകൾ ദേഹത്തു തൊടാതെയും ഉള്ളംകൈകൾ മുകളിലേയ്ക്ക് തുറന്നുപിടിക്കുന്നു.

44. കൈകൾ ഉയർത്തിപ്പിടിച്ച്:

നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്ക്...

ഒന്നായ് ഉച്ചസ്വരത്തിലവർ...

കർത്താവേ അനുഗ്രഹിക്കണമേ...

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ...

കർത്താവായ ദൈവമേ, കാരുണ്യപൂർവ്വം.../കർത്താവേ ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും...

45. കാർമ്മികൻ തന്റെമേൽ കുരിശു വരയ്ക്കുന്നു:

ഉള്ളംകൈ ശിരസ്സിനു മുകളിൽ കാണത്തക്കവിധം ഉയർത്തി നെറ്റിയിൽ വച്ചുകൊണ്ട് തുടങ്ങുന്നു.

46. ബലിപീഠ ചുംബനം:

ചുംബിക്കുകയോ നെറ്റിത്തടം അൾത്താരയിൽ മുട്ടിക്കുകയോ ചെയ്യുന്നു.

47. സമാധാനം നൽകുന്നത്: (ശ്ലാമാ/കൈക്കസ്തുരി)

കൊടുക്കുന്ന ആൾ തന്റെ കൂപ്പുകൈ സ്വീകരിക്കുന്ന ആളിന്റെ

കൈപ്പത്തികൾക്കുള്ളിൽവച്ചുകൊണ്ടാണ് നല്കേണ്ടത്. ശുശ്രൂഷികൾ കാർമ്മികനിൽനിന്ന് ശ്ലാമാ സ്വീകരിച്ച് വിശ്വാസികൾ നിൽക്കുന്ന സ്ഥലത്ത് കൊണ്ടുചെന്നു കൊടുക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

48. പ്രാർത്ഥനായാചനകൾ:

ജനങ്ങൾക്കുനേരെ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തി ചെയ്യണം.

49. ആരാധനക്രമ പ്രാർത്ഥനകളിൽ സഭാതലവനെ അനുസ്മരിക്കുന്ന അവസരത്തിൽ 'ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ ഗീവർഗീസ് മെത്രാപ്പോലീത്താ' എന്നാണ് ചൊല്ലേണ്ടത്. രൂപതാദ്ധ്യക്ഷനെ സ്മരിക്കുന്ന ഭാഗത്ത് 'ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ' എന്ന അഭിസംബോധനയാണ് ഉപയോഗിക്കേണ്ടത്.

50. റൂഹാക്ഷണപ്രാർത്ഥന സ്വരമുയർത്തി ചൊല്ലണം. അദ്ദായി -മാറിയുടെയും തെയദോറിന്റെയും അനാഫൊറാകളിൽ ദിവ്യരഹസ്യങ്ങളുടെ മുകളിൽ കൈകൾ ഉയർത്തി ഇടതുകൈ അടിയിലും വലതുകൈ മുകളിലുമായി കുരിശാകൃതിയിൽ കമിഴ്ത്തി പിടിക്കണം. കൈകൾ കാസയിൽ മുട്ടരുത്. നെസ്തോറിയസിന്റെ അനാഫൊറായിൽ കൈകൾ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യേണ്ടത്.

51. വി. കുർബാന ഉയർത്തുന്നതിനുമുമ്പ് കൈകൾ കുരിശാകൃതിയിൽ നെഞ്ചോടുചേർത്ത് ബലിപീഠം ചുംബിക്കുന്നു. അതിനുശേഷം ആചാരം ചെയ്ത് തിരുവോസ്തി (ബുക്റ) കരങ്ങളിലെടുത്തുയർത്തി അതിന്മേൽ നോക്കിക്കൊണ്ടാണ് പ്രാർത്ഥിക്കുന്നത്.

52. വിഭജനശുശ്രൂഷ അമിതവേഗത്തിൽ ചൊല്ലിത്തീർക്കാവുന്ന ഒന്നാണെന്നു തെറ്റിദ്ധരിക്കരുത്. "ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു" എന്ന ഓനീസായുടെ ഒരു പാദംപോലും തീരുന്നതിനുമുമ്പ്തന്നെ വിഭജനശുശ്രൂഷ തീർക്കാനുള്ള പ്രവണത തിരുത്തേണ്ടതാണ്.

53. അനുരഞ്ജനശുശ്രൂഷയിൽ ശുശ്രൂഷി കാറോസൂസ ചൊല്ലുമ്പോൾ കാർമ്മികൻ കൈകൾ ഉയർത്തിപ്പിടിച്ച് താഴ്ന്ന സ്വരത്തിൽ ചൊല്ലേണ്ട ”ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ” എന്ന സ്വകാര്യപ്രാർത്ഥന ഒഴിവാക്കരുത്.

54. വിശ്വാസികൾ ഒരേ ദിവസംതന്നെ ഒന്നിലധികം കുർബാനകളിൽ പങ്കെടുക്കേണ്ടിവരുന്ന അവസരങ്ങളിൽ ഒരു പ്രാവശ്യം മാത്രം വി. കുർബാന സ്വീകരിച്ചാൽ മതിയാകും.

55. വി. കുർബാനസ്വീകരണം സംബന്ധിച്ച് ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. സാധിക്കുന്നിടത്തോളം ഇരുസാദൃശ്യങ്ങളിൽ വി. കുർബാന നൽകേണ്ടതാണ്. നാവിൽതന്നെ വി. കുർബാന നല്കുന്നതായിരിക്കും അഭികാമ്യം. ഓരോ വി. കുർബാനയിലും ആവശ്യമായ ഓസ്തികൾ കൂദാശ ചെയ്യേണ്ടതും ആവശ്യത്തിൽകൂടുതൽ ഓസ്തികൾ കൂദാശചെയ്തുവയ്ക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. സക്രാരിയിൽ അത്യാവശ്യത്തിനുള്ള ഏതാനും തിരുവോസ്തികൾ സൂക്ഷിച്ചാൽ മതി. വിശ്വാസികളുടെ കുർബാനസ്വീകരണത്തിന് ഉപയോഗിക്കുന്ന ഓസ്തികൾക്ക് ഉചിതമായ കനവും വലിപ്പവുമുണ്ടായിരിക്കണം.

56. കുർബാന സ്വീകരണത്തിനുശേഷം ബലിപീഠത്തിൽ വച്ച് കാസായും പീലാസയും കഴുകി വെടിപ്പാക്കരുത്. അത് ബേസ്ഗസ്സായിലേക്കു കൊണ്ടുചെന്നാണ് ചെയ്യേണ്ടത്.

57. പരി. കുർബാന സ്വീകരണസമയത്തുള്ള ഗാനം അതിനുശേഷമുള്ള പ്രാർത്ഥനകൾക്കു പകരമാകുന്നില്ല. “മനുഷ്യവർഗ്ഗത്തിന്റെ ...” ചൊല്ലി, സമൂഹത്തിന്റെ കൃതജ്ഞത പ്രാർത്ഥന ഉൾപ്പെടെ ശുശ്രൂഷിയുടെ “പരിശുദ്ധാത്മാവിന്റെ...” വരെ ചൊല്ലേണ്ടതാണ്.

58. വി. കുർബാനാഘോഷസമയത്ത് ജനങ്ങൾ നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ചെയ്യുന്നത് താഴെപ്പറയും പ്രകാരമാണ്:

**നില്ക്കുന്നു**

- കുർബാനയുടെ ആരംഭംമുതൽ ആദ്യ വിശുദ്ധഗ്രന്ഥ പാരായണത്തിന്റെ ആരംഭംവരെ
- സുവിശേഷവായനയുടെ സമയത്ത്
- കാറോസൂസ മുതൽ കൈവയ്പുപ്രാർത്ഥന ഉൾപ്പെടെ
- വിശ്വാസപ്രമാണസമയത്ത്
- കൂദാശ (അനാഫൊറ) ഭാഗത്ത്
- കുർബാനസ്വീകരണത്തിനുമുമ്പുള്ള "സ്വർഗ്ഗസ്ഥ നായ പിതാവേ" ക്ക് തൊട്ടുമുമ്പുള്ള പ്രാർത്ഥന മുതൽ കുർബാനയുടെ സമാപനം വരെ.

**ഇരിക്കുന്നു**

- പഴയനിയമ, ലേഖനവായനകളുടെ സമയത്ത്
- സുവിശേഷപ്രസംഗസമയത്ത്
- (വേണമെങ്കിൽ ദിവ്യരഹസ്യങ്ങളുടെ സമയത്ത് - ഇരുന്നാൽവിശ്വാസപ്രമാണം തുടങ്ങുമ്പോൾ എഴുന്നേൽക്കേണ്ടതാണ്).

59. വി. കുർബാന അനാദരവോടെ എഴുന്നള്ളിച്ചു കൊടുക്കുന്ന ശൈലികൾ ഉണ്ടെങ്കിൽ (പ്രത്യേകിച്ച് തിരുനാളുകളിൽ) തിരുത്തണം. വി. കുർബാന താഴെ വീഴാൻ ഇടയാകരുത്. ഏതെങ്കിലും കാരണവശാൽ താഴെ വീഴാൻ ഇടയായാൽ വൈദികർതന്നെ ആദരവോടെ മുട്ടുകുത്തി തിരുവോസ്തി എടുത്ത് കുസ്തോദിയിൽ വയ്ക്കുകയും ആ സ്ഥലം സങ്കീർണ്ണു കൊണ്ട് നന്നായി തുടയ്ക്കുകയും ചെയ്യണം. (സാധിക്കുമെങ്കിൽ ദൈവാലയശുശ്രൂഷി വെള്ളം കൊണ്ടുവന്ന് നിലം തുടയ്ക്കുന്നതും നല്ലതാണ്).

60. തിരുവസ്ത്രങ്ങൾ, തിരുകർമ്മങ്ങൾക്കുള്ള പുസ്തകങ്ങൾ, വസ്തുക്കൾ തുടങ്ങിയവ വൃത്തിയായിരിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും വേണം.

61. ശുശ്രൂഷികൾക്ക് നല്ല പരിശീലനം നൽകണം. ആഘോഷമായ അവസരങ്ങളിലെങ്കിലും നിർദ്ദിഷ്ട തിരുവസ്ത്രങ്ങളണിയുന്നത് നല്ലതാണ്. ശുശ്രൂഷികളുടെ പ്രാർത്ഥനകളും ഗീതങ്ങളും ശുശ്രൂഷകർ തന്നെ നിർവ്വഹിക്കണം. കുട്ടികൾക്കു പുറമെ മുതിർന്നവരെയും പരിശീലിപ്പിച്ചു പള്ളികളിൽ ശുശ്രൂഷികളായി അനുവദിക്കുന്നത് യുവാക്കൾക്കും മുതിർന്നവർക്കും അർഹമായ പങ്കാളിത്തം ലഭിക്കുന്നതിന് ഇടയാക്കും. നമ്മുടെ രൂപതയിൽ അൾത്താരബാലികമാരെ അനുവദിച്ചിട്ടില്ല.

62. സഹകാർമ്മികരോടൊപ്പം വി. കുർബാന അർപ്പിക്കുമ്പോൾ ബേമ്മയിൽ മുഖ്യകാർമ്മികന്റെ മൈക്ക് കൂടാതെ മറ്റു വൈദികർക്കും ശുശ്രൂഷികൾക്കും ആവശ്യത്തിന് മൈക്കുകൾ ക്രമീകരിക്കുന്നത് നല്ലതാണ്.

63. സുറിയാനിശൈലിക്കും മലയാളഭാഷയ്ക്കും ചേർന്നവിധം എല്ലാ പ്രാർത്ഥനകളും ധ്യാനാത്മകമായി , ഭക്തിദ്യോതകമായി നിറുത്തിനിറുത്തി എന്നാൽ ഈണത്തിൽ ചൊല്ലണം. ആരാധനാക്രമത്തിൽ പ്രാർത്ഥനകൾ വായിക്കുകയല്ല(read), ചൊല്ലുകയാണ് (recite) എന്ന് എല്ലാവരും അറിഞ്ഞിരിക്കണം. പ്രാർത്ഥനകളും ഗീതങ്ങളും സംഗീതാത്മകമായിരിക്കുന്നത് നല്ല ഒരു ആരാധന പാരമ്പര്യമാണ്. എന്നാൽ Sound, Musical Instruments എന്നിവയുടെ അതിപ്രസരം ഉണ്ടാകാത്ത വിധത്തിലും ഒന്നോ രണ്ടോ പേർ മാത്രം പാടുന്നു എന്നുവരാത്തവിധത്തിലും ക്രമീകരിക്കണം. വചനവേദിയിലുള്ളവർ എന്നു നിർദ്ദേശിച്ചിരിക്കുന്നവ പട്ടം സ്വീകരിച്ചിട്ടുള്ളവർ മാത്രം പാടാനും പ്രാർത്ഥിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കഴിവതും എല്ലാവർക്കും പാടാവുന്ന ഈണത്തിൽ തന്നെ (തുയെ) കുർബാന അർപ്പിക്കുക. കുർബാനയുടെ ആഘോഷാത്മകത ട്യൂണിനെ ആശ്രയിച്ചല്ല നിലകൊള്ളുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം.

64. കുർബാന മദ്ധ്യേ നടത്തുന്ന പിരിവ്, അതിനുശേഷം മദ്ബഹയിൽ കൊണ്ടുവന്നു വയ്ക്കരുത്.

65. തിരുവസ്ത്രങ്ങൾക്ക് വി. ഗ്രന്ഥാധിഷ്ഠിതമായ പ്രത്യേക അർത്ഥങ്ങൾ ഉള്ളതിനാൽ പൂർണ്ണ തിരുവസ്ത്രങ്ങളോടുകൂടി മാത്രമേ ബഹു. വൈദികർ വി. കുർബാനയിൽ പങ്കെടുക്കാവൂ.

66. ഇടവകദൈവാലയങ്ങൾ പുതുക്കിപ്പണിയുന്ന അവസരത്തിൽ താത്ക്കാലിക കെട്ടിടസൗകര്യങ്ങളിൽ വി. കുർബാന അർപ്പിക്കേണ്ടതായിവരുമ്പോഴും സിനഡിന്റെ പൊതുനിർദ്ദേശങ്ങൾ പാലിച്ചിരിക്കണം. വചനശുശ്രൂഷ ജനാഭിമുഖമായും അനാഫൊറാ മുതൽ കുർബാനസ്വീകരണം വരെ മദ്ബഹായിലേയ്ക്ക് തിരിഞ്ഞും ആയിരിക്കണം. കുർബാന മുഴുവനും ജനാഭിമുഖമായിട്ടു അർപ്പിക്കുവാൻ പാടില്ല. സെമിനാരിപോലെയുള്ള പരിശീലനകേന്ദ്രങ്ങളിൽ കുർബാന മുഴുവനും മദ്ബഹായിലേയ്ക്ക് തിരിഞ്ഞ് ചൊല്ലണം എന്ന പരി. സിംഹാസനത്തിന്റെ നിർദ്ദേശം ബന്ധപ്പെട്ട വൈദികർ ശ്രദ്ധിക്കണം. റാസയിലെ ക്രമവും റാസക്കുർബാനയുടെ ഭാഗങ്ങളും ഉചിതമെങ്കിൽ ആഘോഷമായ കുർബാനയർപ്പണങ്ങളിൽ ഉപയോഗിക്കാവുന്നതാണ്.

67. ഇടവകദൈവാലയങ്ങളിലെ വി. കുർബാനയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. കുരിശുപള്ളികളിലെ വി. കുർബാന കഴിവതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

68. കാറോയാ, ഹെവ്പ്പദ്യാക്കോന പട്ടം (Minor Orders) സ്വീകരിച്ചവർ ആരാധനക്രമ കർമ്മങ്ങൾക്കിടെ സുവിശേഷപ്രഘോഷണം നടത്തുന്നില്ല.

69. ആരാധനയ്ക്കായി വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവയ്ക്കുന്നത് ബലിപീഠത്തിൻമേലാണ്. ബേമ്മയിലോ, മറ്റു മേശകളിലോ വയ്ക്കാൻ പാടില്ല.

70. മെത്രാന്മാരും വൈദികരും മാത്രമേ വി. കുർബാന നേരിട്ട് എടുത്ത് സ്വീകരിക്കാവൂ.

71. പ്രത്യേക പരിശീലനം സിദ്ധിച്ച് അനുവാദം ലഭിച്ചിട്ടുള്ള സിസ്റ്റേഴ്സ് മാത്രമേ പരിശുദ്ധ കുർബാന വിശ്വാസികൾക്ക് നല്കാൻ പാടുള്ളൂ.

72. മംഗളവാർത്തയുടെ ഒന്നാം ഞായർ മുതൽ ഓശാന ഞായർ വരെയുള്ള കാലങ്ങളിൽ ആയിരുന്നു മാർ തെയദോറിന്റെ കൂദാശ ചൊല്ലിയിരുന്നത്. ഇപ്പോൾ ഉചിതമായ ഏതു അവ സരത്തിലും ഉപയോഗിക്കാവുന്നതാണ്.

73. മാർ നെസ്തോറിയസിന്റെ കൂദാശ ആരാധനാവത്സരത്തിൽ ദനഹാത്തിരുനാൾ, വി. യോഹന്നാൻ മാംദാനയുടെ ഓർമ്മ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിലെ ബുധൻ, പെസഹാ വ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ മറ്റ് അവസരങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കാവുന്നതാണ്. നെസ്തോറിയസിന്റെ കുർബാനക്രമത്തിൽ കാർമ്മികൻ രണ്ടുതവണ മുട്ടുകുത്തുന്ന കാര്യം ശ്രദ്ധയിൽപെടുത്തുന്നു.

74. കൂദാശചെയ്യാത്ത ബലിപീഠങ്ങളിൽ ദെപ്പാ ഉപയോഗിച്ചുമാ ത്രമേ വി. കുർബാന അർപ്പിക്കാവൂ. (ഉദാ: മഠങ്ങൾ, സന്യാ സഭവനങ്ങൾ, കുരിശുപള്ളികൾ) ബലിപീഠം സ്ഥിരമായി ഉറ പ്പിക്കപ്പെട്ടതല്ലെങ്കിൽ കപ്പേള ആശീർവദിക്കുന്നക്രമം ഉപയോ ഗിച്ചാൽ മതിയാവും. സ്ഥിരമായി ഉറപ്പിക്കപ്പെട്ട ബലിപീഠമെ കൂദാശ ചെയ്യുകയുള്ളു. കൂദാശ ചെയ്ത ബലിപീഠം ഇളക്കി മാറ്റാൻ പാടില്ല.

75. പ്രധാനപ്പെട്ട അവസരങ്ങളിൽ ആഘോഷപൂർവ്വം കുർബാന അർപ്പിക്കുമ്പോൾ സഹകാർമ്മികർ എല്ലാവരും മുഴുവൻ തിരു വസ്ത്രങ്ങളും ധരിക്കാൻ ശ്രദ്ധിക്കണം. മറ്റ് അവസരങ്ങളിൽ സഹകാർമ്മികർ കൊത്തിനയും സൂനാറായും ഉറാറായും എങ്കിലും ധരിച്ചിരിക്കേണ്ടതാണ്. ഇവ സാധ്യമല്ലാത്ത അവ സരങ്ങളിൽ മാത്രമേ ളോവക്ക് പുറമേ ഉറാറമാത്രം ധരിച്ച് വി. കുർബാന അർപ്പിക്കാവൂ. വിവിധ റീത്തിലെ വൈദികർ സമൂഹബലി അർപ്പിക്കുമ്പോൾ അത് (പ്രാർത്ഥനകൾ) മുഖ്യ കാർമ്മികന്റെ റീത്തിലായിരിക്കണം. എന്നാൽ ഓരോരുത്തരും സ്വന്തം റീത്തനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ അണിയണമെ ന്നതാണ് സാധാരണനിയമം.

76. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ പ്രാർത്ഥനകളും ഗീതങ്ങളും ചെല്ലുന്നകാര്യത്തിൽ തക്സയിൽ കൊടുത്തിരിക്കുന്ന നിയമങ്ങൾ പാലിക്കേണ്ടതാണ്. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ, അന്നുതന്നെ മറ്റൊരു കുർബാനയർപ്പിച്ച് കുർബാനധർമ്മം വാങ്ങിയിട്ടുണ്ടെങ്കിൽ വീണ്ടും കുർബാനധർമ്മം സ്വീകരിക്കാൻ പാടില്ല. അജപാലനാവശ്യത്തിനായി രണ്ടാമതോ മൂന്നാമതോ കുർബാന അർപ്പിക്കേണ്ടിവന്നാൽ അവയുടെ കുർബാനധർമ്മം രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിലേക്ക് നീക്കിവയ്ക്കേണ്ടതാണ്.

77. കുട്ടികളുടെ ആദ്യകുമ്പസാരശേഷമുള്ള കുർബാനസ്വീകരണം, ഒത്തുകല്യാണം, വിവാഹാഘോഷം, തിരുപ്പട്ടസ്വീകരണം, ജൂബിലിയാഘോഷങ്ങൾ തുടങ്ങിയ അവസരങ്ങളിൽ മിതവ്യയം പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

78. പ്രഥമ അനുരഞ്ജനകൂദാശസ്വീകരണവും തുടർന്നുള്ള കുർബാനസ്വീകരണവും ധൂർത്തും പാഴ്ചെലവും ഒഴിവാക്കി ദൈവാലയത്തിൽ ഇടവകയുടെ ആഘോഷമായും വീട്ടിൽ അടുത്ത കുടുംബംഗങ്ങളുടെ മാത്രം ആഘോഷമായും പരിമിതപ്പെടുത്തണം.

79. കൂദാശകളുടെ പുതുക്കിയ ക്രമം വന്നപ്പോൾ അവയുടെ പരികർമ്മരീതിയെക്കുറിച്ചുതന്ന നിർദ്ദേശങ്ങൾ ദയവായി എല്ലാവരും ശ്രദ്ധിക്കണം. കുട്ടിയെ മാമ്മോദീസാത്തൊട്ടിയിൽ ഇരുത്തി, വൈദികൻ തന്നെ രണ്ടുകൈകളും ഉപയോഗിച്ച് കുട്ടിയുടെ ശിരസ്സിലേയ്ക്ക് മൂന്നു പ്രാവശ്യം ജലം ഒഴിക്കുന്ന ക്രമം എല്ലാവരും പാലിക്കണം (സാന്ത്വനപ്രകാശം Vol.55 ജനുവരി 2005).

80. മാമ്മോദീസയുടെ പരികർമ്മത്തിൽ തൈലവും വെള്ളവും ഓരോ പ്രാവശ്യം പുതുതായിത്തന്നെ വെഞ്ചരിക്കേണ്ടതാണ്. രോഗീലേപനത്തിനുള്ള തൈലവും അപ്രകാരംതന്നെ ചെയ്യേണ്ടതാണ്.

81. മാമ്മോദീസാക്രമത്തിൽ ആദ്യത്തെലേപനം മുമ്പു നടത്തിയ മാമ്മോദീസായിലെ ശേഷിച്ച തൈലംകൊണ്ടു ശിശുവിന്റെ നെറ്റിയിൽ സ്ലീവാ അടയാളം വരച്ച് റൂശ്മ/മുദ്ര ചെയ്യുകയാണ് വേണ്ടത്. മാമ്മോദീസായിലെ രണ്ടാമത്തെ ലേപനത്തിനുള്ള തൈലവും മാമ്മോദീസ മുക്കുന്നതിനാവശ്യമായ വെള്ളവും അതതു മാമ്മോദീസാ പരികർമ്മങ്ങൾക്കിടയിൽ ആശീർവ്വദിക്കണം.

82. മാമ്മോദീസായും തൈലാഭിഷേകവും സ്വകാര്യമായി നൽകാതെ പ്രത്യേക അവസരങ്ങളിൽ വിശിഷ്യ ദനഹാ, വലിയശനി, പന്തക്കുസ്താ തുടങ്ങിയ ദിവസങ്ങളിലെ തിരുക്കർമ്മങ്ങളോട് ചേർത്ത് നടത്തുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനുപുറമെ വി. കുർബാനയോടനുബന്ധിച്ചുതന്നെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്യാൻ തക്കവിധം ഓരോ ഇടവകയിലും മാസത്തിൽ ഒരു ദിവസം പ്രത്യേകം നീക്കിവയ്ക്കുന്നത് അഭികാമ്യമാണ്.

83. പ്രവേശകകൂദാശകൾ സ്വീകരിക്കുന്നത് ചെറുപ്പത്തിലാണെങ്കിലും നന്മതിന്മകൾ തിരിച്ചറിയുന്ന പ്രായത്തിൽ വിശ്വാസ പരിശീലനം 4-ാം ക്ലാസ്സ് പൂർത്തിയാക്കുന്ന കുട്ടികളെ അനുരഞ്ജന കൂദാശയ്ക്ക് പ്രത്യേകം ഒരുക്കി പ്രഥമകുമ്പസാരം നടത്തിയശേഷമുള്ള വി. കുർബാന സ്വീകരണം നടത്തണം.

84. മാമ്മോദീസായോടൊപ്പം പരിശുദ്ധ കുർബാന സ്വീകരിച്ച പൈതങ്ങളെ തുടർന്ന് ദൈവാലയത്തിൽ കൊണ്ടുവരുമ്പോൾ അവർക്ക് പരിശുദ്ധ കുർബാന നൽകേണ്ടതില്ല. അവർക്ക് പരിശുദ്ധ കുർബാന നൽകുന്നതിന് ദൈവശാസ്ത്രപരമായി എന്തെങ്കിലും തടസ്സം ഉള്ളതുകൊണ്ടല്ല ഇങ്ങനെ നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ഏകീകൃതരീതിയുണ്ടായിരിക്കുക, പരിശുദ്ധ കുർബാനയോടുള്ള ആദരവിന് കുറവ് സംഭവിക്കാതിരിക്കുക എന്നീ ലക്ഷ്യങ്ങളോടെ അജപാലനപരമായ കാരണങ്ങളാലാണ്.

85. മാമ്മോദീസായ്ക്കുവേണ്ട വെള്ളയുടുപ്പ്, അലങ്കരിച്ച തിരി, മുടി എന്നിവ മാതാപിതാക്കൾ തന്നെ കൊണ്ടുവരേണ്ടതാണ്.

മാമ്മോദീസാ പരികർമ്മത്തിനു തടസ്സമാകാത്ത വിധത്തിൽ ലളിതമായ വസ്ത്രത്തോടെയാവണം കുഞ്ഞിനെ കൊണ്ടു വരേണ്ടത്.

86. മുതിർന്നവരുടെ മാമ്മോദീസായ്ക്ക് പ്രത്യേക ക്രമമാണുള്ളത്. മുതിർന്നവർക്ക്, മാമ്മോദീസാ തൊട്ടിയോടു ചേർന്നു നിൽക്കുന്ന അർത്ഥിയുടെ ശിരസ്സിൽ, ശരീരത്തിൽ വീഴത്തക്കവിധം മൂന്നു പ്രാവശ്യം വെള്ളമൊഴിച്ച് മാമ്മോദീസാ നൽകണം.

87. കുമ്പസാരിക്കാൻ വിശ്വാസികൾക്ക് കൂടുതൽ അവസരങ്ങൾ നൽകണം. നിവൃത്തിയുള്ളിടത്തോളം പള്ളിയിൽതന്നെ കുമ്പസാരക്കൂടുകളിൽ വേണം കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യാൻ. മറ്റു രീതികൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. കാർമ്മികൻ ഊറാറ ധരിക്കണം. വ്യക്തികളെ ഐഡന്റിഫൈ ചെയ്യാൻ പറ്റാത്തവിധം കുമ്പസാരക്കൂടിന്റെ നെറ്റ് ഇഴയടുപ്പമുള്ളതാകൻ ശ്രദ്ധിക്കണം.

88. ബന്ധുക്കളുടെയും അയല്ക്കാരായ കത്തോലിക്കാ കുടുംബങ്ങളുടെയും സാന്നിദ്ധ്യത്തിൽ രോഗീലേപനം നടത്തുന്നത് ഉത്തമമാണ്. ഇതിന് ഭവനത്തിൽ ഉചിതമായ ഒരുക്കങ്ങൾ നടത്തുവാൻ ശ്രദ്ധിക്കണം. (സ്ലീവാ, വെള്ളത്തുണി വിരിച്ച മേശ, വിശുദ്ധഗ്രന്ഥം, കത്തിച്ച തിരികൾ എന്നിവ ഒരുക്കണം). കിടപ്പുരോഗികൾ അല്ലാത്തവർക്ക് രോഗീദിനംപോലുള്ള പ്രത്യേകാവസരങ്ങളിൽ ദൈവാലയത്തിൽ വച്ചു തന്നെ പ്രത്യേക ഒരുക്കങ്ങൾ നടത്തി രോഗീലേപനം നൽകുന്നത് ഉചിതമാണ്.

89. പള്ളിയിൽനിന്നുകൊണ്ടുവരുന്ന പ്രത്യേക പാത്രങ്ങളിൽ വേണം രോഗീലേപനത്തിനുള്ള തൈലം ആശീർവദിക്കുവാൻ. അതിനുള്ള തൈലം പള്ളിയിൽനിന്നുതന്നെ കൊണ്ടുവരുന്നതാണ് ഉചിതം. രോഗീലേപനത്തിന് ഒലിവെണ്ണ ലഭ്യമല്ലെങ്കിൽ നല്ലെണ്ണയോ (എള്ളെണ്ണ), വെളിച്ചെണ്ണയോ ഉപയോഗിക്കാവുന്നതാണ്. മൂറോൻതൈലമോ മാമ്മോദീസായ്ക്കുള്ള തൈലമോ ഇതിനു പകരമായി ഉപയോഗിക്കരുത്.

90. മരണം സംഭവിക്കുമ്പോൾ മൃതസംസ്കാരം പല ദിവസങ്ങൾ നീട്ടിക്കൊണ്ടുപോകുന്ന രീതി ഒഴിവാക്കണം. റെക്കോർഡ്

ചെയ്തപാട്ടുകൾ ഉച്ചഭാഷിണി ഉപയോഗിച്ച് വലിയ സ്വരത്തിൽ വീടുകളിൽ വയ്ക്കരുത്. പ്രാർത്ഥനാന്തരീക്ഷം വീടുകളിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

91. മൃതസംസ്ക്കാരശുശ്രൂഷയിൽ വിലാപയാത്ര പോകേണ്ടത് റോഡിന്റെ ഇടതുവശം ചേർന്നാണ്. കുരിശിൻ തൊട്ടിയിൽ കുരിശിനെ വലം വച്ചാണ് (ക്ലോക്ക് വൈസ്) പള്ളിയിലേയ്ക്ക് മൃതദേഹം വഹിക്കേണ്ടത്. മൃതദേഹം പള്ളിയുടെ ഹൈക്കലായിൽ സാധിക്കുന്നിടത്തോളം ബേമ്മയുടെ സമീപത്താണ് വയ്ക്കേണ്ടത്. അല്മായരാണെങ്കിൽ മൃതദേഹത്തിന്റെ ശിരസ് കിഴക്കോട്ട് നോക്കുന്നവിധം പടിഞ്ഞാറാണ് തലവയ്ക്കേണ്ടത്. സിമിത്തേരിയിൽ മൃതസംസ്കാരത്തിൽ പങ്കെടുക്കുന്ന വിശ്വാസികൾക്ക് കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കാനുള്ളവിധമാണ് സിമിത്തേരി കപ്പേള പണിയേണ്ടത് (കിഴക്ക് പടിഞ്ഞാറ് ദർശനമായി).

92. മൃതസംസ്കാരം നിരാഘോഷമായി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസംഗം,വി.കുർബാ ന, മൈക്ക് എന്നിവ ഇല്ലാതിരിക്കുക, രണ്ട് മുത്തുക്കുടകൾ, ഒരു കുരിശ്, ഒരു വൈദികൻ എന്നിവ മാത്രമായിരിക്കുക എന്നതാണ്.

93. വീടുകളിലെ സന്ധ്യാപ്രാർത്ഥനയിൽ മരിച്ചവിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ (5 സ്വർഗ്ഗ, 5 നന്മനിറഞ്ഞ, 5 ത്രിത്വസ്തുതി, 5 മരിച്ചവിശ്വാസികളുടെ ആത്മാക്കൾക്ക്...) ഉൾപ്പെടുത്തണം.

94. ദനഹാക്കാലത്തിലെ അവസാനത്തെ വെള്ളിയാഴ്ചയാണ് സകലമരിച്ചവരുടെയും തിരുനാൾ ആഘോഷിക്കേണ്ടത്.

95. വൈദികൻ മരിച്ചാൽ ആ വിവരം ഇടവക ജനങ്ങളെ അറിയിക്കുന്നതിനായി ഒന്നും മൂന്നും വീതം 5 പ്രാവശ്യം ഇടവിട്ട് മണിയടിക്കണം. നഗരികാണിക്കൽ ശുശ്രൂഷാസമയത്ത് മൃതദേഹത്തിനുമുകളിൽ പിടിക്കാനായി 'പാലിക' ആനവാതിൽക്കൽ മുതൽ ഉപയോഗിക്കണം. വൈദികരുടെ കരം ചുംബിച്ചാണ് അന്തിമോപചാരം അർപ്പിക്കുന്നത്. മൃതദേഹം

വീട്ടിലും പള്ളിയിലും സെമിത്തേരിയിലും ജനാഭിമുഖമായിട്ടാണ് വയ്ക്കേണ്ടത്.

96. വിവിധാവശ്യങ്ങൾക്കായി പള്ളിയിൽ മണിയടിക്കുന്ന ക്രമം: –

- മാർപാപ്പയുടെ മരണം സംബന്ധിച്ച് – മൂന്നും നാലും ആയി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും മരണം സംബന്ധിച്ച് – രണ്ടും മൂന്നുമായി ഓരോ നിർത്തിനും അഞ്ചുപ്രാവശ്യം.
- ബഹു. വൈദികരുടെ മരണം സംബന്ധിച്ച് – ഒന്നും മൂന്നുമായി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- അൽമായരുടെ മരണം സംബന്ധിച്ച് – ഒന്നും രണ്ടുമായി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- ഏഴു വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണം സംബന്ധിച്ച് ഓരോ നിർത്തിനും ഒമ്പതുമണി.
- ത്രികാല ജപത്തിന് – മൂന്നുവീതം മൂന്ന് പ്രാവശ്യം
- മരിച്ചവരുടെ ഓർമ്മയ്ക്കായി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഒന്നുവീതം അഞ്ചുപ്രാവശ്യം.
- ഞായറഴ്ചകളുടെയും കടമുള്ള ദിവസങ്ങളുടെയും തലേദിവസവും അന്നു പ്രഭാതത്തിലും ത്രികാലജപത്തിനുള്ള മണിയടിക്കുശേഷം കൂട്ടമണി.
- ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാന കുർബാനകൾക്കുമുമ്പ് അര മണിക്കൂർ ഇടവിട്ട് ഒന്നും രണ്ടും മൂന്നും മണി.

97. വിവാഹം എന്ന കൂദാശയുടെ പരികർമ്മത്തിന് ഇടയിലുള്ള തിരി/നിലവിളക്ക് തെളിക്കുന്നത് കാർമ്മികൻ മാത്രമാണ്.

98. വിവാഹവാഗ്ദാനത്തിനുശേഷം മൂന്ന് പ്രാവശ്യം വിവാഹപരസ്യം നടത്തണമെന്നാണ് സഭയുടെ പാരമ്പര്യം. എന്നാൽ

പ്രത്യേക സാഹചര്യത്തിൽ വിവാഹപരസ്യത്തിന് സമയക്കുറവ് വരുമെങ്കിൽ വിവാഹവാഗ്ദാനത്തിനുമുമ്പ് വിവാഹപരസ്യം നടത്താൻ അനുവാദം നൽകേണ്ടത് ഫൊറോനാ വികാരിയാണ്. വിവാഹപരസ്യങ്ങൾ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതാണ് നല്ലത്. എന്നാൽ വളരെ പ്രത്യേക സാഹചര്യത്തിൽ അപ്രകാരം ആവശ്യമായി വന്നാൽ വിവാഹപരസ്യം ഒന്ന് കുറവ് ചെയ്യാൻ ഇടവക വികാരിക്കും രണ്ട് കുറവ് ചെയ്യാൻ ഫൊറോനാ വികാരിക്കും അധികാരമുണ്ട്. മറ്റ് അനുവാദങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നാണ് വാങ്ങേണ്ടത്.

99. നമ്മുടെ രൂപതയിൽ ഞായറാഴ്ച രണ്ടുമണിക്കു മുമ്പ് വിവാഹകർമ്മം പാടില്ല.

100. അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം: ആറു മാസത്തിലേറെക്കാലം സ്വന്തം ഇടവകയ്ക്കു വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (free state certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽനിന്ന് വാങ്ങിച്ച് ഹാജരാക്കണം. വൈദികരുടേത് സാധ്യമല്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. ഒപ്പം മാതാപിതാക്കന്മാരുടെയും വിവാഹിതനാകാൻ പോകുന്ന വ്യക്തിയുടെയും affidavit കൂടി സമർപ്പിക്കണം.

101. വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സ് നിർബന്ധമായും കൂടേണ്ടതാണ്.

102. നോമ്പുകാലത്തെ വിവാഹമുടക്കത്തെ ഗൗരവമായി തന്നെ പരിഗണിക്കേണ്ടതാണ്. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടാവണം നോമ്പുകാലത്ത് വിവാഹം ആശീർവ്വദിക്കേണ്ടിവന്നാൽപോലും നടത്തേണ്ടത്. രൂപതാ കാര്യാലയത്തിൽ നിന്ന് അനുമതിയില്ലാതെ നോമ്പുകാലവിവാഹം പാടില്ല.

103. വിവാഹം നടന്നുകഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽനിന്നും വാങ്ങി സർക്കാർ നിയ

മാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

104. തിരുനാളുകളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാർവ്വത്രികസഭ വിശിഷ്യ പൗരസ്ത്യസഭകൾ കർത്താവിന്റെ തിരുനാളുകൾക്കാണ് (ഉദാ: ഉത്ഥാനം, ദനഹ, ക്രിസ്മസ്...) മുഖ്യപ്രാധാന്യം നല്കുന്നത്. ശ്ലീഹന്മാരോടും രക്തസാക്ഷികളോടും മറ്റ് വിശുദ്ധരോടുമുള്ള വണക്കത്തെ അവരോടുള്ള ആരാധനയായി ധ്വനിപ്പിക്കപ്പെടാൻ ഇടയാകരുത്. തിരുനാളുകളെല്ലാം വി. കുർബാന കേന്ദ്രിതവും വചനപ്രഘോഷണാധിഷ്ഠിതവുമായിരിക്കണം. ധൂർത്ത് ഒഴിവാക്കണം. തിരുനാൾ പ്രദക്ഷിണം രാത്രി 9 മണിക്ക് കഴിഞ്ഞ് ദീർഘിപ്പിക്കരുത്. രണ്ടു കിലോമീറ്റർ കൂടുതലുള്ള പ്രദക്ഷിണങ്ങൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്. ഇടവകജനം മുഴുവന്റെയും സഹകരണത്തോടെ ലളിതമായി തിരുനാൾ ആഘോഷിക്കണം. ധ്യാനം, റംശാപ്രാർത്ഥനകൾ എന്നിവ തിരുനാളിന്റെ ഭാഗമായി നടത്തണം. പ്രസുദേന്തിമാരുടെ പണക്കൊഴുപ്പ് പ്രകടിപ്പിക്കുന്ന വേദിയായി തിരുനാളുകൾ മാറരുത്. ദൈവാലയങ്കണം വെറുമൊരു അങ്ങാടിയായി മാറ്റി അതിന്റെ പരിശുദ്ധി നഷ്ടപ്പെടുത്തരുത്, ആവശ്യത്തിൽ കൂടുതൽ വാദ്യമേളങ്ങൾ പാടില്ല.

105. തിരുനാൾ ദിനങ്ങളിൽ വി. കുർബാനയിൽ സ്ലീവാചുംബനം നടത്തുന്നതു നല്ലതാണ്.

106. ഇടവകകളിൽ ശനിയാഴ്ച വൈകുന്നേരവും പ്രധാനതിരുനാൾ ദിവസങ്ങളിലും ഇതരവിശേഷാവസരങ്ങളിലും ബേമയിൽ വച്ച് മദ്ബഹയിലേക്ക് തിരിഞ്ഞ് റംശാപ്രാർത്ഥന നടത്തുന്നത് അഭികാമ്യമാണ്.

107. ദൈവാലയങ്ങളുടെ പാവനതയ്ക്കും ശ്രേഷ്ഠതയ്ക്കുമിണങ്ങുന്ന കലാപരിപാടികളാണ് ഇടവകതിരുനാളിനോടനുബന്ധിച്ച് ക്രമീകരിക്കേണ്ടത്. ഞായറാഴ്ച ആചരണത്തിന് തടസ്സം നേരിടുമെന്നതിനാൽ ശനിയാഴ്ച വൈകുന്നേരം കലാപരിപാടികൾ ഉണ്ടായിരിക്കരുത്. തിരുനാൾ അറിയിപ്പുകളു

ടെയും തിരുനാൾ പ്രോഗ്രാമുകളുടെയും കാര്യത്തിൽ മിതത്വവും ലാളിത്യവും ജാഗ്രതയും പാലിക്കേണ്ടതാണ്. തിരുനാൾ പ്രദക്ഷിണങ്ങൾക്ക് വാദ്യമേളങ്ങൾ ഉപയോഗിക്കുമ്പോൾ ഭക്തിഗാനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. കരിമരുന്നു വസ്തുക്കളുടെ ഉപയോഗം പാടില്ല. മുമ്പുതന്നിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം.

108. ആരാധനാവത്സരത്തിലെ കാലങ്ങളിലെ അരൂപി വിശ്വാസികൾക്കു കൂടുതൽ അനുഭവവേദ്യമാകുന്നതിനും ബോധ്യമാകുന്നതിനും ഉതകുന്ന രീതിയിൽ പ്രബോധനങ്ങളും തിരുനാളുകളും പ്രാർത്ഥനകളും ക്രമീകരിക്കണം.

109. തിരുനാളുകളും നൊവേനകളും അബദ്ധവിശ്വാസത്തിലേയ്ക്കും അന്ധവിശ്വാസത്തിലേയ്ക്കും വിശ്വാസികളെ നയിക്കാൻ ഇടയാക്കരുത്. ലാഭേച്ഛയും സാമ്പത്തിക നേട്ടത്തിനുള്ള മത്സരബുദ്ധിയും വാണിജ്യസംസ്കാര പ്രവണതകളും ഒരു കാരണവശാലും പാടില്ല.

110. പീഡാനുഭവവാരം (ഹാശാ ആഴ്ച): ഓശാനയുടെ പ്രത്യേക തിരുക്കർമ്മങ്ങളും പ്രാരംഭഗാനങ്ങളും കുരുത്തോല വെഞ്ചരിപ്പും ദൈവാലയത്തിനു വെളിയിൽ ക്രമീകരിക്കുന്നതാണ് ഉചിതം.

111. കാൽകഴുകൽ ശുശ്രൂഷയ്ക്ക് മുതിർന്നവരെ തെരഞ്ഞെടുക്കുന്നതാണ് ഉചിതം.

112. പെസഹാകർമ്മങ്ങൾക്കുശേഷം പൊതുവായ ദിവ്യകാരുണ്യ ആരാധന നടത്താവുന്നതാണ്.

113. തികച്ചും ഗാർഹിക ആചരണമായി കുടുംബനാഥന്റെ കാർമ്മികത്വത്തിൽ പെസഹാ അപ്പം മുറിക്കൽ കർമ്മം നടത്തണം.

114. പെസഹാഭക്ഷണത്തിനുശേഷം രാത്രിയും പകലും വീടുകളിലോ ദൈവാലയങ്ങളിലോ പ്രാർത്ഥനയിലും ബൈബിൾ വായനയിലും സങ്കീർത്തനാലാപനത്തിലും മറ്റും ചെലവഴിക്കുന്നതാണ് ഉചിതം. പാനവായന പ്രോത്സാഹിപ്പിക്കാവുന്നതാണ്.

115. പീഡാനുഭവ വെള്ളി: പൗരസ്ത്യസഭകളുടെ പതിവനുസരിച്ച് പീഡാനുഭവ വായനയുടെ ഭാഗങ്ങൾ കാർമ്മികൻ തന്നെ യാണ് നടത്തേണ്ടത്. ദുഃഖവെള്ളിയാഴ്ചത്തെ മൂന്നു കറോ സൂസയും ചെല്ലണം. പരിശുദ്ധ കുർബാനയർപ്പണം ഇല്ലാത്ത ഇന്നേദിവസം കാർമ്മികനോ, ജനങ്ങളോ പരിശുദ്ധ കുർബാന സ്വീകരണം നടത്തുന്നില്ല. സമാപനാശീർവാദത്തിനും സ്ലീവാ ചുംബനത്തിനും ശേഷം മിശിഹായുടെ സംസ്കാരം അനു സ്മരിച്ച് സ്ലീഹാ ബലിപീഠത്തിൽ കിടത്തി ധൂപിക്കുന്നു.

116. മദ്ബഹായിൽ ഫോട്ടോഗ്രാഫർമാർക്ക് പ്രവേശനത്തിന് അനുവാദമി ല്ല. പള്ളിയകത്ത് arranged photography - യും പാടില്ല.

117. കുർബാന മദ്ധ്യേയുള്ള അറിയിപ്പുകൾ ചുരുങ്ങിയ വാക്കുക ളിൽ എഴുതി വായിക്കുന്നതാണ് ഉത്തമം.

118. നൊവേനകൾ, മറ്റു പ്രാർത്ഥനകൾ എന്നിവ ആരാധനക്രമ ത്തിനു ചേർന്നവിധം പുനഃസംവിധാനം ചെയ്യണം. വി. കുർബാനയ്ക്കും വചനപ്രഘോഷണത്തിനുമുള്ള മുൻഗണന നഷ്ടപ്പെടുത്തരുത്. പുതിയ നൊവേനകൾ, മാസവണക്കങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിനുമുമ്പ് രൂപതാദ്ധ്യക്ഷന്റെ രേഖ മൂലമായ അംഗീകാരം വാങ്ങിച്ചിരിക്കണം.

119. ദൈവാലയസംഗീതത്തെക്കുറിച്ചു നാളിതുവരെ തന്നിട്ടുള്ള നിർദ്ദേശങ്ങൾ, കൃത്യമായി പാലിക്കണം. വി. കുർബാനയിൽ തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന പാട്ടുകൾ മാത്രമേ പാടാ വൂ. മുൻകൂട്ടി റിക്കാർഡ് ചെയ്തിരിക്കുന്ന കാസറ്റുകൾ ഉപ യോഗിക്കാൻ പാടില്ല. സമൂഹത്തെ സഹായിക്കുക എന്ന ദൗത്യമാണ് ഗായകസംഘത്തിനുള്ളത്. എല്ലാ ഇടവകകളിലും പരിശീലനം സിദ്ധിച്ച ഗായകസംഘം ഉണ്ടാകുന്നത് നല്ലതാ ണ്.

120. ഗായകസംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് മതി യായ പരിശീലനം നല്കുകയും വേണം. ദൈവാരാധനയിൽ വിശ്വാസികളുടെ സമൂഹത്തെ ഗാനാലാപനത്തിൽ സഹായി ക്കുക എന്നതാണ് ഗായകസംഘത്തിന്റെ കർത്തവ്യം. വിശ്വാ സസമൂഹത്തിന്റെ ശബ്ദമാണ് ദൈവാലയത്തിൽ ഉയർന്ന്

കേൾക്കേണ്ടത്. ആരാധനാസമൂഹത്തെ കേൾവിക്കാരും കാഴ്ചക്കാരുമാക്കുന്ന രീതിയിൽ ഗായകസംഘം പെരുമാറരുത്. സംഗീതത്തിലുള്ള തങ്ങളുടെ കഴിവുതെളിയിക്കാനുള്ള വേദിയായി ദൈവാരാധനയെ ആരും കാണുകയുമരുത്. വിശ്വാസപ്രമാണം ഗായകസംഘത്തിലെ ഒരാൾ മാത്രം മൈക്കിലൂടെ ചൊല്ലുന്ന പതിവ് ഒഴിവാക്കണം.

121. സിമിത്തേരിയിൽ കർമ്മങ്ങൾക്കു വേണ്ടിയുള്ള കപ്പേളകൾ ഉണ്ടാവണം.

122. പാരീഷ് ഹാൾ അക്രൈസ്തവരുടെ ചടങ്ങുകൾക്ക് നൽകുമ്പോൾ രൂപതാകേന്ദ്രത്തിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. അവിടെ മറ്റുമതക്കാരുടെ മതകർമ്മങ്ങൾ അനുവദനീയമല്ല. പള്ളികളിലും പരിസരങ്ങളിലും ഷൂട്ടിംഗ് അനുവദിച്ചിട്ടില്ല എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

123. നമ്മുടെ എല്ലാ ഭവനങ്ങളിലും മാർത്തോമ്മാസ്ലീവായും തിരുക്കുടുംബത്തിന്റെയും ഈശോയുടെ തിരുഹൃദയത്തിന്റെയും രൂപങ്ങളും ഉള്ളത് നല്ലതാണ്.

124. വി. ഗ്രന്ഥവും തിരുവസ്തുക്കളും ഉപയോഗയോഗ്യമല്ലാതാകുമ്പോൾ അവ അലക്ഷ്യമായി കളയുകയോ മറ്റ് ആവശ്യങ്ങൾക്ക് (ഉദാ: നാടകം, സ്കിറ്റ്, അലങ്കാരങ്ങൾ) ഉപയോഗിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല. മറിച്ച്, ഉചിതമായ രീതിയിൽ കത്തിച്ചുകളയുകയാണ് വേണ്ടത്. പൗരാണികമൂല്യമുള്ള വസ്തുക്കൾ മ്യൂസിയത്തിലോ മറ്റ് ഉചിതമായ രീതിയിലോ പ്രദർശിപ്പിച്ച് വയ്ക്കുന്നത് നല്ലതാണ്. രൂപതയുടെ ഗോൾഡൻ ജൂബിലി മ്യൂസിയത്തിലേക്ക് വീടുകളിലേയും പള്ളികളിലേയും പുരാതന വസ്തുക്കൾ കൈമാറുന്നതിൽ ഏവരും താൽപര്യം കാണിക്കണം.

125. സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം എന്ന പേരിലുള്ള വിശ്വാസപരിശീലനഗ്രന്ഥം വിവിധ വേദികളിൽ പഠനവിഷയമാക്കുന്നത് ഉചിതമാണ്. മതാദ്ധ്യാപകരും ഭക്തസംഘടനകളും കൂടുംബകൂട്ടായ്മാഭാരവാഹികളും ഇക്കാര്യം ഗൗരവമായി പരിഗണിക്കണം.

126. ഇടവകയോടും ദൈവാലയത്തോടും അനുബന്ധിച്ച് ആവശ്യത്തിൽ കൂടുതൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പാടില്ല. ജീവകാരുണ്യപ്രവർത്തനങ്ങളാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ഇടവകയുടെ വാർഷികവരുമാനത്തിന്റെ 10% ജീവകാരുണ്യപ്രവർത്തികൾക്കായി നീക്കിവയ്ക്കണം.

മാതൃസഭയുടെ ആരാധനക്രമസമ്പന്നതയും ദൈവശാസ്ത്രാഭിമുഖ്യങ്ങളും ആദ്ധ്യാത്മികതയും ശിക്ഷണക്രമവും മെച്ചപ്പെട്ട രീതിയിൽ മനസിലാക്കുവാൻ ആരാധനക്രമം പരി കർമ്മം ചെയ്യുന്നരീതിയിലൂടെയും പ്രബോധനത്തിലൂടെയും സാധ്യമാകണം. വാക്കുകളോടൊപ്പംതന്നെ അനുഷ്ഠാനങ്ങളുടെ കാര്യവും കൂടുതൽ ശ്രദ്ധിക്കുന്നത് തലമുറകളിലേയ്ക്കു വിശ്വാസം പകർന്നുനല്കാൻ ഏറെ സഹായിക്കും.

മുകളിൽ തന്നിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും ആശ്രമചാപ്പലുകളിലും സന്യാസഭവനങ്ങളുടെ കപ്പേളകളിലും ധ്യാനകേന്ദ്രങ്ങളിലും നടപ്പാക്കേണ്ടതാണ്. സ്നേഹത്തിന്റെ കൂദാശ എന്ന ശ്ലൈഹിക ഉപദേശത്തിൽ പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞിരിക്കുന്നതുപോലെ കത്തീഡ്രൽ ദൈവാലയത്തിൽ പരികർമ്മം ചെയ്യുന്ന ആരാധനക്രമാഘോഷങ്ങളുടെ മാതൃകയിൽ നമ്മുടെ രൂപതയിലെ ആരാധനക്രമാഘോഷങ്ങൾക്ക് ഐകരൂപ്യവും പൊരുത്തവും ഉറപ്പുവരുത്താൻ നിങ്ങൾ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

***

# പരിശുദ്ധ കുർബാന: മിശിഹായുടെ പെസഹാരഹസ്യങ്ങളുടെ ആഘോഷം

ഡോ. ജോസഫ് കുറ്റിയാങ്കൽ

സഭയുടെ ആരാധന ജീവിതത്തിന്റെ കേന്ദ്രം പരിശുദ്ധ കുർബാനയാണ്. നമ്മുടെ കർത്താവിന്റെ ജീവിത രഹസ്യങ്ങളെ അനുസ്മരിക്കുന്ന പരിശുദ്ധകുർബാനയിൽ കേന്ദ്രീകൃതമായ ഒരു ആത്മീയജീവിതമാണ് ഓരോ ക്രൈസ്തവനും നയിക്കേണ്ടത്. കർത്താവീശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ അനുസ്മരണവും ആചരണവും അനുഷ്ഠാനവും ആഘോഷവുമാണ് പരിശുദ്ധ കുർബാന. പെസഹാരഹസ്യങ്ങൾ എന്നാൽ ഈശോമിശിഹായുടെ പീഡാനുഭവവും മരണവും ഉത്ഥാനവുമാകുന്ന ജീവിതരഹസ്യങ്ങളാണ്.

പരിശുദ്ധമായ ദൈവിക യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുന്നതിനുവേണ്ടി സഭ ഉപയോഗിക്കുന്ന പദമാണ് രഹസ്യങ്ങൾ. രഹസ്യങ്ങൾ എന്ന പദത്തിന് തത്തുല്യമായി 'റാസ' എന്ന വാക്കാണ് സുറിയാനി ഭാഷയിൽ ഉപയോഗിക്കുന്നത്. പൗരസ്ത്യസുറിയാനി സഭകളിൽ ദൈവികകൃപകൾ ദൈവജനത്തിനു നൽകുന്ന കൂദാശകളെ 'റാസ' എന്നാണ് പൊതുവെ വിളിക്കുന്നത്. എന്നാൽ സീറോ മലബാർ സഭയുടെ പാരമ്പര്യത്തിൽ 'റാസ' എന്ന പദം പരിശുദ്ധ കുർബാനയുടെ ഏറ്റവും ആഘോഷമായ രൂപത്തിന് ഉപയോഗിക്കുന്നു. ഈ ദൈവികയാഥാർത്ഥ്യങ്ങൾ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായതിനാലാണ് രഹസ്യങ്ങൾ എന്ന വാക്ക് അവയെ സൂചിപ്പിക്കാൻ

സഭ ഉപയോഗിക്കുന്നത്. പരിശുദ്ധ കുർബാനയാണ് മനുഷ്യന് അനുഭവവേദ്യമാകുന്ന ഏറ്റവും പ്രധാന ദൈവികരഹസ്യം.

മനുഷ്യനിർമ്മിതമായ അപ്പവും വീഞ്ഞും ബലിയർപ്പണത്തോടെ നമ്മുടെ കർത്താവിന്റെ ശരീരരക്തങ്ങളായി ഭവിക്കുന്നു എന്ന യാഥാർത്ഥ്യം മനുഷ്യന്റെ സാമാന്യന്യായീകരണബുദ്ധിക്ക് ഗ്രഹിക്കാൻ സാധിക്കില്ല. പരിശുദ്ധ ത്രിത്വത്തിന്റ രഹസ്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ഏകദൈവം എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യമായതുകൊണ്ട് സഭ അതിൽ വിശ്വസിക്കുന്നു. എന്നാൽ ത്രിത്വൈകരഹസ്യം എന്താണ് എന്ന് പൂർണ്ണമായും മനസ്സിലാക്കുവാൻ മനുഷ്യന് സാധിക്കില്ല. പരിമിതനായ മനുഷ്യന് അപരിമിതനായ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കില്ല. ആയതിനാൽ ഇപ്രകാരമുള്ള ദൈവികയാഥാർത്ഥ്യങ്ങളെ സഭ രഹസ്യങ്ങൾ എന്ന് വിളിക്കുന്നു.

പരിശുദ്ധ കുർബാന കർത്താവീശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ ആഘോഷമാണ്. പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാകുന്ന ജീവിതയാഥാർത്ഥ്യങ്ങളിലൂടെ മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും മിശിഹാ വിമോചിപ്പിച്ചതാണ് പരിശുദ്ധ കുർബാനയിൽ അനുസ്മരണവിഷയമാകുന്നത്. അബ്രാഹത്തിന്റെ വിളിയോടെ ആരംഭിച്ച് ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട ഈ രക്ഷാകരപദ്ധതിയാണ് പരിശുദ്ധ കുർബാനയിൽ ഓർത്ത് പ്രാർത്ഥിക്കുന്നത്.

1. പെസഹാത്തിരുനാൾ പഴയനിയമത്തിൽ

അബ്രാഹത്തിന്റെ വിളിയിലൂടെ ദൈവം ഇസ്രായേൽ ജനതയെ സ്വന്തം ജനമായി രൂപീകരിച്ചുവളർത്തി. ദൈവം തെരഞ്ഞടുത്ത ഈ ജനത്തിന്റെ മേൽ അവിടുത്തെ കരം എപ്പോഴും ഉണ്ടായിരുന്നു. എന്നാൽ ദൈവത്തിന്റെ സ്നേഹം തിരസ്കരിച്ച് അവർ തങ്ങൾക്ക് ഇഷ്ടപ്പെട്ട രീതിയിൽ പാപം ചെയ്ത് ജീവിക്കുവാൻ തുടങ്ങി. അവരുടെ ചെയ്തികളുടെ പരിണിതഫലമായി ആ ജനം ഭൗതികമായ അടിമത്തത്തിനുവിധേയരായി. ഈജിപ്തിലെ രാജാവായ ഫറവോന്റെ അധീനതയിലായിരുന്ന ഇസ്രായേൽ ജനത്തെ മോചിപ്പിക്കുന്നതിന് ദൈവം തീരുമാനിച്ചു. ഫറവോയുടെ അടിമത്തത്തിൽ നിന്നും മോശയുടെ നേതൃത്വത്തിൽ അവരെ വിമോചിപ്പിച്ച് തേനും

പാലുമൊഴുകുന്ന കാനാൻദേശത്തേക്ക് ദൈവം അവരെ ആനയിച്ചു. ഭൗതികമായ അടിമത്ത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് കടന്നുവന്ന ഈ സംഭവം ഇസ്രായേൽ ജനതയുടെ ജീവതത്തിൽ വലിയ ദൈവസ്നേഹാനുഭവം പ്രദാനം ചെയ്തു. ഈ സ്വാതന്ത്ര്യാനുഭവത്തിന്റെ അനുസ്മരണം ഇസ്രായേൽ ജനത എല്ലാ വർഷവും പെസഹാ എന്ന പേരിൽ തിരുനാളായി ആചരിക്കുവാൻ തുടങ്ങി. 'പെസഹാ' എന്ന ഹെബ്രായപദത്തിന്റെ അർത്ഥം കടന്നുപോകൽ എന്നാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്നും കാനാൻദേശത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ഇസ്രായേൽ ജനത കടന്നുപോയതിന്റെ അനുസ്മരണമായിരുന്നു ഓരോ യഹൂദനെ സംബന്ധിച്ചിടത്തോളം പെസഹാത്തിരുനാൾ.

2. പെസഹാത്തിരുനാൾ - ഈശോയുടെ ജീവിതത്തിൽ

ഈശോ ഒരു യഹൂദനായിരുന്നു. അതിനാൽ ഈശോയും പെസഹാത്തിരുനാൾ ആചരിച്ചിരുന്നു. പെസഹാഭക്ഷണത്തിന് യഹൂദന്മാർക്ക് ഒരു നിശ്ചിതക്രമം ഉണ്ടായിരുന്നു. ഈശോയുടെ അവസാന പെസഹാആഘോഷത്തിൽ യഹൂദന്മാരുടെ ക്രമം ഈശോ പാലിച്ചിരിക്കണം. 'അപ്പമെടുത്ത് വാഴ്ത്തി' എന്ന തിരുവചനത്തിലെ 'വാഴ്ത്തൽ' എന്ന പദം ദൈവത്തെ സ്തുതിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. യഹൂദന്മാരുടെ പ്രാർത്ഥനാ ക്രമത്തിലെ ബറാക്കാ പ്രാർത്ഥനയെയാണ് ഈ 'വാഴ്ത്തൽ' വിവക്ഷിക്കുന്നത്. യഹൂദന്മാരുടെ ക്രമത്തിലെ പ്രാർത്ഥനാശുശ്രൂഷയ്ക്കും അത്താഴത്തിനും ശേഷമാണ് ഈശോ പരിശുദ്ധ കുർബാന സ്ഥാപിക്കുന്നത്. തന്റെ നിർമ്മലകരങ്ങളിൽ അപ്പം സംവഹിച്ചുകൊണ്ട് ഈശോ പറഞ്ഞു "ഇത് എന്റെ ശരീരം ആകുന്നു". വീഞ്ഞു നിറച്ച കാസാ എടുത്തുകൊണ്ട് ഈശോ പറഞ്ഞു: "ഇത് എന്റെ രക്തം ആകുന്നു". പിറ്റേ ദിവസം കാൽവരിയിൽ താൻ അർപ്പിക്കുന്ന ജീവിതബലി തന്നെ കർത്താവ് തലേ ദിവസം മാളികമുറിയിൽ അർപ്പിച്ചു.

മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരമായാണ് കർത്താവ് ബലിയർപ്പിച്ചത്. ദൈവം സ്നേഹിച്ച് പരിപാലിച്ചിരുന്ന ദൈവത്തിന്റെ സ്വന്തം ജനം പാപം ചെയ്ത് ദൈവത്തിൽ നിന്നു അകന്നുപോയി. ഈ ജനത്തിന്റെ തെറ്റുകൾ എന്തെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ വേണ്ടി ദൈവം കാലാകാലങ്ങളിൽ പ്രവാചകന്മാരെയും പ്രബോധകരെയും അവരുടെ അടുക്കലേക്ക്

അയച്ചു. അവരെ ചെവിക്കൊള്ളാതെ ജനം വീണ്ടും പാപത്തിൽ തന്നെ തുടർന്നു. എന്നാൽ ദൈവം അവരെ ഉപേക്ഷിച്ചില്ല. തന്റെ ജനത്തെ പാപത്തിൽ നിന്നും രക്ഷിക്കുവാൻ ത്രിത്വൈകരഹസ്യത്തിലെ രണ്ടാമത്തെ വ്യക്തിത്വം ഈശോ എന്ന പേരിൽ മനുഷ്യാവതാരം ചെയ്തു. തന്റെ പീഡസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും അവൻ മനുഷ്യരക്ഷസാധിച്ചു. എങ്ങനെ തന്റെ മരണത്തിലൂടെ മനുഷ്യരെ പാപത്തിൽ നിന്നു വിമോചിക്കും എന്നതിന്റെ 'ലോജിക്' മനുഷ്യന് മനസ്സിലാവില്ല. 'ദൈവത്തിന്റെ തീരുമാനം അതാണ്, അതിലൂടെ അത് സാധിക്കും' എന്ന് വിശ്വസിക്കുവാനും അംഗീകരിക്കാനും മാത്രമേ മനുഷ്യനു സാധിക്കൂ. കാരണം ദൈവം എന്ന രഹസ്യം മനുഷ്യന് പൂർണ്ണമായി ഗ്രഹിക്കാൻ സാധിക്കില്ല.

കാൽവരിയുടെ നിറുകയിൽ പീഡസഹിച്ച് കുരിശിൽ മരിച്ചതിലൂടെയും മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതിലൂടെയും മനുഷ്യർ രക്ഷിക്കപ്പെട്ടു. പാപത്തിന്റെ അടിമത്ത്വത്തിലായിരുന്ന മനുഷ്യർക്ക് ദൈവികജീവന്റെ സ്വാതന്ത്ര്യം നൽകി. ഈശോയുടെ കാലം വരെ ജീവിച്ചിരുന്നവരും ഈശോയുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരും ഈശോയുടെ കാലശേഷം ജീവിച്ചിരിക്കുന്നവരുമായ സകല ജനങ്ങളുടെയും പാപത്തിന് കുരിശിലൂടെ അവൻ പരിഹാരം ചെയ്തു. ഈ ദൈവികരഹസ്യങ്ങൾ അവസാന അത്താഴസമയത്ത്, പെസഹാത്തിരുനാൾ ദിനം ഈശോ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ അവതരിപ്പിച്ചു. അപ്പം വിഭജിച്ചു നല്കിയപ്പോഴും രക്തം പകർന്നു നൽകിയപ്പോഴും പിറ്റേ ദിവസം താൻ ഏല്ക്കേണ്ട പീഡകളും മരണവും ഈശോയുടെ മനസ്സിൽ വ്യക്തമായി തെളിയുന്നുണ്ടായിരുന്നു. അതുകൊണ്ട് ഈ രണ്ട് സംഭവങ്ങളെയും - പെസഹാ അനുസ്മരണത്തെയും കുരിശുമരണത്തെയും - ഒരു യാഥാർത്ഥ്യമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അതാണ് പരിശുദ്ധ കുർബാന.

3. പെസഹാഅനുസ്മരണം - പരിശുദ്ധ കുർബാനയിൽ

പൗരസ്ത്യസുറിയാനി ആരാധനക്രമപാരമ്പര്യം പിന്തുടരുന്ന സഭയാണ് സീറോ മലബാർ സഭ. ഈ സഭയുടെ പരിശുദ്ധകുർബാന മൂന്ന് വ്യത്യസ്തമായ രീതിയിൽ അർപ്പിക്കപ്പെടുന്ന പാരമ്പര്യം ഉണ്ട്: സാധാരണ കുർബാന, ആഘോഷമായ കുർബാന, ഏറ്റവും

ആഘോഷമായ കുർബാന[1]. ആഘോഷഘടകങ്ങളുടെ ഏറ്റക്കുറച്ചിൽ അനുസരിച്ചാണ് വ്യത്യസ്തമായ രൂപങ്ങൾ നിർണ്ണയിക്കുന്നത്. വ്യത്യസ്തമായ രൂപങ്ങളിൽ ഘടനവ്യത്യാസങ്ങൾ ഒന്നും ഇല്ല. ഏറ്റവും ആഘോഷമായ ക്രമത്തിന് സഭയുടെ പാരമ്പര്യത്തിൽ വിളിക്കുന്ന പേര് റാസ എന്നാണ്[2]. കുർബാനക്രമത്തെക്കുറിച്ചുള്ള പഠനങ്ങളെല്ലാം നടക്കുന്നത് റാസക്രമത്തെ അടിസ്ഥാനമാക്കിയാണ്. കർത്താവിന്റെ ജനനം മുതൽ രണ്ടാമത്തെ ആഗമനം വരെയുള്ള ജീവിതരഹസ്യങ്ങളും അതിനുശേഷമുള്ള അന്ത്യവിധിയും സ്വർഗ്ഗോന്മുഖജീവിതവും ഇവിടെ പ്രാർത്ഥനാവിഷയമാക്കുന്നു. ഈശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ അനുസ്മരണമാണ് പരിശുദ്ധ കുർബാനയുടെ കേന്ദ്രം. കാരണം ഈ പെസഹാരഹസ്യങ്ങളിലൂടെയാണല്ലോ മനുഷ്യവർഗ്ഗം പാപത്തിന്റെ അടിമത്ത്വത്തിൽ നിന്നും മോചിക്കപ്പെട്ടത്. ഈശോമിശിഹായുടെ പീഡാസഹനവും മരണവും ഉത്ഥാനവുമാകുന്ന ഈ രഹസ്യങ്ങൾ സീറോമലബാർ സഭയുടെ പരിശുദ്ധ കുർബാനയിൽ അഞ്ച് പ്രാവശ്യം അനുസ്മരിക്കപ്പെടുന്നുണ്ട്.

3.1. വചനശുശ്രൂഷ

സീറോമലബാർ സഭയുടെ പരിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ "പരിപാവനനാം സർവ്വേശ..." എന്നു തുടങ്ങുന്ന ത്രിശുദ്ധകീർത്തനം മുതൽ കാറോസൂസയുടെ ശേഷമുള്ള സ്ലോസ (പ്രാർത്ഥന) ഉൾപ്പെടെയുള്ള ഭാഗത്തിനാണ് വചനശുശ്രൂഷ എന്ന് പൊതുവേ പേരു വിളിക്കുന്നത്. ഈ ഭാഗത്ത് നാല് വായനകളും അതിന്റെ വ്യാഖ്യാനഗീതങ്ങളും (തുർഗാമ) സുവിശേഷഗീതവും സുവിശേഷപ്രഘോഷണവും ദൈവവചനവ്യാഖ്യാനവും കാറോസൂസയും കാർമ്മികന്റെ പ്രാർത്ഥനകളും ഉൾക്കൊള്ളുന്നു[3]. വചനശുശ്രൂഷയുടെ കർമ്മങ്ങളിലൂടെ സഭ ഈശോയുടെ പെസഹാ രഹസ്യങ്ങൾ പ്രതീകാത്മകമായി അനുസ്മരിക്കുന്നു. ഇത് പൂർണ്ണതയിൽ മനസ്സിലാക്കണമെങ്കിൽ ദൈവാലയഘടനയുടെയും ദൈവലയവസ്തുക്കളുടെയും അവിടെ നടക്കുന്ന കർമ്മാനുഷ്ഠാനങ്ങളുടെയും പ്രതീകാത്മകാർത്ഥം മനസ്സിലാക്കണം.

പൗരസ്ത്യസുറിയാനി ആരാധനക്രമമനുഷ്ഠിക്കുന്ന സീറോമലബാർ സഭയുടെ ദൈവാലയങ്ങൾക്ക് പൊതുവായ മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. മദ്ബഹ/കങ്കേ, കെസ്ത്രോമ, ഹൈക്കല[4]. ഇതിൽ

മദ്ബഹ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്[5]. മദ്ബഹയുടെ കേന്ദ്രമായ ബലിപീഠം നമ്മുടെ കർത്താവിന്റെ കബറിടത്തിന്റെയും സ്വർഗ്ഗത്തിലുള്ള അവിടുത്തെ സിംഹാസനത്തിന്റെയും പ്രതീകമാണ്[6]. അതിവിശുദ്ധ സ്ഥലമായതിനാലാണ് മദ്ബഹ വിരിയിട്ട് വേർതിരിച്ചിരിക്കുന്നത്. ജനങ്ങൾ ദൈവരാധന നടത്തുന്ന സ്ഥലമായ ഹൈക്കല ഭൂമിയുടെ പ്രതീകമാണ്[7]. മാലാഖമാരുടെ സ്തുതിഗീതാലാപനങ്ങളുടെ സ്ഥലമാണ് കെസ്ത്രോമ. അവിടെയാണ് ഗായകസംഘം നില്ക്കുന്നത്[8]. ദൈവാലയത്തിൽ സവിശേഷമായ പ്രാധാന്യമുള്ള മറ്റൊരു സ്ഥലമാണ് ബേമ്മ[9]. യഹൂദരുടെ സിനഗോഗുകളിൽ എന്ന പോലെ ഹൈക്കലയുടെ മധ്യത്തിലാണ് ബേമ്മ ക്രമീകരിച്ചിരുന്നത്. ആദിമ നൂറ്റാണ്ടുകളിലെ ഈ പാരമ്പര്യം ഇന്ന് കുറെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ചില സീറോ മലബാർ ദൈവാലയങ്ങളിൽ നിന്നും ബേമ്മ അപ്രത്യക്ഷമായി. മറ്റു ചിലയിടങ്ങളിൽ സൗകര്യാർത്ഥം മദ്ബഹയുടെ അടുത്തേയ്ക്ക് മാറ്റി സ്ഥാപിച്ചിരിക്കുന്നു. ബേമ്മ ജറുസലേമിന്റെ പ്രതീകമാണ്[10]. യൂദന്മാരുടെ ചിന്തയിൽ ജറുസലേം ആണ് ഭൂമിയുടെ കേന്ദ്രം. അതുകൊണ്ട് ജറുസലേമിന്റെ പ്രതീകമായ ബേമ്മ ഭൂമിയുടെ പ്രതീകാത്മകത ഉൾക്കൊള്ളുന്ന ഹൈക്കലയുടെ ഒത്ത നടുക്ക് സ്ഥാപിച്ചിരുന്നു. മദ്ബഹയിലെ ബലിപീഠത്തിൽ വിശുദ്ധ ഏവൻ ഗലിയോൻ (സുവിശേഷം) സ്ഥാപിതമായിരിക്കുന്നു. ആണ്ടുവട്ടത്തിലെ ഓരോ ദിവസവും പ്രഘോഷിക്കേണ്ട ദൈവവചനം ഉൾക്കൊള്ളുന്ന പ്രഘോഷണഗ്രന്ഥമാണിത്. ശോശപ്പ കൊണ്ട് മനോഹരമായി പൊതിഞ്ഞു സൂക്ഷിക്കുന്ന ഈ സുവിശേഷഗ്രന്ഥം നമ്മുടെ കർത്താവിന്റെ പ്രതീകമാണ്[11].

പരിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിൽ നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങൾ അനുസ്മരിക്കപ്പെടുകയാണല്ലോ. സുവിശേഷഗീതാലാപനത്തിന്റെ സമയം കാർമ്മികൻ വിശുദ്ധ സുവിശേഷഗ്രന്ഥം തന്റെ നെറ്റിവരെ ഉയർത്തിപ്പിടിച്ച് വി. സ്ലീവായാലും കത്തിച്ച് രണ്ട് തിരികളാലും ധൂപത്താലും അനുഗതനായി മദ്ബഹയിൽ നിന്നും ഹൈക്കലയിലേക്ക് ആഗതനാകുന്നു. അവിടെ നിന്ന് ബേമ്മയിലേക്ക് പ്രവേശിക്കുന്നു. തുടർന്ന് ആഘോഷമായി വിശുദ്ധ സുവിശേഷം വായിക്കുന്നു. വിശുദ്ധ സുവിശേഷം വായിക്കുന്നത് ബേമ്മയിൽ സ്ഥാപിതമായിരിക്കുന്ന മേശയോട് ചേർന്ന് നിന്നുകൊണ്ടാണ്. ഈ മേശ ഗാഗുൽത്തായുടെ പ്രതീകമാണ്.

ആരാധനാക്രമപുസ്തകങ്ങളിൽ അതിനെ ഗാഗുൽത്ത എന്ന പേരു തന്നെയാണ് വിളിക്കുന്നത്. സുവിശേഷഗ്രന്ഥം മദ്ബഹയിൽ നിന്നും ഹൈക്കലയിലേക്ക് കൊണ്ടുവരുന്നത് ഈശോ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് മനുഷ്യാവതാരം ചെയ്തതിന്റെ അനുസ്മരണമാണ്. അവിടെ നിന്ന് ബേമ്മയിലേക്ക് ആരോഹണം ചെയ്യുന്നത് ഈശോയുടെ മഹത്വപൂർണ്ണമായ ജറുസലേം പ്രവേശനമാണ്[12]. ഈശോ ജറുസലേമിലേക്ക് പോയത് മരണത്തിലൂടെ മനുഷ്യരക്ഷ സാധിക്കുവാനാണ്. ഗാഗുൽത്താ എന്നറിയപ്പെടുന്ന മേശയിൽ വച്ച് സുവിശേഷം വായിക്കുന്നത് ഈശോയുടെ മരണത്തിന്റെ അനുസ്മരണമാണ്. വചനശുശ്രൂഷയിലുള്ള ഈ കർമ്മങ്ങളിലൂടെ ഈശോമിശിഹായുടെ മനുഷ്യാവതാരവും ജറുസലേമിലേക്കുള്ള രാജകീയപ്രവേശനവും പീഡാസഹനവും കുരിശുമരണവും അനുസ്മരിക്കുന്നു.

3.2. കാഴ്ചവസ്തുക്കളുടെ സമർപ്പണം

ഈശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ അനുസ്മരണം നടത്തുന്ന പരിശുദ്ധ കുർബാനയിലെ രണ്ടാമത്തെ ശുശ്രൂഷ കാഴ്ചവസ്തുക്കളുടെ സമർപ്പണമാണ്. അപ്പവും വീഞ്ഞും നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും എന്ന നിലയിൽ സമർപ്പിക്കുന്നു. നമ്മുടെ സഭയുടെ ആരാധനപൈതൃകത്തിൽ യഥാർത്ഥ കാഴ്ചവസ്തുക്കൾ കർത്താവിന്റെ ശരീരവും രക്തവുമാണ്. സമർപ്പണസമയത്ത് ആലപിക്കുന്ന ദിവ്യരഹസ്യഗീതത്തിന്റെ ഒന്നാം ഭാഗം ഇക്കാര്യം വളരെ വ്യക്തമായി പറയുന്നുമുണ്ട്. “മിശിഹാകർത്താവിൻ തിരുമെയ് നിണവുമിതാ, പാവനബലിപീഠേ...” കർത്താവിന്റെ ശരീരരക്തങ്ങളാണ് ബലിപീഠത്തിലേക്ക് സംവഹിക്കുന്നത്. ബലിപീഠത്തിന്റെ ഇരുവശങ്ങളിലുമായി സ്ഥാപിതമായിരിക്കുന്ന ബേസ്ഗസ്സാകളിൽ കാറോസൂസായുടെ സമയത്ത് അപ്പവും വീഞ്ഞും ഒരുക്കിവയ്ക്കുന്നു. ദിവ്യരഹസ്യഗീതാലപനസമയത്ത് കാർമ്മികനോ സഹാകാർമ്മികരോ മ്ശംശാനയോ അവ അവിടെ നിന്ന് എടുത്ത് നെറ്റിവരെ ഉയർത്തിപ്പിടിച്ച് ബലിപീഠത്തിലേക്ക് സംവഹിക്കുന്നു. ബലിപീഠത്തിങ്കൽ വച്ച് കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ച് പ്രാർത്ഥിക്കുന്നു. പിന്നെ അവ ബലിപീഠത്തിൻമേൽ വയ്ക്കുകയും ശോശപ്പ കൊണ്ട് മൂടുകയും ചെയ്യുന്നു. പിന്നീട് കൂദാശഭാഗത്ത് ഒന്നാം പ്രണാമജപം കഴിയുമ്പോൾ ശോശപ്പ മാറ്റുകയും ചുരുട്ടി ദിവ്യരഹസ്യങ്ങളുടെ ചുറ്റും വയ്ക്കുകയും ചെയ്യുന്നു.

അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളുടെ പ്രതീകങ്ങളാണ്. അവ ബേസ്ഗസ്സയിൽ നിന്നും ബലിപീഠത്തിലേക്ക് സംവഹിക്കുന്നത് നമ്മുടെ കർത്താവിന്റെ കാൽവരിയിലേക്കുള്ള പീഢാനുഭവയാത്രയുടെ അനുസ്മരണമാണ്. അപ്പവും കാസയും കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ച് പ്രാർത്ഥിക്കുന്നത് നമ്മുടെ കർത്താവിന്റെ മരണത്തിന്റെ അനുസ്മരണമാണ്. ബലിപീഠത്തിൻമേൽ ദിവ്യരഹസ്യങ്ങൾ വയ്ക്കുന്നതും തുടർന്ന് ശോശപ്പ കൊണ്ടു മൂടുന്നതും കർത്താവിന്റെ കബറിടത്തെ പ്രതീകവത്കരിക്കുന്നു[13]. ബലിപീഠം കർത്താവിന്റെ കബറിടത്തിന്റെയും ശോശപ്പ കബറിടം മൂടിയ കല്ലിന്റെയും പ്രതീകങ്ങളാണ്. കർത്താവിന്റെ കല്ലറ തുറക്കപ്പെട്ടതും അത് മൂടിയിരുന്ന കല്ല് മാറ്റപ്പെട്ടതും കർത്താവിന്റെ ഉയർപ്പിനോടുകൂടെയാണ്. അതായത് രഹസ്യങ്ങൾ മൂടിയിരുന്ന ശോശപ്പ മാറ്റുന്നതും ചുറ്റും ചുരുട്ടിവയ്ക്കുന്നതും ഈശോയുടെ ഉയിർപ്പിനെ പ്രതീകവത്കരിക്കുന്നു. അങ്ങനെ കാഴ്ചസമർപ്പണത്തോടനുബന്ധിച്ചുള്ള കർമ്മങ്ങളിലൂടെ നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങൾ പ്രതീകവത്കരിക്കുന്നു.

3.3 കൂദാശാഭാഗം

പരിശുദ്ധ കുർബാനയുടെ മർമ്മഭാഗമാണ് കൂദാശഭാഗം. കാർമ്മികന്റെ ബലിപീഠ പ്രവേശനത്തിനുശേഷം "എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്ന പ്രാർത്ഥനാഭ്യർത്ഥന മുതൽ "അതിപൂജിതമാം നിൻ ...." എന്ന കീർത്തനം ഉൾപ്പെടെയുള്ള ഭാഗമാണ് സീറോമലബാർ സഭയുടെ കുർബാനയിൽ കൂദാശഭാഗം എന്നറിയപ്പെടുന്നത്[14]. ഈ ഭാഗം പൊതുവെ 'അനാഫൊറ' എന്ന ഗ്രീക്ക് നാമത്താൽ ആണ് ദൈവശാസ്ത്രമേഖലകളിൽ അറിയപ്പെടുന്നത്[15]. സുറിയാനിസഭകളിൽ ഈ ഭാഗത്തിന് കൂദാശ എന്ന് പേരിട്ടു വിളിക്കുന്നു. സീറോമലബാർ സഭയിൽ മൂന്ന് കൂദാശക്രമങ്ങളാണ് ഉപയോഗത്തിലുള്ളത്. മാർ അദ്ദായി-മാർ മാറി എന്നിവരുടെ പേരിലുള്ള ക്രമം, അല്ലെങ്കിൽ ശ്ലീഹന്മാരുടെ കൂദാശക്രമം, മാർ തെയഡോറിന്റെ ക്രമം, മാർ നെസ്തോറിയസിന്റെ ക്രമം[16]. കൂദാശാഭാഗങ്ങളിലും ഈശോയുടെ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാണ് അനുസ്മരിക്കുന്നത്. ഇതിലെ ഗ്ഹാന്ത പ്രാർത്ഥനകൾ കുരിശുമരണത്തിന്റെയും റൂഹാക്ഷണപ്രാർത്ഥന

ഉത്ഥാനത്തിന്റെയും അനുസ്മരണമാണ്. കൂടാതെ നാല് ഗ്ഹാന്ത പ്രാർത്ഥനകളിലും ഈശോ ലോകരക്ഷ നേടിയ ദൈവികരഹസ്യങ്ങൾ അനുസ്മരിച്ച് പ്രാർത്ഥിക്കുന്നു.

3.4 വിഭജന ശുശ്രൂഷ

സീറോമലബാർ സഭയുടെ കുർബാനയാഘോഷത്തിലെ വിഭജന ശുശൂഷയിലും ഈശോയുടെ പെസഹാരഹസ്യങ്ങളായ മരണത്തിന്റെയും ഉത്ഥാനത്തിന്റയും അനുസ്മരണമാണ് നടത്തുന്നത്. കർത്താവിന്റെ തിരുശരീരം ഉയർത്തിയശേഷം താഴേക്ക് കൊണ്ടുവന്ന് കുരിശാകൃതിയിൽ ആഗ്യത്തിൽ മാത്രം ചുംബിക്കുന്നു. ഈ സമയം "ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിയ..." എന്ന കീർത്തനം ആലപിക്കുന്നു. അപ്പോൾ കാർമ്മികൻ തിരുശരീരം രണ്ടായി നടുവെ മുറിക്കുകയും തിരുശരീരവും തിരുരക്തവും കൂട്ടിക്കലർത്തുന്ന കർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നു. തുടർന്ന് മുറിക്കപ്പെട്ട രണ്ട് ഭാഗങ്ങൾ ചേർത്തുപിടിച്ച് പ്രാർത്ഥന തുടരുന്നു[17]. ഈ മുറിക്കലിനും ചേർത്തുവയ്ക്കലിനും പ്രതീകാത്മകമായ അർത്ഥം ഉണ്ട്. തിരുശരീരം രണ്ടായി വഭജിക്കുന്നത് ഈശോമിശിഹായുടെ മരണത്തെയും മുറിച്ച ഭാഗങ്ങൾ കൂട്ടിച്ചേർത്തുവച്ച് പ്രാർത്ഥിക്കുന്നത് ഉത്ഥാനത്തെയും അനുസ്മരിപ്പിക്കുന്നു.

3.5 പരിശുദ്ധ കുർബാനയുടെ സ്വീകരണം

ഈശോമിശിഹായുടെ മരണം അനുസ്മരിക്കുന്ന സീറോമലബാർ കുർബാനയിലെ ഏറ്റവും ഒടുവിലത്തെ കർമ്മമാണ് പരിശുദ്ധ കുർബാനയുടെ സ്വീകരണം. സീറോ മലബാർ സഭാസിനഡ് നല്കിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് വ്യത്യസ്തമായ രീതികളിൽ പരിശുദ്ധ കുർബാന സ്വീകരിക്കാം. അതിൽ ആദ്യത്തെ രണ്ടെണ്ണവും കുരിശാകൃതിയിൽ നീട്ടിയ കരങ്ങളിൽ പരിശുദ്ധ കുർബാന സ്വീകരിക്കണം എന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്[18]. ഇതു തന്നെയാണ് സഭയുടെ പുരാതനമായ പാരമ്പര്യവും. അതുകൊണ്ടാണ് നമ്മുടെ സാധാരണഭാഷയിൽ കുർബാനകൈക്കൊള്ളുക എന്ന് പറയുന്നത്. കുരിശാകൃതിയിൽ നീട്ടിയ കരങ്ങളിലേക്ക് കർത്താവിന്റെ തിരുശരീരം വയ്ക്കുന്നത് കുരിശുമരണത്തിന്റെ അനുസ്മരണമാണ്.

ഉപസംഹാരം

ഈശോമിശിഹായുടെ പെസഹാരഹസ്യങ്ങളുടെ ആഘോഷമാണ് പരിശുദ്ധകുർബാന. അവിടുന്ന് മനുഷ്യരക്ഷ സാധിച്ചത് തന്റെ

പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും വഴിയാണ്. ഈശോ മനുഷ്യരക്ഷ നേടിത്തന്ന രഹസ്യങ്ങളുടെ ആഘോഷമാണ് പരിശുദ്ധ കുർബാന. കുർബാന സ്ഥാപനത്തിനുശേഷം ഇത് ആവർത്തിക്കുവാൻ കർത്താവ് ആഹ്വാനം ചെയ്യുകയും ചെയ്തു. സീറോമലബാർ സഭയുടെ കുർബാനയിൽ ഈ പെസഹാരഹസ്യങ്ങൾ അഞ്ച് തവണ പ്രതീകാത്മകമായി അനുസ്മരിക്കുന്നു. പരിശുദ്ധ കുർബാനയുടെ ഈ ആഘോഷത്തിലൂടെ ദൈവജനം ദൈവത്തെ സ്തുതിക്കുകയും തങ്ങളെത്തന്നെ വിശുദ്ധീകരിച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യും. പരിശുദ്ധ കുർബാനയുടെ ഫലങ്ങളായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ദൈവസ്തുതി അർപ്പിക്കാനുള്ള ഭാഗ്യവും വിശുദ്ധീകരിക്കപ്പെടുവാനുള്ള അവസരവും ലഭിക്കുന്നു എന്നുള്ളതാണ്. റൂഹാക്ഷണപ്രാർത്ഥന ഇക്കാര്യം വ്യക്തമാകുന്നു.

"നിന്റെ ദാസരുടെ ഈ കുർബാനയിൽ ആവസിച്ച് ഇതിനെ ആശീർവദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. ഇതു ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ".

## End Notes


1. സീറോമലബാർ സഭയുടെ കുർബാന-റാസക്രമം, എറണാകുളം
   സീറോമലബാർ ബിഷപ്സ് കോൺഫെറൻസ് 1989 പേജ് XIII
2. സീറോമലബാർ സഭയുടെ കുർബാന-റാസക്രമം, എറണാകുളം
   സീറോമലബാർ ബിഷപ്സ് കോൺഫെറൻസ് 1989 പേജ് XIII
3. സീറോമലബാർ സഭയുടെ കുർബാന-റാസക്രമം, എറണാകുളം
   സീറോമലബാർ ബിഷപ്സ് കോൺഫെറൻസ് 1989 പേജ് 30 - 55
4. സീറോമലബാർ സഭയുടെ കുർബാന-റാസക്രമം, എറണാകുളം
   സീറോമലബാർ ബിഷപ്സ് കോൺഫെറൻസ് 1989 പേജ് XIII

5. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 671
6. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 643
7. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 913
8. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 287
9. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 653
10. സേവ്യർ കൂടപ്പുഴ ed, മാർത്തോമ്മ നസ്രാണി സഭാവിജ്ഞാനകോശം കോട്ടയം പേജ് 653
11. Gabriel Qatrcy., “Interpretation of the offices”, trans.P. Podipara., Changanacherry, 1977, Page 92.
12. Abraham Bar Lipah, “Interpretation officiorum” Lt. trans. R.H. Connolly, Roma 1915, Page 159
13. Gafriel Qatrcy, Interpretation of the offices, Page 43-44
14. സീറോ മലബാർ സഭയുടെ കുർബാന പേജ് 76 - 96
15. തോമസ് മണ്ണൂരാംപറമ്പിൽ, സീറോമലബാർ സഭയുടെ കുർബാന ഒരു പഠനം, കോട്ടയം, 1998, vol. II പേജ് 1
16. തോമസ് മണ്ണൂരാംപറമ്പിൽ, സീറോമലബാർ സഭയുടെ കുർബാന ഒരു പഠനം, കോട്ടയം, 1998, vol. II പേജ് 28
17. സീറോ മലബാർ സഭയുടെ കുർബാന പേജ് 100 - 104
18. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ “സിനഡൽ ന്യൂസ്” vol VI പേജ് 76 - 96


***

## രൂപതാ രചനാ മത്സരം 2019–2020
## റിസൾട്ട്

**കളറിംഗ് – ക്രെയോൺ – Infants**

I മരിയ തോമസ് വളയത്തിൽ, പാലാ കത്തീഡ്രൽ
II ലിസ്‌ലിൻ ഷിബു മൈലാടൂർ അറക്കുളം Old
III എയ്ഞ്ചൽ മരിയ റെന്നി കോതമ്പനായിൽ രാമപുരം

**പെയിന്റിംഗ് – വാട്ടർകളർ – Sub Juniors**

I റോൺ കെ. കോക്കാട്ട്, വിളക്കുമാടം
II ജൂലിയ സതീഷ് നമ്പുടാകത്ത്, തീക്കോയി
III കുര്യൻ കൊശ്ശാക്കൽ, വേലനിലം

**ഉപന്യാസം – Juniors Boys**

I ജോയൽ ജോസ് ആതിരകുളങ്ങര, പൈക
II അമൽ ഷാജി മണ്ണാപറമ്പിൽ, പാലാ കത്തീഡ്രൽ
III ജോപ്രാക്കുട്ടി ജോസഫ് പോളച്ചിറയിൽ

**ചെറുകഥ – Juniors Boys**

I ജോസ് അരീക്കാട്ട് പ്രവിത്താനം
II എബി തോമസ് പുൽത്തകിടിയേൽ, പയ്യാനിത്തോട്ടം
III ജോസഫ് ആന്റണി തെന്നാടിയിൽ, മറ്റക്കര

**കവിത – Junior Boys**

I ജോർജ് ജോൺ കൊല്ലിമാക്കിയിൽ, കുറവിലങ്ങാട്
II ജോർജ് തോമസ് വല്ലനാട്ട്, ചിറ്റാർ
III ജിബിൻ ബിജു അപ്പോർമറ്റത്തിൽ, ജയ്ഗിരി

**ഉപന്യാസം – Juniors Girls**

I സാന്റാ മരിയ ജോസ് അമ്പാട്ട്, തീക്കോയി
II ലീനു കാരുവേലിൽ പ്ലാശനാൽ
III മരിയറ്റ് റ്റോം കായാമ്മാക്കൽ, ഉള്ളനാട്

**ചെറുകഥ – Juniors Girls**

I ഡിയോണ ആൽബി വെമ്പിൽ, ചെമ്മലമറ്റം
II ജോൺസി ജോസഫ് മറ്റത്തിൽ മന്നാടിയേൽ, കടുത്തുരുത്തി
III നേഘ ജോമോൻ കക്കാട്ടുപിള്ളി, മണ്ണയ്ക്കനാട്

**കവിത - Junior Girls**

I ലീനു കാരുവേലിൽ, പ്ലാശനാൽ

II അന്ന കരോളിൻ ജോർജ്, ഇളംതോട്ടം

III നിവ്യ ട്രീസാ ഷാജി ഉപ്പുമാക്കൽ, മാനത്തൂർ

**ഡ്രോയിംഗ് പെൻസിൽ - Juniors**

I റിജോ മാളിയേക്കൽ, കയ്യൂർ

II മെറിൻ റോയി വെട്ടുകല്ലേൽ, പെരിങ്ങുളം

III ജിന്നാ റോസ് ജെ. മാമ്പള്ളിൽ, കടുത്തുരുത്തി

**ഉപന്യാസം - Senior Boys**

I ബിനിൽ ബെന്നി പുതുമന, പാലാ കത്തീഡ്രൽ

II റിതിൻ റോയി മുളയ്ക്കൽ, ജീയോവാലി

III അലക്സ് ബെന്നി മുണ്ടനാനിക്കൽ, അറുനൂറ്റിമംഗലം

**ചെറുകഥ - Senior Boys**

I സെബാസ്റ്റ്യൻ തോമസ് ആശാരിപറമ്പിൽ, കുറവിലങ്ങാട്

II ക്രിസ്റ്റോം ജസ്റ്റിൻ മൂന്നാനപ്പള്ളിൽ, തിടനാട്

III ജേക്കബ് പ്ലാക്കിയിൽ, കാഞ്ഞിരത്താനം

**കവിത - Senior Boys**

I ജോസുകുട്ടി സെബാസ്റ്റ്യൻ തടത്തിൽ, കാക്കൊമ്പ്

II ജോർജുകുട്ടി ബെന്നി പയ്യപ്പിള്ളിയിൽ, രാമപുരം

III അൽഡസ് ബാസ്റ്റിൻ വാഴക്കുഴയിൽ, പയ്യാനിത്തോട്ടം

**ഉപന്യാസം - Senior Girls**

I ട്രീസാ റ്റോമി പന്തനാനിയിൽ, മീനച്ചിൽ

II അന്ന സിബി തുമ്പികാക്കുഴിയിൽ, കുറവിലങ്ങാട്

III അലീഷാ ജോർജ് പുതിയകുന്നേൽ, കൂട്ടിക്കൽ

**ചെറുകഥ - Senior Girls**

I എലിസബത്ത് പീറ്റർ കുളപ്പള്ളി, കുറവിലങ്ങാട്

II ജസ്ന മാത്യു മടിക്കാങ്കൽ, കാവാലി

III ആഷ്മി റ്റോം വാലുമ്മേൽമലയിൽ, അമനകര

**കവിത - Senior Girls**

I സീനു വി. മനോജ്, നരിയങ്ങാനം

II അനുപ്രിയ ജോജോ വിലങ്ങുപാറയിൽ, കുറവിലങ്ങാട്

III എലിസബത്ത് സാജൻ വളയത്തിൽ, പാലാ കത്തീഡ്രൽ

**ഡ്രോയിംഗ് (പെൻസിൽ) – Senior Girls**

I മരിയ ഷാജി ആവിമൂട്ടിൽ, രാമപുരം

II ജെയ്സ് ജയിംസ് പെരുംപുഴയിൽ, കാവുംകണ്ടം

III അരുൺ ചെറിയാൻ സണ്ണി ചിറയ്ക്കൽ, പൂഞ്ഞാർ

**ഉപന്യാസം – Super Senior Men**

I ബെന്നി അഗസ്റ്റിൻ അഴകനാകുന്നേൽ, ഗാഗുൽത്താ

II സ്റ്റീഫൻ മാനുവൽ കുഴിമറ്റത്തിൽ, ഇടപ്പാടി

III ജോഷി റ്റി. അലക്സ് തുരുത്തിക്കര, അറക്കുളം New

**ചെറുകഥ – Super Senior**

I സിജു തോമസ് കുളക്കാട്ടോലിക്കൽ, കൊണ്ടാട്

II സിബി ചാക്കോ മേടയ്ക്കൽ, ഇളംതോട്ടം

III മനോജ് സെബാസ്റ്റ്യൻ ചിറയാത്ത്, കൈപ്പള്ളി

**കവിത – Super Senior Men**

I സിറിൾ ജോസ് മുഞ്ഞനാട്ട്, തുടങ്ങനാട്

II റ്റോം ജോസ് കളപ്പുരയ്ക്കൽ, മേലുകാവുമറ്റം

III ജോസഫ് കെ.യു. കദളിക്കാട്ടിൽ, അൽഫോൻസാപുരം

**ഉപന്യാസം – Super Senior Women**

I സ്വപ്നാ ജോസഫ് തെങ്ങുംമൂട്ടിൽതെക്കേൽ, അരുവിത്തുറ

II എയ്ഞ്ചൽ പൊന്നു ബേബി നെല്ലിയാങ്കൽ, ഗാഗുൽത്താ

III സാലിമ്മ ജോളി അറയ്ക്കൽ, മാൻവെട്ടം

**ചെറുകഥ – Super Senior Women**

I ഡോണ സിബി ഓലിക്കൽ, പെരിങ്ങുളം

II സെലിൻ റോയി തേക്കുംകാട്ടിൽ, നീറന്താനം

III ജോസ്ന ജോസ് കളപ്പുരയ്ക്കൽ, ചിറ്റാർ

**കവിത – Super Senior Women**

I ലിന്റാ ജോർജ് പുത്തൻപുരയ്ക്കൽ, ഇളംതോട്ടം

II ഷീബാ ബിജു നമ്പ്യറാത്ത്, കുറവിലങ്ങാട്

III ലില്ലിമ്മ ഇല്ലിമൂട്ടിൽ, മുണ്ടാങ്കൽ

## രൂപതാ കലാമത്സരം 2019–2020
## റിസൾട്ട്

### പ്രസംഗം– Infant Boys

I ജോർജി സന്തോഷ് പൂക്കാട്ടേൽ, തിരുമാറാടി
II ജോസഫ് ടോമി പുന്നോലിൽ, കുരുവിനാൽ
III ഓസ്റ്റിൻ ടോമി, മൂന്നിലവ്

### പ്രസംഗം– Infant Girls

I ക്ലെറിൻ മറിയം ജോസഫ് പുലയൻപറമ്പിൽ,മേലുകാവുമറ്റം
II അമലു സോബി പുല്ലാട്ട്, തീക്കോയി
III ഭവ്യാ അജോ വലിയകണ്ടത്തിൽ, ജയ്ഗിരി

### പ്രസംഗം– Sub Junior Boys

I ഗഗൻ ജോഷി നരിതൂക്കിൽ, പൈക
II ജോബിൻ രാജേഷ് മുതുപേഴത്തേൽ, വെള്ളികുളം
III മാർട്ടിൻ സതീഷ് അരീക്കാട്ട്, ഉള്ളനാട്

### പ്രസംഗം– Sub Junior Girls

I ലിൻമേരി അൽഫോൻസാ സ്റ്റീഫൻ കുഴിമറ്റത്തിൽ, ഇടപ്പാടി
II ആൽഫി അഗസ്റ്റിൻ കളപ്പുരക്കൽ, രാമപുരം
III അമൃതാ ജോൺ മൂക്കാംപിള്ളിൽ, കൂത്താട്ടുകുളം

### പ്രസംഗം– Junior Boys

I ജോ ബാസ്റ്റിൻ പുരയിടത്തിൽ, പൈക
II ജോയൽ ജോസ് അതിരക്കുളങ്ങര, പൈക
III ജോസിൻ പേമല, പാലാ കത്തീഡ്രൽ

### പ്രസംഗം– Junior Girls

I ഫിയോണ റോസാ തോമസ് പ്ലാത്തോട്ടം, അരുണാപുരം
II ലീനു കാരുവേലിൽ, പ്ലാശ്ശനാൽ
III ക്യാതെറിൻ മാത്യു മിറ്റത്താനി, കുറവിലങ്ങാട്

### പ്രസംഗം– Senior Boys

I ആകാശ് ജോഷി നരിതൂക്കിൽ, പൈക
II ഡിബിൻ മൂഴയിൽ, പാലാ കത്തീഡ്രൽ
III ജോയൽ വടക്കേകുന്നേൽ, പാലാ കത്തീഡ്രൽ

**പ്രസംഗം- Senior Girls**

I നേഹാ ബെന്നി പുന്നക്കൽ, മണ്ണയ്ക്കനാട്
II സൈനാ സെബാസ്റ്റ്യൻ കട്ടക്കൽ, ഗാഗുൽത്താ
III സാന്ദ്രാ ജോസ് കൈതമന, കാക്കൂർ

**പ്രസംഗം- Super Senior Boys**

I ജിത്തു ജെയിംസ് വൈരമന, മാൻവെട്ടം
II ജോസ് ജെയിംസ് കടത്തലക്കുന്നേൽ, മൂന്നാനി
III ലിജോ ജോർജ് മുക്കത്ത്, കുറവിലങ്ങാട്

**പ്രസംഗം- Super Senior Girls**

I എഞ്ചെൽ സണ്ണി ഓടക്കൽ, പാലാ കത്തീഡ്രൽ
II എമിൽഡാ പുല്ലാട്ട്, പ്ലാശ്ശനാൽ
III സുനു സാജ് പുള്ളിക്കാട്ടിൽ, പ്രവിത്താനം

**ലളിതഗാനം- Infant Boys**

I ദാനിയേൽ റെജി ജോസഫ് കുരിശുംമൂട്ടിൽ, കുറവിലങ്ങാട്
II ക്രിസ്റ്റി സുബാഷ് നടക്കൽ, പാലാക്കാട്
III തോമസ് വർക്കി വടകര, ചെമ്മലമറ്റം

**ലളിതഗാനം- Infant Girls**

I ജിസാ പൊന്തനാമല, മഞ്ഞാമറ്റം
II ഡിവിന്യാ ബിജു കല്ലിടുക്കനാനി, ചേറ്റുതോട്
III ദിയാ ഡേവിസ് കല്ലറയ്ക്കൽ, കാവുംകണ്ടം

**ലളിതഗാനം- Sub Junior Boys**

I ഷോൺ ബിനോയി കോയിക്കൽ, ചേർപ്പുങ്കൽ
II സഞ്ചയ് വി. ഐസൺ വഞ്ചിപുരയ്ക്കൽ, അരുണാപുരം
III അക്ഷൈ ഷാജി എഴുകാമലയിൽ, ഇലഞ്ഞി

**ലളിതഗാനം- Sub Junior Girls**

I ജെർമി ജിനു മണ്ണാപറമ്പിൽ, മൂലമറ്റം
II ഇമാ മരിയ പിണവുകാട്ട്, അന്തീനാട്
III അലീന ആൻമാത്യു തെക്കേചാവേലിൽ, ചേർപ്പുങ്കൽ

**ലളിതഗാനം- Junior Boys**

I ഫിലിപ്പ് സെബാസ്റ്റ്യൻ തണ്ണീർമുക്കത്ത്, വേലനിലം
II അഭിഷേക് ജെമിനി കുടിലിൽ, മണ്ണാറപ്പാറ
III റ്റിലിൻ ബിജോയി കൊച്ചുകരോട്ട്, മൂഴൂർ

**ലളിതഗാനം- Junior Girls**

I എസ്സാ ജോഷി പുരയിടത്തിൽ, ചിറ്റാർ
II നേഹാ മനോജ് വടക്കേൽ, ഇടമറുക്
III ജിയാ ഷീൻ വടക്കേപടവിൽ, മണ്ണക്കനാട്

**ലളിതഗാനം- Senior Boys**

I ജോയൽ ഷീൻ വടക്കേപ്പടവിൽ, മണ്ണക്കനാട്
II ക്രിസ്റ്റോ കരോട്ടുമറ്റപ്പള്ളിൽ, കുറവിലങ്ങാട്
III ഷാരോൺ തോമസ് പന്തമ്മാക്കൽ, തിടനാട്

**ലളിതഗാനം- Senior Girls**

I ബിറ്റി ബാബു, കുടയത്തൂർ
II ഷിൽപാ രാജു കൊട്ടിച്ചേരിയിൽ, രാമപുരം
III മരിയ ജോസഫ് പുതിയാപറമ്പിൽ, പറത്താനം

**ലളിതഗാനം- Super Senior Men**

I റ്റെജിൻ തോമസ് വടക്കേക്കുറ്റ്, പാലാ കത്തീഡ്രൽ
II ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, അരുണാപുരം
III ജോസഫ് സെബാസ്റ്റ്യൻ മൈലാടൂർ, മുണ്ടാങ്കൽ

**ലളിതഗാനം- Super Senior Women**

I മിന്നു ചന്ദനപറമ്പിൽ, മീനച്ചിൽ
II എയ്ഞ്ചൽ മെബി ബേബി നെല്ലിയാങ്കൽ, ഗാഗുൽത്താ
III അഞ്ചലി തൊട്ടിപ്പാട്ട്, പാലാ കത്തീഡ്രൽ

**കഥാപ്രസംഗം-Sub Juniors**

I നിവാ ആൻ ജോബിൻ കിഴക്കേക്കര, വെള്ളിയാമറ്റം
II ഹന്നാ ബിജോ മുഴുവഞ്ചരിൽ, തിടനാട്
III അൽഫോൻസ് സലോമി, ഇലഞ്ഞി

**കഥാപ്രസംഗം- Juniors**

I ആൻമരിയ സിബി പെരുവാച്ചിറ, രാമപുരം
II ഫിയോണാ റോസ് തോമസ് പ്ലാത്തോട്ടം, അരുണാപുരം
III സാന്ദ്രാ തോമസ്ആറ്റുചാലിൽ, തീക്കോയി

**കഥാപ്രസംഗം- Seniors**

I മരിയ മാത്യു പടിഞ്ഞാറെപൊരിയത്ത്, ഭരണങ്ങാനം
II അമലു സോണി കല്ലോലിൽ, മണ്ണക്കനാട്
III അലീന മരിയ തുളുവനാനിക്കൽ, ളാലം Old

**നാടോടിനൃത്തം - Sub Junior Girls**

I റ്റിജാ തോമസ് ഇടക്കാലായിൽ, രാമപുരം
II ഡിയോണ കാവുംവാതുക്കൽ, വാലാച്ചിറ
III അക്സാ ഒണയത്തുംകുഴി, കുറവിലങ്ങാട്

**നാടോടിനൃത്തം – Junior Girls**

I അഞ്ചന തുണ്ടിയിൽ, മുണ്ടാങ്കൽ
II ജൂണാമോൾ സോണി മോനാച്ചേരിൽ, നീലൂർ
III ജിസ്നാ ജോജോ കണ്ണിയത്ത്, വെള്ളിയാമറ്റം

**മിഷൻ ആന്തം**

I എൽനാ ജിൻസ് മുതുകാട്ടിൽ & പാർട്ടി, തീക്കോയി
II ഫിയാ ഡെന്നീസ് മുണ്ടയ്ക്കൽ & പാർട്ടി, മുണ്ടാങ്കൽ
III മരിയ പുതിയാപറമ്പിൽ & പാർട്ടി, സ്ലീവാപുരം

**സമൂഹഗാനം** - Juniors

I എമിൽ കിഴക്കേപറമ്പിൽ & പാർട്ടി, പാലാ കത്തീഡ്രൽ
II ക്രിസ്റ്റി രാജു പടിഞ്ഞാറെപര്യാത്ത് & പാർട്ടി, മുട്ടുച്ചിറ
III റോസ്മിൻ ജിൻസ് മുതുക്കാട്ടിൽ & പാർട്ടി, തീക്കോയി

**രക്ഷാകര വേദകീർത്തനം**

I സാന്ദ്രാ മാത്യു പുഞ്ചത്തലയ്ക്കൽ & പാർട്ടി, മുണ്ടാങ്കൽ
II അജു ബെന്നി കട്ടയ്ക്കൽ & പാർട്ടി, അറക്കുളം New
III അഥീന ജോഷി കുരിശുംമൂട്ടിൽ & പാർട്ടി, രത്നഗിരി

**റമ്പാൻ പാട്ട്**

I മാത്യു ജോ പൈനാപ്പള്ളി & പാർട്ടി, കുറവിലങ്ങാട്
II ഷിൽപാ രാജു കൊട്ടിച്ചേരിൽ & പാർട്ടി, രാമപുരം
III ആൻറിയ ജോഷി പുലയൻപറമ്പിൽ & പാർട്ടി, മേലുകാവുമറ്റം

**സുറിയാനി ഗീതം**

I മരിയ പീറ്റർ തെങ്ങുംപള്ളി & പാർട്ടി, ഭരണങ്ങാനം
II ക്രിസ്റ്റി രാജു പടിഞ്ഞാറെ പര്യാത്ത് & പാർട്ടി, മുട്ടുച്ചിറ
III എമിൽ കിഴക്കേപറമ്പിൽ & പാർട്ടി, പാലാ കത്തീഡ്രൽ

**മാർഗ്ഗംകളി**

I സേറാ മേരി ജോർജ് വട്ടപറമ്പിൽ & പാർട്ടി, കുറവിലങ്ങാട്

II മരിയ ഷാജി ആവിമൂട്ടിൽ & പാർട്ടി, രാമപുരം

III സാന്ദ്രാ ജിജി കൊച്ചെട്ടൊന്നിൽ & പാർട്ടി, ഭരണങ്ങാനം

**പരിചമുട്ടുകളി**

I എബിൻ സജി പുത്തൻകണ്ടത്തിൽ & പാർട്ടി, കുറവിലങ്ങാട്

II അജിത്ത് മാത്യു വട്ടക്കാവുങ്കൽ & പാർട്ടി, ഗാഗുൽത്താ

III ജോയൽ സണ്ണി കുര്യപ്ലാക്കിയിൽ & പാർട്ടി, ഇലഞ്ഞി

**മിഷൻ ക്വിസ് - Junior Boys**

I ആൽബർട്ട് അലക്സ് മഞ്ഞക്കുന്നേൽ, അറക്കുളം New

II തോമസ് ഷാജി മഠത്തിൽ, ഉള്ളനാട്

III കോളിൻ ജിമ്മി പനയ്ക്കപന്തിയിൽ, മാനത്തൂർ

**മിഷൻ ക്വിസ് - Junior Girls**

I സിയ സണ്ണി വാഴപ്പറമ്പിൽ, കയ്യൂർ

II എമി റോസ് തങ്കച്ചൻ കുളപ്പള്ളി, കുറവിലങ്ങാട്

III ലീനു കാരുവേലിൽ, പ്ലാശ്ശനാൽ

**മിഷൻ ക്വിസ് - Senior Boys**

I ഡോൺ സാബു കുരിശുംമൂട്ടിൽ, ചക്കാമ്പുഴ

II സെയിൻ അഗസ്റ്റിൻ കുറ്റിക്കാട്ട്, ജിയോവാലി

III റിൻസ് മാത്യു മിറ്റത്താനിക്കൽ, തീക്കോയി

**മിഷൻ ക്വിസ് - Senior Girls**

I അൽഫോൻസാ ഡെന്നീസ്, സിബിഗിരി

II ജിസ്മി വിൻസെന്റ് മങ്കുഴിച്ചാലിൽ, രാമപുരം

III ആനി എയ്ഞ്ചൽ നിക്ലാവോസ് പുഞ്ചത്തറപ്പിൽ, ഭരണങ്ങാനം

**മിഷൻ ക്വിസ്- Super Senior Men**

I സാബു മണിക്കൊമ്പേൽ, ഉരുളികുന്നം

II അബ്രാഹം ജോസഫ് വടക്കേടത്ത്, മേലുകാവുമറ്റം

III ജോർജ് സാവിയോ പറമ്പുകാട്ടിൽ, ഉരുളികുന്നം

**മിഷൻ ക്വിസ്- Super Senior Women**

I ഷീബ ബിനോയി പള്ളിപ്പറമ്പിൽ, രാമപുരം

II ബിൻസി ഡോളി നടയ്ക്കൽ, ചിറ്റാർ

III ലിജാ ജേക്കബ് പിണക്കാട്ട്, മേലുകാവുമറ്റം

**സൺഡേസ്കൂൾ ആന്തം**

I ജൂഡിറ്റ് ജോജോ വെട്ടിക്കൽ, & പാർട്ടി അരുവിത്തുറ

II എഡ്വിൻ മാത്യു ചിറയ്ക്കൽ & പാർട്ടി തീക്കോയി

III അന്നു മാത്യൂസ് കല്ലറയ്ക്കൽ & പാർട്ടി മുണ്ടാങ്കൽ

**ബൈബിൾ കഥപറച്ചിൽ - Infants**

I ജന്നിഫർ ജെസ് തേക്കുംമറ്റത്തിൽ, തീക്കോയി

II മേരി ജോസഫ് വല്ലടിയിൽ, കുറവിലങ്ങാട്

III എയ്ഞ്ചൽ ട്രീസാ ജോബി മുതുകാട്ടിൽ, തീക്കോയി

**ബൈബിൾ വായന - Sub Junior Boys**

I മാർട്ടിൻ സതീഷ് അരീക്കാട്ട്, ഉള്ളനാട്

II ഡെറിക് മാത്യു കല്ലാനിക്കൽ, മുത്തോലപുരം

III സെബാസ്റ്റ്യൻ ബേബി മഠത്തിപ്പറമ്പിൽ, തീക്കോയി

**ബൈബിൾ വായന - Sub Junior Girls**

I ക്ലാര പുത്തൻപുരയ്ക്കൽ, പാലാ കത്തീഡ്രൽ

II അഭിയ മാത്യു നൂറുമലയിൽ, അടിവാരം

III സ്റ്റെഫി പ്രകാശ് പാലിയക്കുന്നേൽ, തീക്കോയി

**ബൈബിൾ ദൃശ്യാവതരണം**

I ആൽബിൻ ജോർജ് ചീങ്കല്ലേൽ & പാർട്ടി, രാമപുരം

II റിച്ചാർഡ് ജാൻസ് മണിമല & പാർട്ടി, ചേർപ്പുങ്കൽ

III കുര്യൻ കുര്യാക്കോസ് കുന്നേൽ & പാർട്ടി, കുറവിലങ്ങാട്